
www.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക

VOL NO: 01 | ISSUE 30 | 2017 AUG 05 | ₹10

## ഒരേയൊരിന്ത്യ ഒരൊറ്റ ജനത



## വിശ്വാസത്തെ മലിനമാക്കുന്ന സ്വൂഫിസവും സ്വൂഫിസത്തെ താലോലിക്കുന്ന സമസ്തയും

മനോരോഗികൾ മദിക്കുന്ന മഖ്ബറകൾ

WISDOM BOOKS

PUBLISHING ■ DISTRIBUTION

E.K.P. Building, Calicut
web:www.wisdomislam.org
E-mail: publication@wisdomilsam.org
9497714525,9846048393,9895185814

## പുതിയ പുസ്തകങ്ങൾ

1 വിശ്വാസിയുടെ നമസ്കാരം
ഫദ്‌ലുൽ ഹഖ് ഉമരി
പേജ് :126 । വില : 90

2 ഇസ്‌ലാം നിർഭയത്വത്തിന്റെ മതം
പി. എൻ. അബ്ദുറഹ്മാൻ
പേജ് :58 । വില : 40

3 നമസ്കാരത്തിലെ പ്രാർഥനകളും പ്രകീർത്തനങ്ങളും അർഥസഹിതം
ഡോ. ജലാലുൽ ഹഖ് സലഫി
പേജ് :54 । വില : 40

4 റമദാൻ: നാം അറിയേണ്ടതും ചെയ്യേണ്ടതും
അബ്ബാസ് ചെറുതുരുത്തി
പേജ് :48 । വില : 40

5 ക്വുർആൻ പഠന ക്വിസ്
ഡോ. പി. കെ. അബ്ദുറസാഖ് സുല്ലമി
പേജ് : 90 । വില : 70

6 ലാ ഇലാഹ ഇല്ലല്ലാഹ്
ഫദ്‌ലുൽ ഹഖ് ഉമരി
പേജ് :104 । വില : 90

7 ഇസ്‌ലാം അടിസ്ഥാന തത്ത്വങ്ങൾ
ഇമാം അഹ്മദ് (വിവ: മൂസ സ്വലാഹി കാര)
പേജ് :100 । വില : 90

പ്രീ പബ്ലിക്കേഷൻ ആനുകൂല്യം
460 രൂപ വില വരുന്ന 7 പുസ്തകങ്ങൾ 350 രൂപക്ക്

സ്പെഷ്യൽ ഡിസ്കൗണ്ട്
2460 രൂപയുടെ പുസ്തകങ്ങൾ 2000 രൂപക്ക്

നേർപഥം
വാരിക

0030 / 2017 ആഗസ്ത് 05 / 1438 ദുൽകഅദ് 12 / പുസ്തകം 01 / ലക്കം 30




**മുഖമൊഴി**
ആദർശം അടിച്ചേൽപിക്കാനുള്ളതല്ല / 05
എഡിറ്റർ

**ക്വുർആൻ പഠനം**
മരണത്തെ മറക്കാതിരിക്കുക / 09
ശമീർ മദീനി

**ബാലപഥം**
ഐക്യത്തിലാണ് വിജയം / 18
റാഷിദ ബിൻത് ഉസ്മാൻ

**കവിത**
അറിയാമോ? / 19
ഉസ്മാൻ പാലക്കാഴി

**ചരിത്രപഥം**
നൂഹ് നബിﷺ / 20
ഹുസൈൻ സലഫി, ഷാർജ

**ലേഖനങ്ങൾ**
കുടുംബം: അപചയവും പ്രതിവിധിയും / 06
ഹാഷിം കാക്കയങ്ങാട്

പിശുക്ക് / 23
ഫദ്‌ലുൽ ഹഖ് ഉമരി

മാന്യത കൊടുത്തു മാന്യത വാങ്ങുക / 27
പി.എൻ. അബ്ദുല്ലത്വീഫ് മദനി

വിശ്വാസത്തെ മലിനമാക്കുന്ന സ്വൂഫിസവും / 29
അബ്ബാസ് ചെറുതുരുത്തി

**പാരന്റിംഗ്**
തീൻമേശയിലെ സ്വഭാവ വിഭവങ്ങൾ / 25
അശ്റഫ് എകരൂൽ

**നമുക്ക് ചുറ്റും**
മനോരോഗികൾ മദിക്കുന്ന മഖ്ബറകൾ / 34
ഡോ. സി.എം സാബിർ നവാസ്

Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Managing Editor: Nasir Balusseri I Editor: Usman Palakkazhi
Chief Editor: Anil Primrose I Web Editor: Haseeb Elayur I Design & Layout: Elan Creativo
Cover: Riyas K I mail@nerpatham.com I www.nerpatham.com I 0495 4019437

## വായനക്കാർ എഴുതുന്നു




# ജനാധിപത്യസംരക്ഷണത്തിന്റെ അനിവാര്യത

സ്വാതന്ത്ര്യാനന്തര ഭാരതം ഇത്വരെ ദർശിച്ചിട്ടില്ലാത്ത ഏറ്റവും ഭീഷണമായ വെല്ലുവിളികളാണ് മതന്യൂനപക്ഷങ്ങളും മറ്റു പിന്നോക്ക വിഭാഗങ്ങളും നേരിട്ടുകൊണ്ടിരിക്കുന്നത്. പശുവിനെ മാതാവും ദൈവവുമാക്കി മനുഷ്യമനസ്സിൽ പ്രതിഷ്ഠിക്കാനും അത് മറയാക്കി വർഗീയ ഫാസിസ്റ്റു ശക്തികളുടെ നികൃഷ്ടമായ അജണ്ട രാജ്യത്ത് നടപ്പിലാക്കാനുമുള്ള ആസൂത്രിതമായ പരിശ്രമങ്ങളാണ് രാജ്യത്ത് ഇപ്പോൾ നടന്ന് വരുന്നത്. പശുവിന്റെ പേരിൽ രാജ്യത്തെങ്ങും കൊലപാതകങ്ങളും അക്രമങ്ങളും അരങ്ങേറിക്കൊണ്ടിരിക്കുകയാണ്. കൊല്ലപ്പെട്ട മുഹമ്മദ് അഖ്ലാഖും ജുനൈദും അലീമുദ്ദീൻ അൻസാരിയും തുടങ്ങി ഗുജറാത്തിലെ ഊനയിൽ വർഗീയവാദ ഗുണ്ടകളുടെ മർദനമേറ്റ ദളിതുകളും പശുസംരക്ഷകരുടെ അക്രമത്തിനിരയായവരാണ്.

ഇവരുടെയൊക്കെ രക്തത്തുള്ളികൾ ഇന്ത്യൻ ജനാധിപത്യത്തിന്റെ മുഖത്തെ തന്നെയാണ് വികൃതമാക്കിയത്. പശുമാംസം ഭക്ഷിക്കുന്നവനാണെന്നാരോപിച്ച് ആർക്കും ആരെയും എവിടെ വെച്ചും തല്ലിക്കൊല്ലാം എന്ന അവസ്ഥയിലേക്ക് ആൾക്കൂട്ടത്തെ ഉൻമത്തരാക്കി മാറ്റിയിട്ടുണ്ടെങ്കിൽ, രാജ്യം എത്തിച്ചേർന്ന ഒരു വലിയ അപകടത്തിന്റെ സൂചനയാണതെന്നകാര്യം നിസ്തർക്കമാണ്. വിശ്വാസത്തിന്റെ ചിഹ്നങ്ങളേന്തി പുറത്തിറങ്ങാൻ പോലും കഴിയാത്ത മൂകമായ ഭയത്തിന്റെ കരിനിഴലിൽ അകപ്പെട്ടിരിക്കുകയാണ് മുസ്‌ലിം ജനത. സുരക്ഷിതത്വത്തിന്റെ മാളങ്ങൾ തകർത്ത് അരക്ഷിതത്വത്തിന്റെ പുറമ്പോക്കിലേക്ക് വലിച്ചെറിയപ്പെട്ട ജനതയുടെ ആശങ്കയും വേവലാതികളും അങ്ങ് ഉത്തരേന്ത്യയിൽ മാത്രമല്ല ഇങ്ങ് കേരളത്തിൽ പോലും നിഴലിച്ചുവരുന്നു എന്നത് നാം കാണാതിരുന്നുകൂടാ. ഹാദിയാ പ്രശ്നത്തിലെ കോടതിവിധിയും ശംസുദ്ദീൻ പാലത്തിന്റെയും ശശികലയുടെയും പ്രസംഗത്തിന്റെ പേരിൽ കാണിച്ച ഇരട്ടനീതിയുമെല്ലാം അതാണ് സൂചിപ്പിക്കുന്നത്.

ഇവിടെ സലഫീ പ്രസ്ഥാനത്തിന്റെ റോൾ എന്താണ്? രാഷ്ട്രീയത്തിന് മുൻതൂക്കം നൽകി സലഫികളെ വിമർശിക്കുന്ന ജമാഅത്തെ ഇസ്‌ലാമിയുടെ കാഴ്ചപ്പാടിനെ മാറ്റിനിർത്തിയാൽ തന്നെ രാജ്യത്തുണ്ടായിക്കൊണ്ടിരിക്കുന്ന സ്ഫോടനാത്മകമായ കാര്യങ്ങളെ തീരെ കണ്ടില്ലെന്ന് നടിച്ച് മുന്നോട്ട് പോകുന്നതും ആശാസ്യകരമാണെന്ന് കരുതാനാവില്ല. സലഫി പ്രസ്ഥാനത്തിന് അഭിമാനകരമായ ഒരു ചരിത്രപശ്ചാത്തലമുണ്ട്. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരായി പോരാടി നവോത്ഥാനത്തിന് നിറംപകർന്നു എന്നത് മാത്രമല്ല, നാടിന്റെ സ്വാതന്ത്ര്യത്തിന് വേണ്ടി നടന്ന ഐതിഹാസികമായ പോരാട്ടങ്ങളിൽ നേതൃപരമായ പങ്ക് നിർവഹിച്ചവരാണ് സലഫി പ്രസ്ഥാനത്തിന്റെ ആദ്യകാല നേതാക്കൾ. ഇസ്‌ലാമിന്റെ ശരിയായ പാതയിലേക്ക് ജനങ്ങളെ ക്ഷണിക്കുകയും സമുദായത്തിലെ ജീർണതകൾക്കെതിരെ പൊരുതുകയും ചെയ്യുമ്പോൾ തന്നെ മറുഭാഗത്ത് ജനാധിപത്യത്തിനും പുരോഗതിക്കും വേണ്ടിയുള്ള എല്ലാ ശ്രമങ്ങളിലും സലഫി പ്രസ്ഥാനത്തിന്റെ പങ്കാളിത്തവും നേതൃത്വവും ചരിത്രത്തിൽ സ്ഥാനം പിടിച്ചവയാണ്. പരലോക വിജയമാണ് ആത്യന്തിക ലക്ഷ്യമെന്ന കാര്യം മറന്നുകൊണ്ടല്ല ഇത്തരത്തിൽ ആദ്യകാല സലഫി നേതാക്കൾ പ്രവർത്തിച്ചത് എന്നത് നാം ഓർക്കണം. സമാധാനത്തിന്റെ മതമായ ഇസ്‌ലാമിന്റെ സന്ദേശം ജനങ്ങൾക്കിടയിൽ എത്തിക്കുന്നതിനും ഭൗതികാന്തരീക്ഷം സമാധാനപരമായിരിക്കേണ്ടതുണ്ട്. നിർഭാഗ്യവശാൽ ശാന്തിയുടെ അന്തരീക്ഷത്തിനുപകരം സംഘർഷത്തിന്റെ തീനാളങ്ങൾക്ക് തിരികൊളുത്താൻ ബോധപൂർവമായ ശ്രമങ്ങളാണിവിടെ നടക്കുന്നത്.

ലോകത്തിന്റെ പല ഭാഗങ്ങളിലും നടന്ന തീവ്രവാദ ആക്രമണങ്ങളിലെ പ്രതികൾ മുസ്‌ലിം പേരുകളുള്ളവരായതിനാൽ ഇത്തരക്കാർക്ക് അത് ഒരു ആയുധമായി ഉപയോഗിക്കാൻ കഴിയുന്നു. ഒറ്റപ്പെട്ട ചിലരെങ്കിലും ആത്മീയ തീവ്രവാദത്തിലകപ്പെട്ട് ജനാധിപത്യം കുഫ്റാണെന്നും ഇന്ത്യയെപ്പോലുള്ള ഒരു രാജ്യത്ത് ജീവിക്കാൻ പോലും കഴിയില്ലെന്നും മറ്റും പ്രസംഗിക്കുകയും നാടുവിടുകയും ചെയ്ത സംഭവം ഇസ്‌ലാമിന്റെ ശത്രുക്കൾക്ക് അടിക്കാനുള്ള വടി ഒരുക്കിക്കൊടുക്കുന്ന പ്രവർത്തനമാണ്. ചുരുക്കത്തിൽ മാന്യമായ സംവാദങ്ങൾക്കും പ്രബോധനപ്രവർത്തനങ്ങൾക്കും മേലെ വിലങ്ങുകളും വിലക്കുകളും മു

(ശേഷം പേജ് 22ൽ)

മുഖമൊഴി

# ആദർശം അടിച്ചേൽപിക്കാനുള്ളതല്ല

മതങ്ങൾ എന്നത് കുറെ ആളുകൾ ദൈവത്തിന്റെ പേരിൽ വിശ്വാസങ്ങളും അന്ധവിശ്വാസങ്ങളും സ്വയംകൃതവും അല്ലാത്തതുമായ കർമങ്ങളും അനുഷ്ഠാനങ്ങളുമെല്ലാം കൂട്ടിക്കുഴച്ച് വിവിധ തലങ്ങളിലും തട്ടുകളിലുമായി കൊണ്ടുനടക്കുന്ന ഒരു ഏർപാടാണ് എന്നാണ് പൊതുവെ കാണപ്പെടുകയും മനസ്സിലാക്കപ്പെടുകയും ചെയ്തിട്ടുള്ളത്. എല്ലാ മതവിഭാഗങ്ങളെയും പോലെ അന്ധവിശ്വാസങ്ങളിൽ നിന്നും അനാചാരങ്ങളിൽനിന്നും മുസ്‌ലിം സമുദായവും മുക്തമല്ല എന്നത് വസ്തുതയാണ്. എന്നാൽ ഇസ്‌ലാമിക പ്രമാണങ്ങളിൽ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും യാതൊരു പഴുതുമില്ല. എന്ന് മാത്രമല്ല അവയ്‌ക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കുവാനാണ് ഇസ്‌ലാമിക പ്രമാണങ്ങൾ പഠിപ്പിക്കുന്നത്.

മനുഷ്യന്റെ സൃഷ്ടി പ്രകൃതിയുടെ സകലമാന പ്രത്യേകതകളും പരിഗണിച്ചുകൊണ്ടാണെന്ന് ചിന്തിക്കുന്നവർക്ക് ബോധ്യമാകും. തന്നെ ഒരു ഉത്തമ പൗരനാക്കുന്ന, ആത്യന്തിക വിജയത്തിന് നയിക്കുന്ന ഒരു മാർഗനിർദേശത്തെക്കുറിച്ചുള്ള ചിന്തയും അന്വേഷണവുമാണ് മനുഷ്യനിൽനിന്നുണ്ടാകേണ്ടത്. മനുഷ്യന്റെ മാനസിക-ശാരീരിക അവസ്ഥകളെക്കുറിച്ചും ആവാസ വ്യവസ്ഥയെക്കുറിച്ചുമെല്ലാം നന്നായി അറിയുക അവന്റെ സ്രഷ്ടാവിനായിരിക്കുമല്ലോ. സർവശക്തനും സർവാധീശനുമായ ഒരുവന് മാത്രമെ മേൽപറഞ്ഞ രൂപത്തിലുള്ള അന്യൂനമായ മാർഗദർശനം നൽകാൻ കഴിയൂ എന്നതിൽ സംശയമില്ല. ആ മാർഗദർശനത്തിനാണ് ഇസ്‌ലാം എന്ന് പറയുന്നത്.

മനുഷ്യൻ സംസ്‌കൃതനാകുവാനും ഇഹപര വിജയത്തിന് അർഹനാകുവാനുമുള്ള ദൈവിക മാർഗദർശനമാണ് ഇസ്‌ലാം എന്നർഥം. മനുഷ്യവാസമുണ്ടായ ഭൂപ്രദേശങ്ങളിലെല്ലാം ദൈവിക കൽപന പ്രകാരം അവനെ മാത്രം ആരാധിച്ച് ജീവിക്കുവാനുള്ള ഉദ്‌ബോധനങ്ങളുമായി പ്രവാചകന്മാർ അയക്കപ്പെട്ടിട്ടുണ്ടെന്ന് വിശുദ്ധ ക്വുർആൻ വ്യക്തമാക്കിയതായി കാണാം:

"...എല്ലാ ജനവിഭാഗത്തിനുമുണ്ട് ഒരു മാർഗദർശി"(13:7). "ഓരോ സമൂഹത്തിനും ഓരോ ദൂതനുണ്ട്..."(10:47).

വിവിധ നാടുകളിലേക്കും വ്യത്യസ്ത ജനവിഭാഗങ്ങളിലേക്കുമാണ് പ്രവാചകന്മാർ നിയോഗിതരായതെങ്കിലും അവരുടെ പ്രബോധനത്തിന്റെ അടിസ്ഥാനശിലകൾ ഒന്നുതന്നെയായിരുന്നു. സ്രഷ്ടാവും സംരക്ഷകനും മരിപ്പിക്കുന്നവനും ഏകനായ അല്ലാഹു മാത്രമാണ്. അവൻ മാത്രമാണ് ആരാധനകൾ അർഹിക്കുന്നത്. അവനോട് മാത്രമെ പ്രാർഥിക്കാവൂ. മരണത്തോടെ ജീവിതം അവസാനിക്കുന്നില്ല. ലോകം ഒരുനാൾ അവസാനിക്കും. പുനരുദ്ധാരണത്തിന് ശേഷം വിചാരണ ചെയ്യപ്പെടും. സത്യവിശ്വാസം സ്വീകരിച്ച് സൽകർമങ്ങൾ ചെയ്ത് ജീവിച്ചവർക്ക് ശാശ്വത സ്വർഗജീവിതം പ്രതിഫലമായി ലഭിക്കും. അല്ലാത്തവർ നരക ശിക്ഷക്ക് വിധേയരാകും. ഇത് എല്ലാ പ്രവാചകന്മാരും പഠിപ്പിച്ച ആദർശമാണ്.

അല്ലാഹു പറയുന്നു: "...മതകാര്യത്തിൽ യാതൊരു പ്രയാസവും നിങ്ങളുടെമേൽ അവൻ ചുമത്തിയിട്ടില്ല. നിങ്ങളുടെ പിതാവായ ഇബ്‌റാഹീമിന്റെ മാർഗമത്രെ അത്. മുമ്പും (മുൻവേദങ്ങളിലും) ഇതിലും (ഈ വേദത്തിലും) അവൻ (അല്ലാഹു) നിങ്ങൾക്ക് മുസ്‌ലിംകളെന്ന് പേര് നൽകിയിരിക്കുന്നു. റസൂൽ നിങ്ങൾക്ക് സാക്ഷിയായിരിക്കുവാനും നിങ്ങൾ ജനങ്ങൾക്ക് സാക്ഷികളായിരിക്കുവാനും വേണ്ടി..." (ക്വുർആൻ 22:78).

ഈ സാക്ഷീകരണത്തിന്റെ ഭാഗം കൂടിയാണ് ഇസ്‌ലാമിക പ്രബോധനം. പ്രമാണങ്ങൾ നേർക്കുനേരെ വിശദമാക്കിക്കൊടുക്കുക എന്നതാണ് പ്രബോധകന്റെ കടമ. ആദർശം ആരെയും അടിച്ചേൽപിക്കുവാൻ ഇസ്‌ലാം പറയുന്നില്ല. പ്രവാചകനോടായി അല്ലാഹു പറയുന്നു: "പറയുക: സത്യം നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ളതാകുന്നു. അതിനാൽ ഇഷ്ടമുള്ളവർ വിശ്വസിക്കട്ടെ. ഇഷ്ടമുള്ളവർ അവിശ്വസിക്കട്ടെ" (18:29).

"മതത്തിന്റെ കാര്യത്തിൽ ബലപ്രയോഗമേ ഇല്ല. സൻമാർഗം ദുർമാർഗത്തിൽ നിന്ന് വ്യക്തമായി വേർതിരിഞ്ഞ് കഴിഞ്ഞിരിക്കുന്നു. ആകയാൽ ഏതൊരാൾ ദുർമൂർത്തികളെ അവിശ്വസിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ അവൻ പിടിച്ചിട്ടുള്ളത് ബലമുള്ള ഒരു കയറിലാകുന്നു. അത് പൊട്ടിപ്പോകുകയേ ഇല്ല. അല്ലാഹു (എല്ലാം) കേൾക്കുന്നവനും അറിയുന്നവനുമാകുന്നു" (2:256). ●



ഹാഷിം കാക്കയങ്ങാട്
hashimvampan@gmail.com

# കുടുംബം: അപചയവും പ്രതിവിധിയും

**മാ**താപിതാക്കളും മക്കളും തമ്മിലുള്ള ബന്ധത്തിൽ പേടിപ്പെടുത്തുന്ന രീതിയിലുള്ള വിള്ളൽ വീണ് തുടങ്ങിയെന്ന വാർത്തകളാണ് ദിനംപ്രതി നാം കേട്ടുകൊണ്ടിരിക്കുന്നത്. തന്നെ താനാക്കി മാറ്റുന്നതിന് ജീവിതത്തിന്റെ സിംഹഭാഗവും ബലികഴിച്ച മാതാപിതാക്കളോട് യാതൊരു കടമയും കടപ്പാടുമില്ലാത്ത രീതിയിലാണ് പല മക്കളും മുന്നോട്ട് കുതിക്കുന്നത്.

ആറ്റ് നോറ്റ് വളർത്തിയ മക്കൾ എല്ലാ പ്രതീക്ഷകളും തല്ലിക്കെടുത്തി രക്ഷിതാക്കളുടെ ഇടനെഞ്ചിൽ തീക്കനൽ കോരിയിട്ടുകൊണ്ട് ജീവിക്കുന്ന വേദനിപ്പിക്കുന്ന കാഴ്ചകൾ നാം നിത്യവും കാണുകയും കേൾക്കുകയും ചെയ്യുന്നു. മാതാപിതാക്കളുടെയും ബന്ധുമിത്രാദികളുടെയും നെഞ്ച് പൊട്ടിയുള്ള കരച്ചിലുകൾക്ക് യാതാരു വിലയും കൽപിക്കാതെ ഈയിടെ ബസ് സ്റ്റോപ്പിൽ വച്ച് പരിചയപ്പെട്ട ചെറുപ്പക്കാരന്റെ കൂടെ ഇറങ്ങിപ്പോകാൻ സന്നദ്ധരാകുന്ന പെൺകുട്ടികൾ നൽകുന്ന സന്ദേശം അത്യാപത്തിന്റേതാണ്. പെൺകുട്ടികൾ കപട സ്നേഹത്തിന്റെയും പ്രേമത്തിന്റെയും വലക്കണ്ണികളിൽ കുരുങ്ങി സർവവും ഉപേക്ഷിച്ച് ഇറങ്ങിപ്പോകുന്നതാണ് പ്രശ്നമെങ്കിൽ ആൺമക്കളുടെ കാര്യം അതിലേറെ  അലോസരപ്പെടുത്തുന്നതാണ്. കൗമാരത്തിന്റെ പടവുകൾ പിന്നിടുന്നതിന് മുമ്പ് തന്നെ മയക്ക് മരുന്നിനും ലൈംഗിക വൈകൃതങ്ങൾക്കും അടിമപ്പെടുകയാണ് ആൺകുട്ടികൽ വലിയൊരു വിഭാഗം. നാടിനെയും സമൂഹത്തെയും ഭാവിയിൽ നയിക്കേണ്ടവർ ലഹരി നുണഞ്ഞ് കുഴഞ്ഞ് പോകുമ്പോൾ അതിന്റെ പാപഭാരം ആരിലെങ്കിലും ചാർത്തി രക്ഷപ്പെടാനാണ് പലരും ശ്രമിക്കുന്നത്.

ഈ വിഷയങ്ങളിൽ ചില തിരിഞ്ഞ് നോട്ടങ്ങളും ആത്മവിമർശനങ്ങളും നാം നടത്തിയില്ലെങ്കിൽ നമ്മുടെ വീടിന്റെ അകത്തളങ്ങളിലും അസ്വസ്ഥതകളുടെ കരിമ്പുക ഉയരുമെന്നുറപ്പാണ്.

**മക്കൾ പരീക്ഷണവും അലങ്കാരവുമാണ്**

വിവാഹം കഴിഞ്ഞ് വർഷങ്ങളായിട്ടും ഒരു കുഞ്ഞിക്കാൽ കാണുകയെന്നത് വെറും സ്വപനം മാത്രമായി അവശേഷിക്കുന്ന ധാരാളം ദമ്പതിമാർ നമുക്ക് ചുറ്റുമുണ്ട്. ഒട്ടേറെ ഡോക്ടർമാരെ കാണിച്ചു. പലവിധ ചികിത്സകളും നടത്തി. ദമ്പതികൾ ഇരുവർക്കും യാതൊരു കുഴപ്പവും കാണുകയുമില്ല. പക്ഷേ കുട്ടികൾ ഉണ്ടാകുന്നുമില്ല. ചിലരിൽ കുഴപ്പങ്ങളുണ്ട്. അല്ലാഹുവിന്റെ ചില വചനങ്ങൾ അത്തരമാളുകൾക്ക് സമാധാനം നൽകുന്നു:

“അല്ലാഹുവിന്നാകുന്നു ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം. അവൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പെൺമക്കളെ പ്രദാനം ചെയ്യുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് ആൺമക്കളെയും പ്രദാനം ചെയ്യുന്നു. അല്ലെങ്കിൽ അവർക്ക് അവൻ ആൺമക്കളെയും പെൺമക്കളെയും ഇടകലർത്തികൊടുക്കുന്നു. അവൻ ഉദ്ദേശിക്കുന്നവരെ അവൻ വന്ധ്യരാക്കുകയും ചെയ്യുന്നു. തീർച്ചയായും അവൻ സർവജ്ഞനും സർവശക്തനുമാകുന്നു” (ക്വുർആൻ 42:49,50).

മക്കളുണ്ടാകുന്നതിൽ അല്ലാഹുവല്ലാത്ത ഒന്നിനും യാതൊരു പങ്കുമില്ല. പലരുടെയും വിശ്വാസത്തിൽ പുഴുക്കുത്ത് വീഴുന്ന മേഖലയാണ് മക്കളില്ലാതെ പരീക്ഷിക്കപ്പെടൽ എന്നത് കൂടി ഇതോടൊപ്പം ചേർത്ത് വായിക്കേണ്ടതുണ്ട്. സിദ്ധന്മാരും ഭാവി പ്രവചനക്കാരും പാമര ജനങ്ങളെ ചൂഷണം ചെയ്ത് തടിച്ചുകൊഴുക്കുന്നു. തങ്ങളുടെ ഇഹപര നഷ്ടങ്ങളെക്കുറിച്ച് ചൂഷണം ചെയ്യപ്പെടുന്നവർ ഓർക്കുന്നുമില്ല. മക്കളില്ലാതെ പരീക്ഷിക്കപ്പെട്ട ഇബ്റാഹീം(عليه السلام), സകരിയ്യാ(عليه السلام) എന്നിവരുടെ ചരിത്രം അല്ലാഹു നമ്മെ പഠിപ്പിക്കുന്നതിൽ നമുക്ക് ഗുണപാഠമുണ്ടെന്ന് സമൂഹത്തെ ബോധ്യപ്പെടുത്തേണ്ടത് അറിവുള്ളവരുടെ കടമയാണ്.

മക്കളെ ലഭിച്ചവർ അതിന് അല്ലാഹുവോട് അങ്ങേയറ്റം നന്ദി കാണിക്കേണ്ടതുണ്ട്. ഭൗതികതയുടെ അതിപ്രസരത്തിൽ പലരും മറന്ന് പോവുകയും അലസരാവുകയും ചെയ്യുന്ന കാര്യമാണിത്. മറ്റ് പലർക്കും ലഭിക്കാത്ത സൗഭാഗ്യമാണ് തങ്ങൾക്ക് ലഭിച്ചിരിക്കുന്നത് എന്ന ഓർമ സന്താനങ്ങളുള്ളവർക്ക് എപ്പോഴുമുണ്ടാകണം. എന്തൊക്കെ പ്രയാസങ്ങളുമായിട്ടാണ് വീട്ടിലേക്ക് കയറിച്ചെല്ലുന്നതെങ്കിലും പൊന്നോമനകളുടെ മുഖം കാണുന്നതോട് കൂടി എല്ലാം നാം മറക്കുന്നു. അവരെ ഓമനിച്ച്, അവരോടൊപ്പം കളിച്ച് രസിക്കുമ്പോൾ നമുക്കുണ്ടാകേണ്ട ബോധം ബാല്യ-കൗമാരങ്ങൾ കഴിയുന്നതോട് കൂടി കെട്ട് പോകാൻ പാടില്ല ഈ സന്തോഷം എന്നതായിരിക്കണം.

സന്താനങ്ങളെക്കുറിച്ച് ക്വുർആനിൽ അല്ലാഹു പറയുന്നു: “സമ്പത്തും സന്താനങ്ങളും ഐഹികജീവിതത്തിന്റെ അലങ്കാരങ്ങളാകുന്നു...” (18:46).

ഈ അലങ്കാരത്തിന്റെ ഭംഗിയും ശോഭയും നശിക്കാതെ സൂക്ഷിക്കേണ്ടത് നമ്മളോരോരുത്തരുടെയും ബാധ്യതയാണ്. അതല്ലെങ്കിൽ നമുക്ക് പരീക്ഷണങ്ങളും വേദനകളും സമ്മാനിക്കുന്നവരായി അവർ മാറും. മക്കളുമായി ബന്ധപ്പെട്ട വർത്തമാനകാല പ്രതിസന്ധികളുടെ മൂലകാരണം നമ്മുടെ ശ്രദ്ധയില്ലായ്മയും സൂക്ഷ്മതക്കുറവും തന്നെയാണെന്ന് അനുഭവം നമ്മെ പഠിപ്പിക്കുന്നു.

**മക്കൾ അമാനത്താണ്**

പ്രവാചകൻ(ﷺ) പറഞ്ഞു: “നിങ്ങളോരോരുത്തരും കൈകാര്യകർത്താക്കളാകുന്നു. നിങ്ങളുടെ കീഴിൽ കൈകാര്യകർതൃത്വം ഏൽപിക്കപ്പെട്ടവരെ കുറിച്ച് നിങ്ങൾ മുഴുവൻ ചോദ്യം ചെയ്യപ്പെടുകയും ചെയ്യും. പുരുഷൻ തന്റെ വീട്ടിലെ കൈകാര്യകർത്താവാകുന്നു. അവന്ന് കീഴിലുള്ളവരെ കുറിച്ച് അവൻ ചോദ്യം ചെയ്യപ്പെടും. സ്ത്രീ അവളുടെ ഭർത്താവിന്റെ വീട്ടിലെ കൈകാര്യകർത്താവാകുന്നു. അവൾക്ക് കീഴിലുള്ളവരെ കുറിച്ച് അവളും ചോദ്യം ചെയ്യപ്പെടും”(ബുഖാരി, മുസ്‌ലിം).

ഓരോരുത്തരും നിർവഹിക്കേണ്ട ഉത്തരവാദിത്തത്തെക്കുറിച്ച് ഓർമിപ്പിക്കാൻ ഇതിലും നല്ലൊരു വചനം ആവശ്യമില്ല.

മക്കളുടെ വിഷയത്തിൽ നാം ജാഗ്രത പുലർത്തിയില്ലെങ്കിൽ നമ്മുടെ ജീവിതം താളം തെറ്റുമെന്നുറപ്പാണ്. മക്കൾ അലങ്കാരവും സന്തോഷവുമാണെന്ന് പറയുമ്പോൾ, അത് മനസ്സിലാക്കു

**മക്കളുണ്ടാകുന്നതിൽ അല്ലാഹുവല്ലാത്ത ഒന്നിനും യാതൊരു പങ്കുമില്ല. പലരുടെയും വിശ്വാസത്തിൽ പുഴുക്കുത്ത് വീഴുന്ന മേഖലയാണ് മക്കളില്ലാതെ പരീക്ഷിക്കപ്പെടൽ എന്നത് കൂടി ഇതോടൊപ്പം ചേർത്ത് വായിക്കേണ്ടതുണ്ട്. സിദ്ധന്മാരും ഭാവി പ്രവചനക്കാരും പാമര ജനങ്ങളെ ചൂഷണം ചെയ്ത് തടിച്ചുകൊഴുക്കുന്നു. തങ്ങളുടെ ഇഹപര നഷ്ടങ്ങളെക്കുറിച്ച് ചൂഷണം ചെയ്യപ്പെടുന്നവർ ഓർക്കുന്നുമില്ല.**





ന്നതിൽ വന്ന പിഴവാണ് പല കുടുംബങ്ങളിലും തീരാദുഃഖത്തിന്റെ കരിനിഴൽ വീഴ്ത്തിയതെന്ന് അവരുടെ ചരിത്രം പഠിച്ചാൽ മനസ്സിലാകും

**സ്നേഹിക്കണം, ലാളിച്ച് വഷളാക്കരുത്!**

മക്കൾ ചോദിക്കുന്നതെല്ലാം വാങ്ങിക്കൊടുക്കുകയും നല്ല ഭക്ഷണവും വസ്ത്രവും നൽകുകയും ചെയ്യലിൽ ഒതുങ്ങുന്നു അവരോടുള്ള സ്നേഹം എന്നാണ് പലരും ധരിച്ച് വച്ചിരിക്കുന്നത്.

ചില തിരുത്തലുകളും കരുതലുകളും ഈ വിഷയത്തിൽ നാം എടുത്തേ തീരൂ.

**ധാർമിക വിദ്യാഭ്യാസം നഷ്ടപ്പെട്ടത് പ്രധാന വിപത്ത്**

ഭൗതിക വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ നാം നൽകുന്ന ശ്രദ്ധയും അവരുടെ ഇഹ പരജീവിതത്തിന്റെ വിജയപരാജയങ്ങൾ നിർണയിക്കുന്നതിൽ മുഖ്യപങ്ക് വഹിക്കുന്ന മദ്റസ- മതവിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ നമുക്കുള്ള ശ്രദ്ധയും ഈയവസരത്തിൽ ഒന്ന് താരതമ്യം ചെയ്യുന്നത് നന്നായിരിക്കും. മൂന്ന്  വയസ്സിൽ പ്രീ സ്കൂൾ മുതൽ ആരംഭിക്കുന്നു നമ്മുടെ ഇപ്പോഴത്തെ ഭൗതിക വിദ്യാഭ്യാസം. അത വസാനിക്കുന്നതാകട്ടെ മിക്കവാറും അവന്റെ/അവളുടെ 23ാമത്തെ വയസ്സിലാണ്. അതിനുശേഷവും പഠനം തുടരുന്നവരുണ്ട്. ഒരു വർഷത്തിൽ ഏകദേശം 1200 മണിക്കൂർ വച്ച് ഈ കാലയളവിൽ 20400 മണിക്കൂർ അവർ ഭൗതിക വിദ്യാഭ്യാസത്തിന് വേണ്ടി ചെലവഴിക്കുന്നു. എന്നാൽ ജീവിതം മുഴുവൻ നേർപഥത്തിലൂടെ സഞ്ചരിക്കാൻ അവനെ/അവളെ പ്രാപ്തരാക്കേണ്ട ധാർമിക വിദ്യാഭ്യാസത്തിന് രക്ഷിതാക്കൾ നൽകുന്ന പ്രാധാന്യം എത്രമാത്രമുണ്ടെന്ന് പരിശോധിച്ചാൽ നമുക്ക് തന്നെ കുറച്ചിലനുഭവപ്പെടും. ആഴ്ചയിൽ 8-9 മണിക്കൂർ വച്ച് ഒരു വർഷം ഏതാണ്ട് 360 മണിക്കൂർ. കൃത്യമായി കുട്ടികളെ പറഞ്ഞയക്കുന്നവർക്കേ അത്രയും സമയം കിട്ടൂ. ഭൗതിക വിദ്യാഭ്യാസം കുട്ടികൾക്ക് നൽകുന്നതിനെ എതിർക്കുകയല്ല; പലരും പല കാരണങ്ങൾ പറഞ്ഞ് ആ മേഖലയിൽ പുറം തിരിഞ്ഞ് നിന്നപ്പോൾ രക്ഷിതാക്കളെയും കുട്ടികളെയും ബോധവൽകരിക്കാൻ മുന്നിൽ നടന്ന നവോത്ഥാന നായകരുടെ പിൻതലമുറക്ക് അതിന് കഴിയുകയില്ല.

ഭൗതിക സാഹചര്യങ്ങളിൽ വൻ കുതിച്ചുചാട്ടം ഉണ്ടായതോട് കൂടി നമ്മുടെ മത വിദ്യാഭ്യാസത്തിന്റെ ഗ്രാഫ് കുത്തനെ താഴുന്നതാണ് നാം കണ്ടത്. ഒരുപാട് മദ്റസകൾ ഉണ്ടായെങ്കിലും പഠന നിലവാരവും സമയവും കുറഞ്ഞു. അഞ്ചാം ക്ലാസിനപ്പുറം പലർക്കും മദ്റസ ഒരു അജണ്ടയേ അല്ലാതായി മാറി. എന്ന് മാത്രമല്ല അതൊരു കുറച്ചിലായി അനുഭവപ്പെടുന്നവർ പോലും വളർന്നുവന്നു. കുട്ടിയുടെ വളർച്ചാ ഘട്ടത്തിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് 13 വയസ്സ് മുതൽ 20 വരെയുള്ള കാലയളവ്. അവരുടെ ഭാവി തീരുമാനിക്കുന്നതിൽ ഈ ഏഴ് വർഷങ്ങൾക്കുള്ള പങ്ക് അനിഷേധ്യമാണ്. വഴിതെറ്റാനും നന്നാവാനും ഒക്കെ സാധ്യതയുള്ള പ്രായം. ആ സമയത്താണ് അവർക്ക് ഏറ്റവും കൂടുതൽ ധാർമികത പകർന്ന് നൽകേണ്ടത്. പക്ഷേ, ആറാം വയസ്സിൽ ഒന്നാം ക്ലാസിൽ ചേരുന്ന നമ്മുടെ മക്കൾ പതിനൊന്നോ പന്ത്രണ്ടോ വയസ്സാകുമ്പോഴേക്കും മദ്റസയോട് വിട പറഞ്ഞിട്ടുണ്ടാകും. പിന്നീടവർ വിഹരിക്കുന്നത് തീർത്തും ഭൗതികാസ്വാദനങ്ങളുടെ മേഖലകളിലാണ്. കൂട്ടുകെട്ട് അൽപമൊന്ന് പിഴച്ചാൽ പിന്നീടൊരിക്കലും തിരിച്ചുകിട്ടാത്ത വിധം അവർ നമുക്ക് നഷ്ടപ്പെടും എന്നതിന് ഉദാഹരണങ്ങൾ അനവധിയാണ്.

ഹൈസ്കൂൾ പ്രായത്തിലുള്ള  വിദ്യാർഥികളെ ലക്ഷ്യമിട്ട് മയക്ക് മരുന്ന് മാഫിയകൾ വലവിരിച്ചതിന്റെ ഞെട്ടിപ്പിക്കുന്ന കണക്കുകൾ നാം വായിച്ചിട്ട് അധികനാളുകളായിട്ടില്ല. പലപ്പോഴും വീട്ടുകാർ അറിയുമ്പോഴേക്ക് തീർത്തും പിടിവിട്ട അവസ്ഥയിലായിരിക്കും കുട്ടി. ആശുപത്രികളും കൗൺസിലിംഗ് സെന്ററുകളും മാറി മാറി കയറിയിറങ്ങി സാധാരണ നിലയിലേക്കെത്തുമ്പോഴേക്കും അവന്റെ ജീവിതത്തിലെ സുപ്രധാനമായ വർഷങ്ങൾ നഷ്ടപ്പെട്ടിരിക്കുകയും ചെയ്യും.

ആൺകുട്ടികളെ വൃത്തികെട്ട സ്വവർഗ ലൈംഗികതയ്ക്ക് ഉപയോഗിച്ച് അവരുടെ ജീവിതം താറുമാറാക്കുന്ന മറ്റൊരു ഭീഷണിയും ഈയടുത്ത കാലത്തായി ക്രമാതീതമായി വർധിച്ച് വന്നിട്ടുണ്ട്.

**(അവസാനിച്ചില്ല)**

ശമീർ മദീനി
shameermadeeni@gmail.com

ക്വുർആൻ പഠനം

# മരണത്തെ മറക്കാതിരിക്കുക

**"(നബിയേ) പറയുക: തീർച്ചയായും ഏതൊരു മരണത്തിൽനിന്ന് നിങ്ങൾ ഓടിയകലുന്നുവോ തീർച്ചയായും അത് നിങ്ങളുമായി കണ്ടുമുട്ടുന്നതാണ്. പിന്നീട് മറഞ്ഞതും തെളിഞ്ഞതും അറിയുന്നവന്റെ അടുക്കലേക്ക് നിങ്ങൾ മടക്കപ്പെടുകയും ചെയ്യും. അപ്പോൾ നിങ്ങൾ പ്രവർത്തിച്ചു കൊണ്ടിരുന്നതിനെപ്പറ്റി അവൻ നിങ്ങളെ വിവരമറിയിക്കുന്നതാണ്" (ക്വുർആൻ 62: 8)**

**ച**രമ വാർത്തകൾക്കായി പത്രങ്ങൾ പ്രത്യേക സ്ഥലം നീക്കിവെച്ചിട്ടുള്ളതായി നാം കാണുന്നു. പത്രം കയ്യിൽ കിട്ടിയാൽ ആദ്യം ആ പേജ് വായിക്കുവാൻ തിടുക്കം കാണിക്കുന്നവർ ധാരാളമുണ്ട്. നിത്യേന പ്രത്യക്ഷപ്പെടാറുള്ള നീണ്ട ചരമ വാർത്തകളിൽ പ്രായവ്യത്യാസമന്യെ എല്ലാ തരക്കാരുമുണ്ട്. പല മോഹങ്ങളും ബാക്കിവെച്ച് യാത്രയായവർ. വിവാഹ തീയതി നിശ്ചയിച്ച് കാത്തിരുന്നവർ, പുരപ്പണി പൂർത്തിയാക്കി മാറിത്താമസിക്കാൻ തയ്യാറെടുത്തവർ. ഭേദപ്പെട്ട ജോലിയിൽ പ്രവേശിക്കാൻ യാത്രതിരിച്ചവർ... അങ്ങനെ നിരവധി.

ഇതുപോലെ ഇന്നോ നാളെയോ ഞാനും മയ്യിത്തുകട്ടിലാകുന്ന വാഹനത്തിൽ യാത്ര പോകേണ്ടവനാണല്ലോ എന്ന ചിന്ത നല്ലതാണ്.

സൃഷ്ടിപ്പിന്റെ ഓരോ ഘട്ടവും എടുത്തുപറഞ്ഞ ശേഷം വിശുദ്ധ ക്വുർആൻ മരണത്തെക്കുറിച്ച് പറയുന്നത് കാണുക: "പിന്നെ, തീർച്ചയായും നിങ്ങൾ അതിനുശേഷം മരിക്കുന്നവർ തന്നെയാണ്"(23:15).

നിത്യേന കണ്ടുകൊണ്ടിരിക്കുന്ന ഒരു യാഥാർഥ്യം ഇത്രയും ഉറപ്പിച്ച് ഇങ്ങനെ പറഞ്ഞതെന്തിന് എന്ന് ചിന്തിക്കുമ്പോൾ, മരണത്തെക്കുറിച്ചുള്ള മനുഷ്യന്റെ അശ്രദ്ധയും ഇഹലോകത്ത് ശാശ്വത വാസിയെന്ന ധാരണയിൽ അവൻ ചെയ്തുകൂട്ടുന്ന തും ഓർമിപ്പിക്കാൻ ശക്തമായ ഉണർത്തൽതന്നെ അനിവാര്യമാണ് എന്നാണ് ബോധ്യപ്പെടുക.

മരണത്തിനുമുമ്പിൽ മനുഷ്യൻ നിസ്സഹായനാണ്. എത്ര വലിയ പോക്കിരിക്കും അവിടെ കീഴടങ്ങാതെ രക്ഷയില്ല. സമ്പത്തും ആൾബലവുമൊന്നും അതിനെ മറികടക്കാൻ പര്യാപ്തമല്ല: "നിങ്ങൾ (നമുക്ക്) അധീനരല്ല എങ്കിൽ എന്തുകൊണ്ട് (ആത്മാവിനെ) മടക്കി എടുക്കുവാൻ നിങ്ങൾക്കു കഴിയുന്നില്ല? നിങ്ങൾ സത്യം പറയുന്നവരാണെങ്കിൽ" (56:85,86).

അല്ലാഹു നൽകിയ അനുഗ്രഹങ്ങൾ ആസ്വദിക്കാനുള്ളതാണ്. പക്ഷേ, അനുഗ്രഹദാതാവിനെ മറന്നുകൊണ്ടുള്ള ജീവിതം അപകടകരമാണ്. മരണത്തെക്കുറിച്ചുള്ള ഓർമ അനുഗ്രഹ ദാതാവിനെ സ്മരിക്കാനും നന്ദിചെയ്യാനും സഹായിക്കും.

അതിരുകളില്ലാത്ത മോഹങ്ങളും മനക്കോട്ടകളുമാണ് പലപ്പോഴും മനുഷ്യനെ പല അപകടങ്ങളിലേക്കും നയിക്കുന്നത്. അസൂയയും അഹങ്കാരവുമൊക്കെ അവിടെ തഴച്ചുവളരും. അതിനാൽ മോഹങ്ങൾക്ക് ഒരു അറുതി വേണം. മരണചിന്ത അതിന് ഏറെ സഹായകമാണ്.

തിന്മകൾക്ക് കടിഞ്ഞാണിടാനും നന്മകളിൽ മത്സരിച്ച് മുന്നേറുവാനും മരണത്തെക്കുറിച്ചും മരണാനന്തരജീവിതത്തെക്കുറിച്ചുമുള്ള ബോധം മനുഷ്യനെ പ്രാപ്തനാക്കുന്നു. നബിﷺ പറഞ്ഞു: "സർവ സുഖാനുഭൂതികളെയും തകർത്തുകളയുന്ന മരണത്തെക്കുറിച്ച് നിങ്ങൾ ധാരാളമായി സ്മരിക്കുക"(അഹ്മദ്, തിർമിദി).

എന്നാൽ സദാ മരണഭയവുമായി ജീവിച്ച് ക്രിയാത്മക പ്രവർത്തനങ്ങളിൽനിന്ന് മാറിനിൽക്കുവാൻ ഇസ്‌ലാം പഠിപ്പിക്കുന്നില്ല. നാളെ നിന്റെ അന്ത്യമാണെന്നറിഞ്ഞാലും കയ്യിലുള്ള വൃക്ഷത്തൈ വരുംതലമുറക്കായി നട്ടുപിടിപ്പിക്കാൻ നിനക്ക് സാധിച്ചാൽ അപ്രകാരം ചെയ്യണമെന്നാണ് ഇസ്‌ലാമികാധ്യാപനം. നീ നട്ടുവളർത്തിയ ചെടികളിൽനിന്ന് പക്ഷിമൃഗാദികൾ അതിന്റെ കായ്കനികൾ ഭക്ഷിക്കുന്നതിനുപോലും നിനക്ക് പ്രതിഫലമുണ്ടെന്നാണ് നബിﷺ പഠിപ്പിച്ചത്. പേടിച്ച് വിറച്ച് അന്തർമുഖനായി നന്മയുടെ രംഗങ്ങളിൽനിന്ന് ഉൾവലിയാനല്ല, പ്രത്യുത മരണസ്മരണയുടെ സദ്ഫലങ്ങൾ കൊയ്തെടുക്കുവാനുള്ള നിർദേശങ്ങളാണ് ക്വുർആനും പ്രവാചകചര്യയും നൽകുന്നത് എന്ന് സാരം. ●

ടി.കെ.അശ്‌റഫ്
thorakkattilashraf@gmail.com



# ഒരേയൊരിന്ത്യ ഒരൊറ്റ ജനത



ആധുനിക ഇന്ത്യയുടെ ശിൽപികളിലൊരാളും പ്രഥമ പ്രധാനമന്ത്രിയുമായിരുന്ന ജവഹർലാൽ നെഹ്‌റു തന്റെ ജന്മദേശത്തെക്കുറിച്ചുള്ള പുസ്തകത്തിന് അർഥഗർഭമായ ഒരു ശീർഷകമാണ് നൽകിയത്- 'ഇന്ത്യയെ കണ്ടെത്തൽ' (Discovery of India).

ഇന്ത്യയെ കണ്ടെത്തുക എളുപ്പമല്ല. അത്രമാത്രം വൈവിധ്യങ്ങളാൽ സമ്പന്നമാണ് ഇന്ത്യ. ഭൂപ്രകൃതിയിലും ഭാഷകളിലും സംസ്‌കാരത്തിലും മാത്രമല്ല ജീവിതത്തിന്റെ സമസ്ത രംഗങ്ങളിലും വൈവിധ്യത്തിന്റെ ഒരു മഹാഭൂപടം ഇന്ത്യ ഒരുക്കി വെച്ചിരിക്കുന്നു.

ലോകത്തെ ഏഴാമത്തെ വലിയ രാജ്യമാണ് ഇന്ത്യ. ജനസംഖ്യയിൽ ലോകത്ത് രണ്ടാംസ്ഥാനമലങ്കരിക്കുന്ന ഇന്ത്യ, ലോകത്തെ ഏറ്റവും ജനസംഖ്യയുള്ള ജനാധിപത്യ രാജ്യമാണ്. ലോകത്തെ നാലാമത്തെ വലിയ സമ്പദ്ഘടനയായ ഇന്ത്യ ഏറ്റവും വേഗത്തിൽ വളരുന്ന രണ്ടാമത്തെ സമ്പദ്ഘടന കൂടിയാണ്. ആണവശക്തിയുള്ള ഇന്ത്യ ലോകത്തെ മൂന്നാമത്തെ വലിയ സൈനിക ശക്തിയുമാണ്. കോടിക്കണക്കിന് ജനങ്ങളും വ്യത്യസ്ത സംസ്‌കാരങ്ങളും എണ്ണൂറിലധികം ഭാഷകളും അനേകം ജനവംശങ്ങളും വ്യത്യസ്ത മതങ്ങളും ജാതികളുമെല്ലാമുള്ള ഇന്ത്യൻ സമൂഹം, സുസ്ഥിര ജനാധിപത്യത്തിന്റെ മികച്ച മാതൃകകളിലൊന്നാണ്.

അതിവേഗം വൻശക്തിയായി വളരുമ്പോഴും വൈവിധ്യമെന്ന പോലെ വൈരുധ്യങ്ങളും ഇന്ത്യൻ ജീവിതത്തിൽ നിറഞ്ഞ് നിൽക്കുന്നു. മഹാനഗരങ്ങൾക്കൊപ്പം ഇനിയും വൈദ്യുതി എത്തിയിട്ടില്ലാത്ത ഗ്രാമങ്ങ

ളും കൃത്രിമോപഗ്രഹങ്ങളും ആണവ സാങ്കേതിക വിദ്യയും സാധ്യമാക്കിയതിനൊപ്പം കാളകളും കാളകളുടെ സ്ഥാനത്ത് മനുഷ്യർ വരെയും നിലമുഴുന്ന പാടങ്ങളും ധനാഢ്യരും പട്ടിണികിടക്കുന്ന ലക്ഷങ്ങളും ആ വൈരുധ്യത്തിന്റെ ദൃശ്യങ്ങളാണ്. ഏതാനും മാസങ്ങൾക്ക് മുമ്പ് ഒരാൾ കിലോമീറ്ററുകളോളം സ്വന്തം ഭാര്യയുടെ മൃതദേഹം കമ്പിൽ കെട്ടി വഹിച്ച് കൊണ്ടുപോയത് ഇന്ത്യൻ മനസ്സാക്ഷിയുടെ മാറിടത്തിലൂടെയായിരുന്നു. ശാന്തിയുടെയും മതസഹിഷ്ണുതയുടെയും ദൂതനായിരുന്ന ഗാന്ധിജിയുടെ നാട്ടിൽ തന്നെ മതവിദ്വേഷം കൂട്ടക്കൊലകളായി ആവർത്തിച്ചുകൊണ്ടിരിക്കുന്നു.

### അസഹിഷ്ണുത രാജ്യത്തിന്റെ മേൽവിലാസമായിരിക്കുന്നു!

സഹിഷ്ണുതക്ക് പുകൾപെറ്റ ഇന്ത്യ ഇന്ന് അസഹിഷ്ണുതയുടെ കൂത്തരങ്ങായിത്തീർന്നിരുക്കുന്നു. മനുഷ്യരെ പേപ്പട്ടിയെ പോലെ തല്ലിക്കൊല്ലുന്ന കാഴ്ച സാധാരണമായിരിക്കുന്നു. ന്യൂനപക്ഷങ്ങളും ദലിതുകളുമടമക്കമുള്ള പിന്നാക്ക വിഭാഗങ്ങളെ അക്രമിക്കാനുള്ള ഒരു കാരണമായിട്ട് അക്രമികൾ പശുവിനെയാണ് ഉപയോഗിക്കുന്നത്. ഉത്തരവാദപ്പെട്ട സ്ഥാനങ്ങളിൽ ഇരിക്കുന്നവർ വരെ ഈ അക്രമങ്ങളെ ന്യായീകരിക്കുകയും പിന്തുണക്കുകയും ചെയ്യുന്നതാണ് നാം കാണുന്നത്.

അസഹിഷ്ണുതയുടെ രാഷ്ട്രീയ പ്രചാരണങ്ങൾ മൂലം സമീപകാലങ്ങളിൽ രാജ്യത്തെ നടുക്കിയ ചില സംഭവങ്ങൾ താഴെ ചേർക്കുന്നു:

1. സെപ്തംബർ 2015: ഉത്തർ പ്രദേശിലെ ദാദ്രിയിൽ മുഹമ്മദ് അഖ്‌ലാഖിനെ വീട്ടിൽ ബീഫ് സൂക്ഷിച്ചുവെന്നാരോപിച്ച് ജനക്കൂട്ടം അടിച്ച് കൊന്നു.

2. ഒക്ടോബർ 2015: ജമ്മു ആന്റ് കാശ്മീരിലെ അനന്താനാഗ് ജില്ലയിൽ 16 വയസ്സുകാരനായ ഷാഹിദ് റസൂൽ ഭട്ട് സഞ്ചരിച്ചിരുന്ന ട്രക്കിലേക്ക് ബോംബെറിഞ്ഞ് കൊലപ്പെടുത്തി.

3. മാർച്ച് 2016: കന്നുകാലി കച്ചവടക്കാരായ മുഹമ്മദ് മജിലൂം, ആസാദ് ഖാൻ എന്നിവരെ ലെത്തിഹാറിൽ തല്ലിക്കൊന്നതിന് ശേഷം കെട്ടിത്തൂക്കി. സമീപ ജില്ലയായ ചത്രയിലേക്ക് കന്നുകാലി കച്ചവടത്തിന് പോകുന്നതിന് ഇടയിലാണ് അക്രമിസംഘം തടഞ്ഞ് നിർത്തി അക്രമിച്ചത്.

4. ഏപ്രിൽ 2017: കന്നുകാലി കച്ചവടക്കാരായ 20 വയസ്സിനടുത്ത് മാത്രം പ്രായമുണ്ടായിരുന്ന അബ്ദു ഹനീഫ്, റിയാസുദ്ദീൻ അലി എന്നിവരെ ആസാമിൽ നാഗോൺ ജില്ലയിൽ പശുവിനെ മോഷ്ടിച്ചുവെന്നാരോപിച്ച് കൊല്ലപ്പെടുത്തി.

5. ഏപ്രിൽ 2017: ആൽവാറിൽ ഗോ സംരക്ഷണ സേനയുടെ അക്രമണത്തിൽ ഗുരുതരമായി പരിക്കേറ്റ പെഹ്‌ലു ഖാൻ കൊല്ലപ്പെട്ടു.

6. മെയ് 2017: ബുലാന്ദശഹറിൽ ഗുലാം മുഹമ്മദിനെ മിശ്ര വിവാഹിതരായ കുടുംബത്തെ സഹായിച്ചതിന് മർദിച്ച് കൊലപ്പെടുത്തി. ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ് ഗോ സംരക്ഷണത്തിനായി രൂപികരിച്ച ഹിന്ദു യുവവാഹിനിയെന്ന സംഘടന പ്രവർത്തകരാണ് കൊലപാതകം നടത്തിയത്.

7. മെയ് 2017: മധ്യപ്രദേശിലെ ഭിംദിൽ മുസ്‌ലിം യുവാക്കളെ കയ്യേറ്റം ചെയ്തു.

8. മെയ് 2017: മുന്ന അൻസാരിയെടക്കം ഏഴ് പേരെ കുട്ടികളെ തട്ടിക്കൊണ്ട് പോകാൻ ശ്രമിച്ചുവെന്നാരോപിച്ച് ജാർഖണ്ഡിൽ അക്രമിച്ചു. എന്നാൽ മുസ്‌ലിം യുവാക്കൾക്കെതിരെ സംഘടിതമായ ആക്രമണമായിരുന്നു അതെന്നാണ് പിന്നീട് അന്വേഷണത്തിൽ തെളിഞ്ഞത്. കുട്ടികളെ തട്ടിക്കൊണ്ട് പോകാൻ ശ്രമിച്ചുവെന്നത് ആരോപണം മാത്രമായിരുന്നുവെന്നും അന്വേഷണത്തിൽ തെളിഞ്ഞു. ജാർഖണ്ഡിൽ മെയ് മാസത്തിൽ മാത്രം ഏഴ് പേരെയാണ് ആൾക്കൂട്ടം തല്ലിക്കൊന്നത്.

9. മെയ് 2017: മഹാരാഷ്ട്രയിലെ ലത്തൂരിൽ മുസ്‌ലിം പൊലീസുകാരനായ യൂനീസിനെ സംഘം ചേർന്ന് അക്രമിച്ചു. ജയ് ഭവാനിയെന്ന് വിളിക്കാൻ ആവശ്യപ്പെട്ടാണ് മർദിച്ചത്. സംഘപരിവാർ സംഘടനയായ ശിവാജി ജയ



ന്തി മണ്ഡലിന്റെ നൂറോളം വരുന്ന പ്രവർത്തകർ പൊലീസ് സ്റ്റേഷനിൽ ചെന്നാണ് യുനീസ് ശെയ്ഖിനെ അക്രമിച്ചത്!

10. മെയ് 2017: മഹാരാഷ്ട്ര മാലേഗാവിൽ രണ്ട് കച്ചവടക്കാരെ ബീഫ് സൂക്ഷിച്ചുവെന്നാരോപിച്ച് മർദ്ദിച്ചു.

11.ജൂൺ 7, 2017: ജാർഖണ്ഡ് ധൻബാദിൽ ഇഫ്താർ വിരുന്നിനായി ബീഫ് കൊണ്ട് പോകുന്നുവെന്ന് ആരോപിച്ച് മുസ്‌ലിം യുവാവിനെ അക്രമിച്ചു. 35 വയസ്സുകാരനായ അയ്നുൽ അൻസാരിയെയാണ് ബൈക്കിൽ പോകുമ്പോൾ 20 പേരടങ്ങുന്ന ഗോ രക്ഷ സേന പ്രവർത്തകർ തടഞ്ഞ് നിർത്തി അക്രമിച്ചത്.

12. ജൂൺ 12, 2017: രാജസ്ഥാനിലെ ബാർമറിൽ വെച്ച് തമിഴ്നാട് മൃഗസംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥരെ അക്രമിച്ചു. ഗോ രക്ഷാ സേനയാണ് അക്രമണം നടത്തിയത്. കന്നുകാലികളെ കൊണ്ട് വരുന്ന ട്രക്ക് തടഞ്ഞ് നിർത്തിയാണ് 50ഓളം പേരടങ്ങുന്ന സംഘം ഉദ്യോഗസ്ഥരെ അക്രമിച്ചത്.

13. ജൂൺ 2017. കുടുംബത്തിലെ സ്ത്രീകളെ മാനഭംഗപ്പെടുത്തുന്നത് തടഞ്ഞ രാജസ്ഥാൻ സ്വദേശി സഫർ ഹുസൈനെ തല്ലിക്കൊന്നു

14. ജൂൺ 2017. ഹരിയാനയിലെ ബല്ലഭ്ഗഡിലേക്ക് ട്രെയ്നിൽ സഞ്ചരിക്കുകയായിരുന്ന നാല് മുസ്‌ലിം യുവാക്കളെ പശുമാംസം കഴിക്കുന്നവരാണെന്ന് ആരോപിച്ച് ഒരു സംഘം അക്രമിച്ചു. കുത്തേറ്റ 16 വയസ്സുകാരനായ ജുനൈദ് കൊലപ്പെട്ടു. ഈദിന് മുന്നോടിയായി സാധനങ്ങൾ വാങ്ങാൻ ഡൽഹിയിലേക്ക് വന്നതിന് ശേഷം മടങ്ങുമ്പോഴാണ് ഈ മുസ്‌ലിം യുവാക്കൾ ആക്രമിക്കപ്പെട്ടത്.

15. ജൂൺ 23 2017. മാള ജില്ലയിൽ പള്ളിയിൽ പ്രാർഥിക്കുകയായിരുന്ന ഇമാമിനെ വെടിവച്ച് കൊന്നു.

16. ജൂൺ 2017. പശുവിനെ മോഷ്ടിച്ചെന്നാരോപിച്ച് ബംഗാളിലെ ദിനജ്പൂരിൽ മൂന്ന് പേരെ കൊന്നു.

17. ജൂൺ 2017. നൂറോളം പേർ ചേർന്ന് ജാർഖണ്ഡിൽ മധ്യവയസ്കനെ പശുവിന്റെ ജഡം വീടിന് മുന്നിൽ കണ്ടതിന് ക്രൂരമായി മർദിച്ച് കൊന്ന് വീടിന് തീയിട്ടു.

**ലോകത്തെ ഏഴാമത്തെ വലിയ രാജ്യമാണ് ഇന്ത്യ. ജനസംഖ്യയിൽ ലോകത്ത് രണ്ടാംസ്ഥാനമലങ്കരിക്കുന്ന ഇന്ത്യ, ലോകത്തെ ഏറ്റവും ജനസംഖ്യയുള്ള ജനാധിപത്യ രാജ്യമാണ്. ലോകത്തെ നാലാമത്തെ വലിയ സമ്പദ്ഘടനയായ ഇന്ത്യ ഏറ്റവും വേഗത്തിൽ വളരുന്ന രണ്ടാമത്തെ സമ്പദ്ഘടന കൂടിയാണ്. ആണവശക്തിയുള്ള ഇന്ത്യ ലോകത്തെ മൂന്നാമത്തെ വലിയ സൈനിക ശക്തിയുമാണ്. കോടിക്കണക്കിന് ജനങ്ങളും വ്യത്യസ്ത സംസ്കാരങ്ങളും എണ്ണൂറിലധികം ഭാഷകളും അനേകം ജനവംശങ്ങളും വ്യത്യസ്ത മതങ്ങളും ജാതികളുമെല്ലാമുള്ള ഇന്ത്യൻ സമൂഹം, സുസ്ഥിര ജനാധിപത്യത്തിന്റെ മികച്ച മാതൃകകളിലൊന്നാണ്.**

ഇത്തരം ക്രൂരകൃത്യങ്ങൾ ചെയ്യുന്നവരെ തുടക്കത്തിൽ തന്നെ നിയമത്തിന് മുന്നിൽ കൊണ്ടുവന്ന് പരമാവധി ശിക്ഷ ലഭ്യമാക്കിയിരുന്നെങ്കിൽ ഒന്നിനു പുറകെ ഒന്നായി ഇത്തരം സംഭവങ്ങൾ ആവർത്തിക്കില്ലായിരുന്നു.

**എന്താണ് പരിഹാരം?**

'ഒരേ ഒരിന്ത്യ, ഒരൊറ്റ ജനത'യെന്ന മുദ്രാവാക്യത്തിന് മാത്രമെ ഇന്ത്യയെ ഒന്നിച്ച് നിർത്താൻ സാധിക്കൂ. എല്ലാ മതങ്ങളും തമ്മിൽ ലയിച്ച് ഒരൊറ്റ മതവും ഒരൊറ്റ രാഷ്ട്രവും ആവുകയെന്നതല്ല ഇതുകൊണ്ട് ഉദ്ദേശ്യം. ഓരോ പൗരനും സ്വന്തം മതവിശ്വാസത്തിൽ അടിയുറച്ച് നിൽക്കുമ്പോൾ തന്നെ ഇന്ത്യയെന്ന പൊതുവികാരത്തിനൊപ്പം നിൽക്കുകയും രാജ്യത്തിന് ശക്തി പകരുകയും ചെയ്യുകയെന്നതാണ് ഒരേ 'ഒരിന്ത്യ ഒരൊറ്റ ജനത'യെന്നതുകൊണ്ട് ലക്ഷ്യം വെക്കുന്നത്. മതേതരത്വമാണ് മറ്റു രാജ്യങ്ങളിൽ നിന്ന് നമ്മുടെ രാജ്യത്തെ വേറിട്ട് നിർത്തുന്ന പ്രധാന ആശയം.

ഇന്ത്യ സ്വീകരിച്ചിട്ടുള്ള മതേതരത്വം യൂറോപ്യൻ കാഴ്ചപ്പാടിലുള്ള മതനിരാസമല്ല. വെള്ളത്തിലിട്ട ഐസ് പോലെ എല്ലാ മതങ്ങളും ലയിച്ച് ചേർന്നുള്ള മതലയനവുമല്ല നമ്മുടെ മതേതരത്വം കൊണ്ട് ഉദ്ദേശിക്കുന്നത്. എല്ലാ മതവിശ്വാസികളും സ്വന്തം അസ്തിത്വത്തിൽ നിലകൊള്ളുമ്പോൾ തന്നെ സർക്കാർ അവ്വിഷയത്തിൽ പൂർണമായ നിഷ്പക്ഷത പുലർത്തുന്ന മതനിരപേക്ഷതയാണ് ഇന്ത്യ മുന്നോട്ട് വെക്കുന്ന മതേതരത്വം.

മതത്തിൽ വിശ്വസിക്കാൻ മാത്രമല്ല; അത് ആചരിക്കാനും പ്രചരിപ്പിക്കാനുമുള്ള അവകാശം കൂടി

നമ്മുടെ ഭരണഘടന വിഭാവനം ചെയ്യുന്നുണ്ട്. മത വിശ്വാസമില്ലാത്തവർക്ക് അങ്ങനെയും ജീവിക്കാനുള്ള സ്വാതന്ത്ര്യം ഇന്ത്യയിലുണ്ട്.


**രാജ്യദ്രോഹികളെ തിരിച്ചറിയുക**

രാജ്യദ്രോഹികളെ തിരിച്ചറിയാൻ എന്താണ് രാജ്യദ്രോഹം എന്ന് ആദ്യമറിയണം. ഇന്ത്യൻ ഭരണഘടന ഉദ്ഘോഷിക്കുന്ന മൗലികാവകാശങ്ങളെ ഹനിക്കുകയും ഇന്ത്യയുടെ ജീവവായുവായ മതേതരത്വ കാഴ്ചപ്പാടിനെ തള്ളിപ്പറയുകയും വഴി രാജ്യത്ത് ഛിദ്രതയുണ്ടാക്കുന്നവർ തന്നെയാണ് രാജ്യദ്രോഹികൾ. ഹിന്ദു മതത്തിന്റെ പേരിൽ കലാപമുണ്ടാക്കുന്ന തീവ്രഹിന്ദുത്വവാദികളും ഇസ്‌ലാമിന്റെ പേരിൽ പ്രമാണവചനങ്ങളെ ദുർവ്യാഖ്യാനിച്ച് തീവ്രവാദത്തിന് ന്യായീകരണം കണ്ടെത്തുന്നവരും നിയമവിരുദ്ധമായ രീതിയിൽ പ്രതിഷേധിച്ച് കലാപത്തിന് കോപ്പുകൂട്ടുന്നവരും രാജ്യവിരുദ്ധ നാണയത്തിന്റെ ഇരുപുറങ്ങളാണ്.

**ശത്രുക്കളുടെ തന്ത്രത്തെക്കുറിച്ച് ബോധമുള്ളവരാവുക**

സമാധാനമുള്ള സമൂഹത്തിൽ ഫാസിസത്തിന് വേര് പിടിക്കാനാവില്ല. പൗരന്മാരെയല്ല; സ്വസ്ഥതയെയാണ് ആദ്യം അവർ ഇല്ലാതാക്കുന്നത്. അതിന് വേണ്ടിയുള്ള കൊലപാതകങ്ങളാണ് ഇപ്പോൾ നടത്തുന്നത്. തെരുവുപട്ടിയെ തല്ലിക്കൊല്ലുന്ന പോലെ നിരപരാധിയായ മനുഷ്യരെ തല്ലിക്കൊല്ലുന്നതും അതിന്റെ ദൃശ്യം അവർ തന്നെ ക്യാമറയിൽ പകർത്തി യൂട്യൂബിൽ അപ്‌ലോഡ് ചെയ്യുന്നതും പ്രകോപനമുണ്ടാക്കുകയെന്ന ലക്ഷ്യത്തോടെയാണ്.

വാസ്തവത്തിൽ ഇവിടെയുള്ള മതേതര മനസ്സുള്ള ഹൈന്ദവ സമൂഹത്തിലെ സമാധാനവാദികളായ പൗരന്മാരാണ് ഇന്ത്യയെ ഹൈന്ദവ രാഷ്ട്രമാക്കാൻ അടിസ്ഥാന തടസ്സം; ന്യൂനപക്ഷമല്ല. ന്യൂനപക്ഷത്തെ സ്വാധീനിച്ച് അടവ് നയത്തിലൂടെ നേടുന്ന ഭരണത്തിൽ ഭരണഘടന മാറ്റിയെഴുതുകയെന്ന ലക്ഷ്യം നേടാനാവില്ലന്ന് തിരിച്ചറിഞ്ഞ ഫാസിസം, ഹൈന്ദവരെ വർഗീയ വാദികളാക്കി മാറ്റാൻ നടത്തുന്ന ശ്രമത്തിന്റെ ഭാഗമാണ് ഇപ്പോൾ ന്യൂനപക്ഷങ്ങൾക്കെതിരെ നടക്കുന്ന കൊലപാതക പരമ്പരകൾ. ന്യൂനപക്ഷം, വിശിഷ്യാ മുസ്‌ലിംകൾ പ്രകോപിതരായാലല്ലാതെ ഹൈന്ദവരെ ഏകീകരിക്കാൻ കഴിയില്ല. ഇരുപതിലധികം മർദന കൊലപാതകങ്ങൾ നടന്നിട്ടും അതേ നാണയത്തിലൊരു തിരിച്ചടി ലഭിക്കാത്തതാണ് ഫാസിസത്തിന്റെ ഏറ്റവും വലിയ തലവേദന. എന്ത് പ്രകോപനമുണ്ടായാലും നിയമത്തിന്റെ വഴിവിട്ടുള്ള ഒരു പ്രതിഷേധ മാർഗവും ഞങ്ങൾ സ്വീകരിക്കില്ലന്ന് ഉറച്ച് പറയാൻ ഇനിയും മുസ്‌ലിം സമൂഹത്തിന് കഴിയണം. ഫാസിസത്തിന്റെ തന്ത്രം വിജയിക്കാൻ അനുവദിക്കരുത്.



**വാർത്തകളുടെ നിജസ്ഥിതി അറിഞ്ഞ ശേഷം മാത്രം പ്രതികരിക്കുക**

ഈയിടെയായി രാജ്യത്ത് അസഹിഷ്ണുത അജണ്ടയായി സ്വീകരിച്ച് ഫാസിസം കലാപമുണ്ടാക്കുന്നുണ്ട് എന്നത് സത്യമാണ്. എന്നാൽ ഭൂരിപക്ഷ വർഗീയതയെ ആളിക്കത്തിക്കുന്നവരും ന്യൂനപക്ഷ തീവ്രവാദത്തിന് ചൂട്ട് പിടിക്കുന്നവരും ഒരുപോലെ കൃത്രിമമായ വാർത്തകൾ പടച്ചുണ്ടാക്കി പ്രചരിപ്പിക്കുനുണ്ട് എന്നതും ഒരു വസ്തുതയാണ്. പ്രശ്നങ്ങളിൽ ജീവിക്കുന്നവരാണ് വർഗീയ ശക്തികൾ. അവരുടെ ഇന്ധനമാണ് കലാപവാർത്തകളും ചിത്രങ്ങളും പ്രചരിപ്പിക്കൽ.സിനിമയിലെ ചില സംഘട്ടനത്തിന്റെ ചിത്രങ്ങൾ പ്രചരിപ്പിച്ചതാണ് ബംഗാളിൽ പ്രശ്നങ്ങൾ തുടങ്ങാൻ കാരണമായതെന്ന് പത്രത്തിൽ വായിച്ചതോർക്കുന്നു. മോർഫിങ് ചെയ്തും സ്വന്തമായി അഭിനയിച്ചുമെല്ലാം കലാപദൃശ്യങ്ങൾ സാമൂഹ്യ മാധ്യമങ്ങളിൽ വൈറലാക്കാൻ ഇത്തരക്കാർ ശ്രമിക്കും. ഇന്ത്യയെന്ന വിശാലമായ രാജ്യത്തിന്റെ പല ഭാഗത്തും സംഭവിച്ചതും അല്ലാത്തതുമായ സംഭവങ്ങൾ സോഷ്യൽ മീഡിയയിൽ പ്രചരിപ്പിക്കുക വഴി രാജ്യത്ത് ഭീതിപരത്തുകയാണ് ഇവരുടെ ലക്ഷ്യം. ഇന്ത്യ മുഴുവൻ വർഗീയമായി കത്തിക്കൊണ്ടിരിക്കുകയാണന്ന പ്രതീതിയാ

ണ് ഇത് മുഖേനയുണ്ടാകുന്നത്. കലാപകാരികൾ മണ്ണൊരുക്കുന്നതിന്റെ ഭാഗമാണ് ഈ പ്രവർത്തനം. സോഷ്യൽ മീഡിയകളിൽ അഭിരമിക്കുന്നവരും നാട്ടിൽ എല്ലാവരോടും ഇടപഴകി ജീവിക്കുന്ന സാധാരണക്കാരും തമ്മിൽ മനോഭാവത്തിൽ വലിയ വ്യത്യാസമുണ്ടായിക്കൊണ്ടിരിക്കുകയാണ്. എല്ലാ മത വിശ്വാസികളും പരസ്പരം സ്നേഹിച്ചും സഹകരിച്ചും ഉള്ള് തുറന്ന് ചിരിച്ചും കഴിഞ്ഞ് കൂടുന്ന എത്രയോ ഗ്രാമപ്രദേശങ്ങൾ ഇന്ത്യയിൽ ഇപ്പോഴുമുണ്ട്! എന്നാൽ സോഷ്യൽ മീഡിയകളിൽ മാത്രം സമയം കളയുന്നവർക്ക് ഈ ആനന്ദം ലഭിക്കുന്നുണ്ടോ? ഇല്ലെന്ന് ഉറപ്പിച്ച് പറയാം. ഭീതി വളർത്തുന്ന കുറിപ്പുകളും ദൃശ്യങ്ങളും മാറി മാറി കണ്ടതിലുള്ള അസ്വസ്ഥയാണ് പ്രശ്ന കാരണം. മുസ്‌ലിംകൾ മാത്രം അറിയാൻ, ഹിന്ദുക്കൾ ശ്രദ്ധിക്കാൻ, മുസ്‌ലിം ഗ്രൂപ്പുകളിലേക്ക് മാത്രം, ഹിന്ദു ഗ്രൂപ്പുകളിലേക്ക് മാത്രം ഫോർവേഡ് ചെയ്യുക... തുടങ്ങിയ മെസേജുകൾ ഇതിനുദാഹരണമാണ്. പരസ്പര വിദ്വേഷമുണ്ടാക്കുന്ന പ്രചരണങ്ങൾ സൂക്ഷിക്കുകയെന്നത് തന്നെ വലിയൊരു പരിഹാരമാണ്.

**പുതുതലമുറക്ക് ചരിത്രബോധം പകർന്ന് കൊടുക്കുക**

ഇന്ത്യൻ മതേതരത്വത്തിന്റെ മാറിടത്തിലൂടെ കലാപത്തിന്റെ രഥമുരുട്ടിയ ഒട്ടനവധി വർഗീയ കലാപങ്ങൾക്ക് നമ്മുടെ നാട് സാക്ഷ്യം വഹിച്ചിട്ടുണ്ട്. അപ്പോഴെല്ലാം രാജ്യസ്നേഹികളായ വിവേകമതികൾ ഓരോ മതവിഭാഗത്തിൽ നിന്നും രംഗത്ത് വരികയും ധ്രുവീകരണത്തിന്റെ അഗ്നിയെ അണക്കുകയും ചെയ്തിട്ടുണ്ട്. അതിന് അവർ സ്വീകരിച്ച പക്വമായ വഴികൾ ചരിത്രത്തിൽ ഇപ്പോഴും ജ്വലിച്ച് നിൽക്കുന്നുണ്ട്. എന്നാൽ യഥാർഥ ചരിത്രത്തെ ഭയക്കുന്നവരും കലാപം കൊതിക്കുന്ന ദുശ്ശക്തികളും ചരിത്രത്തെ മറപ്പിക്കാനാണ് ശ്രമിക്കുക. ഫാസിസത്തിന്റെ തേരോട്ടം ഇന്നും ഇന്നലെയും തുടങ്ങിയതല്ല. അധികാരത്തിന്റെ ചെങ്കോലും സോഷ്യൽ മീഡിയയുടെ വ്യാപനവും മുൻകാലത്തെ അപേക്ഷിച്ച് പ്രശ്നം കൂടുതൽ വഷളാകാൻ കാരണമായിട്ടുണ്ട്. ന്യൂനപക്ഷ വേട്ടകളെ ബോധപൂർവം തമസ്കരിക്കുന്ന പ്രവണതയെ തോൽപിക്കാൻ സാമൂഹ്യമാധ്യമങ്ങൾക്ക് കഴിഞ്ഞുവെന്ന ഗുണത്തെ വിസ്മരിക്കുന്നില്ല. എന്നാലും വാർത്തകളുടെ നിജസ്ഥിതി പരിശോധിക്കൽ അനിവാര്യമാണ്. ഡോ:ഹാദിയ കേസിൽ മുഖ്യധാരാ മത സംഘടനകൾ പ്രതികരിക്കുന്നില്ലെന്ന പരാതി വൻതോതിൽ ഇളക്കിവിട്ടത് നാം കണ്ടു. എന്നാൽ കോടതിയിൽ കേസ് കൈകാര്യം ചെയ്തതിൽ കാര്യമായ വീഴ്ച പറ്റിയതാണ് ഹാദിയ പ്രശ്നം രൂക്ഷമാകാൻ കാരണമെന്ന് വിധി പകർപ്പ് വായിച്ച മുസ്‌ലിം വക്കീലുമാർ തന്നെ എഴുതിയത് കാണാനിടയായി. എറണാകുളത്ത് ഈ വിഷയത്തിൽ പോപുലർ ഫ്രണ്ടിന്റെ പിന്തുണയിൽ മുസ്‌ലിം ഐക്യവേദിയെന്ന പേരിൽ സംഘടിപ്പിച്ച പ്രതിഷേധ മാർച്ചും വൈകാരിക പ്രസംഗവും എടുത്തു ചാട്ടത്തിന്റെ ഉദാഹരണമാണ്.

**തെറ്റുധാരണകൾ തിരുത്താൻ വൈജ്ഞാനിക ബോധവത്കരണം നടത്തുക**

പരസ്പരം അകൽച്ചയുണ്ടാക്കാനായി ചിലർ പുതുതായി പടച്ചുണ്ടാക്കുന്ന പിഴച്ച ആശയങ്ങളുടെ നിജസ്ഥിതി സമൂഹത്തെ ബോധ്യപ്പെടുത്തണം. 'ചില' മതവിശ്വാസങ്ങൾ രാജ്യത്തിന് അപകടമാണന്ന ധാരണ പരത്താനാണ് ഇപ്പോൾ ചിലർ ശ്രമിക്കുന്നത്.

ഇന്ത്യയിൽ അറിയപ്പെടുന്ന ഒരു മതവും കലാപത്തിന് ആഹ്വാനം ചെയ്യുന്നില്ലയെന്നതാണ് യാഥാർഥ്യം. മതത്തിന്റെ അനുയായികളായി ചമഞ്ഞ് തങ്ങളുടെ സ്വാർഥ താൽപര്യങ്ങൾ നേടിയെടുക്കാനായി ചിലർ മതത്തെ ദുരുപയോഗം ചെയ്തപ്പോഴാണ് മതം പ്രതിക്കൂട്ടിൽ നിൽക്കേണ്ടി വന്നത്. ഈ സത്യം സമൂഹം അറിയണം.

'എന്റെ മതം മാത്രമാണ് ശരി'യെന്ന് ചിലർ വാദിക്കുന്നതാണ് പ്രശ്ന കാരണമെന്ന പ്രചാരണം ചിലർ നടത്തുന്നുണ്ട്. ഇത് അടിസ്ഥാനരഹിതമാണ്. താൻ വിശ്വസിക്കുന്ന മതമാകട്ടെ, പ്രവർത്തിക്കുന്ന രാഷ്ട്രീയ പാർട്ടിയുടെ ആദർശമാകട്ടെ, അത് പൂർ



ണമായി ശരിയാണന്ന് വിശ്വസിക്കുമ്പോഴല്ലേ അതിനോട് ആത്മാർഥതയുണ്ടാവുക? അങ്ങനെ വിശ്വസിക്കുന്നതും അത് പ്രചരിപ്പിക്കുന്നതും എങ്ങനെയാണ് തെറ്റാവുക? എന്റേത് മാത്രമാണ് ശരിയെന്ന് വിശ്വസിക്കുമ്പോഴല്ല പ്രശ്നങ്ങൾ ഉണ്ടാവുന്നത്; എന്റേത് മാത്രമെ ഇന്ത്യയിൽ നിലനിൽക്കാൻ പാടുള്ളൂവെന്ന് ശഠിക്കുകയും മറ്റുള്ളവയെ നിന്ദിക്കുകയും ചെയ്യുമ്പോഴാണ്. മറ്റുള്ളവർക്ക് ശല്യമില്ലാതെ എന്റെ മതം മാത്രമാണന്ന് ശരിയെന്ന് വിശ്വസിക്കാനും പ്രചരിപ്പിക്കാനുമുള്ള അവകാശം നമ്മുടെ ഭരണഘടന മൗലിക തത്ത്വങ്ങളിലാണ് എഴുതിച്ചേർത്തിരിക്കുന്നത്. പിന്നെ എന്താണ് പ്രശ്നം?

**മത ഗ്രന്ഥങ്ങളുടെ തെറ്റായ വായന**

മതഗ്രന്ഥങ്ങളിലെ സന്ദർഭത്തിൽ നിന്ന് അടർത്തിയെടുത്ത വാചകങ്ങൾ ഉദ്ധരിക്കുകയും ചില പദങ്ങൾ അസ്ഥാനത്തും അർഥമറിയാതെയും ഉപയോഗിക്കുകയും ചെയ്യുകയെന്നത് വർഗീയ ധ്രുവീകരണം ലക്ഷ്യം വെച്ച ശക്തികളുടെ ആവനാഴിയിലെ പ്രധാന അസ്ത്രമാണ്.

ഇതിന് അനുവദിച്ചുകൂടാ. ഒരു മതത്തിന്റെ ഗ്രന്ഥം അതിൽ അഗാധ പാണ്ഡിത്യമുള്ള നിസ്വാർഥരായ പണ്ഡിതന്മാരാണ് വിശദീകരിക്കേണ്ടത്. പ്രസ്തുത വിശദീകരണത്തിനപ്പുറം സ്വന്തമായ അർഥതലങ്ങൾ അടിച്ചേൽപിച്ച് മതവിദ്വേഷം ജനിപ്പിക്കുന്നതിനെതിരിൽ ബോധവത്കണം നടത്തണം.

കാഫിറിനെ കണ്ടേടത്തു വെച്ച് കഴുത്തിന് വെട്ടണം എന്ന് ക്വുർആൻ ആഹ്വാനം ചെയ്യുന്നുണ്ട് എന്ന പ്രചാരണം ശക്തമായി നടത്തുന്നവരുണ്ട്. ജിഹാദ്, ത്വലാഖ് തുടങ്ങിയ സാങ്കേതിക പദങ്ങളെ തെറ്റായ രീതിയിൽ വ്യാഖ്യാനിക്കുന്നവരും അതിന്റെ അടിസ്ഥാനത്തിൽ തെറ്റായി മനസ്സിലാക്കുകയും ചെയ്യുന്നവരുണ്ട്.

യുദ്ധക്കളത്തിൽ ശത്രു നേരിൽ വന്നാൽ അവനെ വധിക്കണമെന്ന് പറയുന്ന വാക്യത്തെ ഇന്ത്യൻ ഗ്രാമങ്ങളിൽ സമാധാനപരമായി സഹവസിക്കുന്ന ഹൈന്ദവരെ കൊല്ലാനുള്ള ആഹ്വാനമായി വ്യാഖ്യാനിക്കുന്നവർ ശ്രമിക്കുന്നത് രാജ്യത്തിന് തീ കൊടുക്കാനല്ലാതെ മറ്റെന്തിനാണ്?

കാര്യസാധ്യത്തിനുവേണ്ടി വിഷമങ്ങളെയോ എതിർപ്പുകളെയോ തരണം ചെയ്തുകൊണ്ട് പരമാവധി പരിശ്രമിക്കുന്നതിനാണ് അറബിയിൽ 'ജിഹാദ്' എന്നു പറയുന്നത്. ദൈവികമാർഗത്തിലുള്ള തീവ്രശ്രമമെന്ന അർഥത്തിലാണ് ക്വുർആനിലും നബിവചനങ്ങളിലുമെല്ലാം ജിഹാദ് എന്ന് പ്രയോഗിക്കപ്പെട്ടിരിക്കുന്നത്. അതല്ലാതെ അമുസ്‌ലിംകൾക്കെതിരെ നടത്തുന്ന വർഗീയ അക്രമങ്ങൾക്കല്ല ജിഹാദ് എന്നു പറയുന്നത്.


സ്വന്തം മാതാപിതാക്കളെ വാർധക്യത്തിൽ പരിചരിക്കുകയെന്ന ബാധ്യതക്ക് പ്രവാചകൻ ജിഹാദ് എന്ന പദം ഉപയോഗിച്ചത് ഹദീഥ് ഗ്രന്ഥങ്ങളിൽ കാണാം. വിമർശകർ പ്രചരിപ്പിക്കും പോലെയാണങ്കിൽ മാതാപിതാക്കളെ കൊന്ന് കളയുകയെന്നതാണ് അതിനർഥം എന്ന് പറയേണ്ടി വരുമെല്ലോ! യുദ്ധത്തിന്റെ ഘട്ടത്തിൽ ജിഹാദ് എന്ന് പറയുമ്പോൾ യുദ്ധം എന്നതിന് അർഥമുണ്ടന്ന് മാത്രം.

**അതിവേഗം വൻശക്തിയായി വളരുമ്പോഴും വൈവിധ്യമെന്ന പോലെ വൈരുധ്യങ്ങളും ഇന്ത്യൻ ജീവിതത്തിൽ നിറഞ്ഞ് നിൽക്കുന്നു. മഹാനഗരങ്ങൾക്കൊപ്പം ഇനിയും വൈദ്യുതി എത്തിയിട്ടില്ലാത്ത ഗ്രാമങ്ങളും കൃത്രിമോപഗ്രഹങ്ങളും ആണവ സാങ്കേതിക വിദ്യയും സാധ്യമാക്കിയതിനൊപ്പം കാളകളും കാളകളുടെ സ്ഥാനത്ത് മനുഷ്യർ വരെയും നിലമുഴുന്ന പാടങ്ങളും ധനാഢ്യരും പട്ടിണികിടക്കുന്ന ലക്ഷങ്ങളും ആ വൈരുധ്യത്തിന്റെ ദൃശ്യങ്ങളാണ്.**

ഏറ്റവും ഗൗരവത്തോടെ കൈകാര്യം ചെയ്യേണ്ട വിഷയമാണ് വിവാഹമോചനം അഥവാ ത്വലാഖ് എന്നത്. നിബന്ധനകൾ പൂർത്തിയാക്കി ഒന്നിലധികം വിവാഹം കഴിച്ചവർ പോലും ഭാര്യയെ വേണ്ടതു പോലെ പരിചരിച്ചില്ലങ്കിൽ പരലോകത്ത് ഒരു ഭാഗം ചരിഞ്ഞു കൊണ്ടായിരിക്കും ഭർത്താവ് കടന്ന് വരിക എന്ന് പഠിപ്പിച്ച ഇസ്‌ലാമിനെ തോന്നിയതുപോലെ വിവാഹം കഴിക്കുവാനും ഒഴിവാക്കുവാനും പ്രേരിപ്പിക്കുന്ന മതമെന്ന് മുദ്രകുത്തുന്നത് തികച്ചും അക്രമമാണ്.

**മാനുഷിക പ്രശ്നമായി പരിഗണിക്കുക**

രാജ്യത്ത് എന്ത് സംഭവിച്ചാലും ഇന്നത് മനുഷ്യന്റെ പ്രശ്നമല്ല. പേരും മതവും ജാതിയും രാഷ്ട്രീയ പാർട്ടിയും നോക്കി അതാത് വിഭാഗത്തിന്റെ മാത്രം പ്രശ്നമായി കാണുന്ന പ്രവണത അവസാസിപ്പിക്കണം. ഉത്തരേന്ത്യയിൽ തല്ലിക്കൊല്ലപ്പെട്ടത് മുസ്‌ലിമാണങ്കിൽ അത് മുസ്‌ലിം പ്രശ്നം, ഹിന്ദു പേരുള്ളവനാണങ്കിൽ ഹൈന്ദവ പ്രശ്നം, കണ്ണൂരിൽ ബോംബേറിൽ മരിച്ചത്



സി.പി.എം ആണെങ്കിൽ മാർക്സിസ്റ്റ് പ്രശ്നം, ബി.ജെ.പിക്കാരനാണെങ്കിൽ അവരുടെ പ്രശ്നം... ഇതാണ് സമകാലിക അവസ്ഥ! ഒരു മനുഷ്യൻ മരണപ്പെട്ടു എന്ന് പറയാൻ ആരുമില്ല. ആ ഒരു വികാരം ആരിലും ഉണ്ടാകുന്നുമില്ല!

മരിച്ച വ്യക്തി ആരുമാകട്ടെ, അവന് മാതാപിതാക്കളില്ലേ? അവർ അഭയമറ്റവരായില്ലേ? ഭാര്യയില്ലേ? അവൾ വിധവയായില്ലേ? മക്കളില്ലേ? അവർ അനാഥരായില്ലേ? ഇതൊന്നും ആലോചിക്കാൻ അന്ധത ബാധിച്ചവർക്ക് സാധിക്കുന്നില്ല.

**രാജ്യത്തിന്റെ പ്രശ്നമായി ഉന്നയിക്കുക**

രാജ്യത്തുണ്ടാകുന്ന പല പ്രശ്നങ്ങളും പൗരന്മാരെ മുഴുവൻ ബാധിക്കുന്ന വിഷയങ്ങളാണ്. എന്നാൽ ഖേദകരമെന്ന് പറയട്ടെ, ഈയടുത്ത കാലത്തുണ്ടായ ഏകസിവിൽ കോഡ്, കാലി കശാപ്പ് നിരോധന നിയമം തുടങ്ങിയ വിഷയങ്ങളെ കേവല മുസ്‌ലിം പ്രശ്നങ്ങളാക്കി അവതരിപ്പിക്കാനാണ് പലരും ശ്രമിച്ചത്. ഈഴവർ, ദലിതുകൾ, ക്രിസ്ത്യാനികൾ, മുസ്‌ലിംകൾ തുടങ്ങിയ എല്ലാവരെയും ബാധിക്കുന്ന വിഷയമാണ് ഏക സിവിൽ കോഡ്.

ബീഫ് കയറ്റുമതി ചെയ്യുന്ന വമ്പൻ കമ്പനികൾ നടത്തുന്നതിൽ പലരും സംഘപരിവാർ നേതാക്കളാണെന്നത് പരസ്യമായ രഹസ്യമാണ്. കാലി വളർത്തലും കശാപ്പുമെല്ലാം രാജ്യത്തിന്റെ വരുമാനവുമായി ബന്ധപ്പെട്ട വിഷയമാണ്. നാനാജാതി മനുഷ്യരുടെ ആഹാരത്തിന്റെയും ജീവിത മാർഗത്തിന്റെയും വിഷയമാണ്. അഥവാ രാജ്യത്തിന്റെ മൊത്തത്തിലുള്ള പ്രശ്നമാണ്. അത് കേവല മുസ്‌ലിം പ്രശ്നമാക്കി മാറ്റാൻ സമ്മതിക്കരുത്.

**ഒന്നിച്ച് പോരാടുക**

വർഗീയ ധ്രുവീകരണമുണ്ടായാൽ അത് സ്വൈരജീവിതത്തെയാണ് തല്ലിത്തകർക്കുന്നത്. വിവിധ മതവിഭാഗങ്ങൾ ഒന്നിച്ച് കഴിയുന്ന ഇന്ത്യയുടെ ഗ്രാമങ്ങളിൽ ധ്രുവീകരണമുണ്ടാക്കുന്ന മുറിവ് എത്ര വലുതായിരിക്കും? കലാപമുണ്ടായ പ്രദേശങ്ങളിലെ ഇപ്പോഴത്തെ സാമൂഹ്യജീവിതം പഠിക്കുന്ന ഏതൊരാൾക്കും അത് തിരിച്ചറിയാൻ പ്രയാസമുണ്ടാവില്ല.

അതുകൊണ്ട് നാം ഒന്നിച്ച് നിൽക്കണം. നമ്മുടെ മക്കളെ തമ്മിലടിപ്പിക്കാൻ സമ്മതിക്കരുത്. നമ്മുടെ പ്രദേശത്ത് രക്തപ്പുഴ ഒഴുക്കരുത്. രാജ്യത്ത് അരാജകത്വം വാഴരുത്. മതേതര മനസ്സുള്ള മുഴുവൻ പൗരന്മാരും ഒന്നിച്ച് നിന്ന് വർഗീയതയാകുന്ന വിപത്തിനെതിരെ പോരാടണം.

മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളുടെ നേതൃത്വങ്ങൾ കൂടിയിരിക്കണം. മറ്റുള്ള ഭിന്നതകൾ മാറ്റി വെച്ച് വർഗീയതക്കെതിരിൽ ഒന്നിച്ച് നീങ്ങണം. രാഷ്ട്രപതി തെരഞ്ഞെടുപ്പിൽ കാണിച്ച മാതൃക ആവർത്തിക്കണം. എല്ലാ വിഭാഗത്തിലെയും ന്യൂനപക്ഷ സമുദായത്തിലെ നേതാക്കന്മാർ ഒന്നിച്ചിരിക്കണം. രാജ്യ നന്മ മുന്നിൽ കണ്ട് മറ്റു ഭിന്നതകൾ മറക്കണം.

തെരഞ്ഞെടുപ്പ് കാലത്ത് നടക്കാറുള്ള വർഗീയ കക്ഷികളുമായുള്ള രഹസ്യ ബാന്ധവം മുഖ്യ ധാരാ രാഷ്ട്രീയ പാർട്ടികൾ അവസാനിപ്പിക്കണം.

**സംയമനം ഗുണം ചെയ്തോ?**

ചെയ്തിട്ടുണ്ട്...! ഇ. അഹ്മദ് സാഹിബ് മരണപ്പെട്ടപ്പോൾ ഒഴിവ് വന്ന സ്ഥാനത്തേക്ക് നടന്ന ലോക് സഭാ ഉപതെരഞ്ഞെടുപ്പിന് മുന്നോടിയായി മലബാറിൽ ഒരു കലാപം ഉണ്ടാക്കാൻ നിമിത്തമാകുന്ന അനവധി പ്രകോപനങ്ങൾ ചിലർ ഉണ്ടാക്കിയിരുന്നു. മലപ്പുറം കളക്ടറേറ്റ് സ്ഫോടനം, തിരൂരങ്ങാടി കൊടിഞ്ഞിയിലെ ഫൈസലിന്റെ നിഷ്ഠൂരമായ കൊലപാതകം, കാസർകോഡ് റിയാസ് മൗലവിയുടെ വധം... തുടങ്ങിയ സംഭവങ്ങൾ അരങ്ങേറിയതിന്റെ ലക്ഷ്യം മലബാറിലെ മുസ്‌ലിംകളെ പ്രകോപി

പ്പിക്കുകയും അങ്ങനെ കലാപത്തിന് തിരികൊളുത്തുകയും സമാധാനവാദികളായ ഹൈന്ദവരെ വർഗീയ ചേരിയിലേക്ക് നയിക്കലുമായിരുന്നു.

എന്നാൽ മുസ്‌ലിംകൾ സംയമനം പാലിച്ചു. നിയമത്തിന്റെ വഴിമാത്രം അവലംബിച്ചു. മുസ്‌ലിംകൾ പ്രകോപിതരാകാതിരുന്നപ്പോൾ അവരെ തെരുവിലിറക്കാനായി സാമൂഹ്യ മാധ്യമങ്ങളിൽ സന്ധ്യാമേഡം എന്ന പേരിൽ ഒരു സ്ത്രീയുടെ വ്യാജ ശബ്ദം പ്രചരിച്ചിരുന്നു. മുസ്‌ലിം യുവാക്കളോട് ആയുധമെടുത്ത് രംഗത്തിറങ്ങാനാണ് ആ വോയ്സ് ക്ലിപ്പിലൂടെ ആവശ്യപ്പെട്ടിരുന്നത്. എന്നാൽ ഉദ്ബുദ്ധരായ മലബാർ ജനത ആ ശബ്ദത്തെ അവഗണിച്ചു.

അതുകൊണ്ട് തന്നെ ഒരു ലക്ഷം പുതിയ വോട്ടർമാർ ഉണ്ടായിട്ടും ഇലക്ഷൻ കഴിഞ്ഞപ്പോൾ വർഗീയ വാദികളുടെ വോട്ട് പ്രതീക്ഷക്കൊത്ത് വർധിച്ചില്ല. സംയമനത്തിന്റെ സദ്ഫലമായിത്തന്നെ നാമതിനെ വിലയിരുത്തണം.

2002ൽ ബാബരി മസ്ജിദ് ധ്വംസനത്തോടെ കേരളത്തിൽ ഉയർന്നുവന്ന വൈകാരിക പ്രതിഷേധങ്ങളുടെ പരിണിതിയും സംയമനത്തോടെയുള്ള ചുവടുവെപ്പിന്റെ സദ്ഫലങ്ങളും വിലയിരുത്തിയാൽ ഈ സന്ദർഭത്തെ മറികടക്കാൻ നല്ലൊരു രൂപരേഖ നമ്മുടെ മുന്നിൽ തെളിയും. അക്കാലത്ത് അക്ഷമരായി എടുത്ത് ചാടിയ പലരും പിന്നീട് ആ നിലപാടിൽ ഖേദിച്ചിട്ടുണ്ട്. പരസ്യമായി ക്ഷമാപണം പോലും നടത്തിയിട്ടുണ്ട്.

**പ്രതികരണത്തിന്റെ ലക്ഷ്യമെന്ത്?**

ഏകപക്ഷീയമായ വർഗീയ കലാപങ്ങൾ റിപ്പോർട്ട് ചെയ്യുമ്പോഴെല്ലാം ഉയർന്ന് കേൾക്കുന്ന ചോദ്യമാണ് എന്താണ് മുസ്‌ലിം നേതൃത്വം പ്രതികരിക്കാത്തത് എന്ന്.

ഇവിടെ ചില ചോദ്യങ്ങൾ ചോദിക്കേണ്ടി വരുന്നു. എന്തിനാണ് പ്രതികരിക്കുന്നത്?

ഞാനും പ്രതികരിച്ചു, അല്ലങ്കിൽ എന്റെ സംഘടനയും പ്രതികരിച്ചു എന്ന് വരുത്തിത്തീർക്കാനാണ് പ്രതികരണമെങ്കിൽ ആ പ്രതികരണം അനാവശ്യമാണ്.

**ഇന്ത്യൻ മതേതരത്വത്തിന്റെ മാറിടത്തിലൂടെ കലാപത്തിന്റെ രഥമുരുട്ടിയ ഒട്ടനവധി വർഗീയ കലാപങ്ങൾക്ക് നമ്മുടെ നാട് സാക്ഷ്യം വഹിച്ചിട്ടുണ്ട്. അപ്പോഴെല്ലാം രാജ്യസ്നേഹികളായ വിവേകമതികൾ ഓരോ മതവിഭാഗത്തിൽ നിന്നും രംഗത്ത് വരികയും ധ്രുവീകരണത്തിന്റെ അഗ്നിയെ അണക്കുകയും ചെയ്തിട്ടുണ്ട്. അതിന് അവർ സ്വീകരിച്ച പക്വമായ വഴികൾ ചരിത്രത്തിൽ ഇപ്പോഴും ജ്വലിച്ച് നിൽക്കുന്നുണ്ട്. എന്നാൽ യഥാർഥ ചരിത്രത്തെ ഭയക്കുന്നവരും കലാപം കൊതിക്കുന്ന ദുശ്ശക്തികളും ചരിത്രത്തെ മറപ്പിക്കാനാണ് ശ്രമിക്കുക.**

മറ്റുള്ള സംഘടനകളൊന്നും പ്രതികരിച്ചില്ല, ഞങ്ങളുടെ സംഘടനയാണ് ആദ്യം പ്രതികരിച്ചതെന്നും മറ്റു സംഘടനകൾക്കൊന്നും സമുദായ സ്നേഹമില്ലന്നും വരുത്തിത്തീർക്കാനാണെങ്കിൽ ആ പ്രതികരണവും നമുക്കാവശ്യമില്ല.

പൊതു പ്രശ്നങ്ങളെ മുസ്‌ലിം പ്രശ്നങ്ങളാക്കി അവതരിപ്പിച്ച് മതേതര ചേരിയിലുള്ളവരെക്കൂടി വർഗീയ വാദികൾക്ക് തീറെഴുതിക്കൊടുക്കാൻ മാത്രം സാധിക്കുന്ന പ്രതിഷേധ കൂട്ടായ്മകൾ ദോഷം മാത്രമെ വരുത്തുകയുള്ളൂ.

പ്രശ്നം പരിഹരിക്കാതെ നിലനിർത്തലാണ് ചിലരുടെ ലക്ഷ്യം തന്നെ. രാജ്യത്തെ പ്രതിപക്ഷ കക്ഷികൾക്കും ജനാധിപത്യ സംവിധാനത്തിൽ ചില ചുമതലകളുണ്ട്. വലിയ ലക്ഷ്യത്തിന് വേണ്ടി ചെറിയ അഭിപ്രായ വ്യത്യാസങ്ങൾ മാറ്റിവെച്ച് യോജിച്ച പ്രക്ഷോഭങ്ങൾ ഒറ്റക്കെട്ടായി സംഘടിപ്പിക്കാൻ സാധിക്കണം. യു.പി.എക്കും വലിയ ഉത്തരവാദിത്തങ്ങളുണ്ട്. രാജ്യത്തെ മുഴുവൻ മതേതര കക്ഷികളെയും ഒരുമിപ്പിച്ച് നിർത്തുന്നതിനും പാർലമെന്റിന് അകത്തും പുറത്തും ഒറ്റക്കെട്ടായി നിലയുറപ്പിക്കുന്നതിനും നേതൃത്വം നൽകാൻ യു.പി.എക്ക് സാധിക്കണം. തീർച്ചയായും രാജ്യം പ്രതീക്ഷയർപ്പിക്കുന്നത് പ്രതിപക്ഷത്തിന്റെ ഒറ്റക്കെട്ടായുള്ള മുന്നേറ്റത്തിലാണ്. ●

## സൃഷ്ടികൾ ക്ഷണിക്കുന്നു

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building, Kallai Road Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com,www.nerpatham.com

റാഷിദ ബിൻത് ഉസ്മാൻ
AIWA കോളേജ്, മോങ്ങം



# ഐക്യത്തിലാണ് വിജയം

ഒരു ദിവസം ഒരു വേട്ടക്കാരൻ പക്ഷികളെ പിടിക്കാനായി പുഴയുടെ തീരത്ത് വലവിരിച്ചു. വലയിൽ കുറെ ധാന്യമണികൾ വിതറി. അതു കണ്ട് അനേകം പക്ഷികൾ വലയിൽ വന്നിരുന്നു. അവയെല്ലാം വലയിൽ കുടുങ്ങി. ഇനി എന്ത് ചെയ്യും? നമുക്കെല്ലാവർക്കും ഒന്നിച്ച് പറക്കാം എന്ന് ബുദ്ധിമാനായ ഒരു പക്ഷി അഭിപ്രായപ്പെട്ടു. എല്ലാവരും അത് സമ്മതിച്ചു.

എല്ലാവരും ഒന്നിച്ചു പറന്നുയർന്നു. ഒരുകൂട്ടം പക്ഷികൾ വലയുമായി പറന്നുയരുന്നത് കണ്ട വേട്ടക്കാരൻ അത്ഭുതപ്പെട്ടു. എന്തൊരു ഐക്യം! ഒത്തൊരുമ കൊണ്ടാണല്ലോ വലയുമായി പറക്കാൻ കഴിയുന്നത്. ഏതായാലും എന്ത് സംഭവിക്കുന്നു എന്ന് നോക്കാം. അയാൾ പക്ഷികളെ പിന്തുടർന്ന് നടക്കാൻ തുടങ്ങി. അങ്ങനെ പോകുന്ന വഴി ഒരാൾ അയാളെ കണ്ടുമുട്ടി.

“എങ്ങോട്ടാ ഇത്ര തിരക്കിട്ട് നടന്നുപോകുന്നത്?” അയാൾ വേട്ടക്കാരനോട് ചോദിച്ചു.

മുകളിൽ പറക്കുന്ന പക്ഷികളെ ചൂണ്ടിക്കാണിച്ചുകൊണ്ട് വേട്ടക്കാരൻ പറഞ്ഞു: “ഞാൻ ആ പക്ഷികളെ പിടിക്കാൻ പോകുകയാണ്.”

അയാൾ ചിരിച്ചുകൊണ്ട് പറഞ്ഞു: “അല്ലാഹു താങ്കൾക്ക് അൽപമെങ്കിലും ബുദ്ധി തരുമാറാകട്ടെ! ആ പക്ഷികളെ പിടിക്കാൻ കഴിയുമെന്നാണോ താങ്കൾ വിചാരിക്കുന്നത്?''

“അതിൽ ഒരു പക്ഷി മാത്രമെ ഉണ്ടായിരുന്നുള്ളുവെങ്കിൽ എനിക്കതിനെ പിടിക്കാൻ കഴിയുമായിരുന്നില്ല. എന്നാൽ ധാരാളം പക്ഷികളുള്ളതുകൊണ്ട് എനിക്കവയെ പിടിക്കാൻ കഴിയും. കാത്തിരുന്നു കാണുക” വേട്ടക്കാരൻ പറഞ്ഞു.

വേട്ടക്കാരൻ പറഞ്ഞത് ശരിയായിരുന്നു. രാത്രിയാവാനായപ്പോൾ ഓരോ പക്ഷിക്കും തന്റെ കൂട്ടിലേക്ക് പോകണമെന്നായി. ചിലർ താമസിക്കുന്നത് കാട്ടിലാണ്. ചിലർ തടാകത്തിനരിലെ മരക്കൊമ്പിൽ. വേറെ ചിലർ മലമുകളിൽ. ചിലർ അങ്ങാടികളിലെ മരങ്ങളിൽ. ഒരു വലക്കുള്ളിൽ കുടുങ്ങിയ അവർക്ക് എങ്ങനെ പല സ്ഥലങ്ങളിലേക്ക് പറക്കാൻ കഴിയും? പക്ഷേ, അവർ അതിനായി പരിശ്രമിച്ചു. പലരും പല ദിശകളിലേക്ക് പറന്നു. വലയുടെ ഉള്ളിൽ പല ഭാഗങ്ങളിലേക്കായി പറന്നിട്ട് എന്തു കാര്യ? അവസാനം വലയുമായി ഒന്നിച്ച് അവ താഴേക്ക് വീണു. വേട്ടക്കാരൻ ഓടിച്ചെന്ന് എല്ലാ പക്ഷികളെയും പിടികൂടി. ഒരേ ദിശയിലേക്ക് പറന്നിരുന്നെങ്കിൽ വേട്ടക്കാരന് അവയെ പിടിക്കാൻ കഴിയുമായിരുന്നില്ല.

കൂട്ടുകാരേ, ആപത്തിൽ അകപ്പെട്ടാൽ രക്ഷപ്പെടുക എന്ന ഒരേ ലക്ഷ്യത്തോടെ ഒത്തൊരുമയിൽ ബുദ്ധിപൂർവം പ്രവർത്തിക്കണം. മുഹമ്മദ് നബിﷺ പറഞ്ഞു: “നിങ്ങൾ സംഘമായി നിലകൊള്ളുക. തീർച്ചയായും ഒറ്റപ്പെട്ട മൃഗത്തെയാണ് ചെന്നായ പിടിക്കുക.” **(ആശയ വിവർത്തനം)**



ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com


ബാലപഥം

# അറിയാമോ?

അന്തിമദൂതൻ ആരാണ്?
മുത്ത് മുഹമ്മദ് സ്വല്ലല്ലാഹ്!
അന്തിമവേദം ഏതാണ്?
വിശുദ്ധ ഖുർആനാണല്ലോ!
വിശുദ്ധ ഖുർആനെന്താണ്?
റബ്ബൊരുവന്റെ കലാമാണ്!
ആരീ വേദം എത്തിച്ചു?
ജിബ്രീലെന്ന മലക്കാണ്!
എന്തിനു വേണ്ടി ഈ ഖുർആൻ?
ജീവിത മാർഗം കാട്ടാനായ്,
നന്മയും തിന്മയുമെല്ലാമെ
എന്താണെന്ന് പഠിപ്പിക്കാൻ!
നന്മകൾ ചെയ്താൽ എന്ത് ഗുണം?
പകരം സ്വർഗം കിട്ടീടും!
തിന്മകൾ ചെയ്താൽ എന്താകും?
നരകത്തീയിൽ എത്തീടും!
പ്രാർഥനയാരോടാകേണം?
ഏകൻ റബ്ബൊരുവനോട്!
ആരാധനകൾ അർഹിക്കും
ആരും വേറെ ഇല്ലെന്നോ?
അല്ലാഹ് ഒരുവൻ അല്ലാതെ
അർഹൻ ആരും ഇല്ലല്ലോ!
സൃഷ്ടികളോട് ദുആ ചെയ്താൽ
സ്രഷ്ടാവേകൻ കോപിക്കും!
കടുത്ത പാപമതെന്നറിയൂ
ഒരിക്കലും അത് ചെയ്യരുതേ!

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com





# നൂഹ് നബി عليه السلام

പ്രവാചകന്മാരുടെ എണ്ണം കൃത്യമായി നമുക്കറിയില്ലെന്നും, 25 പ്രവാചകന്മാരുടെ പേരുകളാണ് ക്വുർആനിൽ വന്നിട്ടുള്ളതെന്നും അവരിൽ 'ഉലുൽ അസ്മ്' എന്ന പേരിലറിയപ്പെടുന്ന അഞ്ച് നബിമാർക്ക് പ്രത്യക സ്ഥാനമുണ്ടെന്നും നാം മുമ്പ് മനസ്സിലാക്കിയതാണ്. ഈ അഞ്ച് നബിമാരിൽ ആദ്യമായി എണ്ണപ്പെടുന്നത് നൂഹ് عليه السلام ആണ്. അല്ലാഹു റസൂലായി അയച്ചിട്ടുള്ളവരിൽ ആദിമനാണ് അദ്ദേഹം. മഹ്ശറിൽ ജനകോടികൾ ശുപാർശക്കായി ആദ്യപിതാവ് ആദമിന്റെ അടുക്കൽ ചെല്ലുമ്പോൾ അദ്ദേഹം ഇ പ്രകാരം പറയുന്നതായി ഹദീസിൽ കാണാം.

"ആദം عليه السلام പറയും: നിങ്ങൾ നൂഹിന്റെ അടുത്തേക്ക് പോകുക." അങ്ങനെ അവർ നൂഹ് നബി عليه السلام യുടെ അടുക്കൽ ചെല്ലും. എന്നിട്ട് അവർ പറയും: "ഓ, നൂഹ്. താങ്കൾ ഭൂമിയിലേക്ക് അയക്കപ്പെട്ട ആദ്യത്തെ റസൂലാണല്ലോ" (ബുഖാരി, മുസ്‌ലിം).

ആദം عليه السلام ന് ശേഷം പത്ത് തലമുറകൾ പിന്നിട്ടതിന് ശേഷമാണ് നൂഹ് عليه السلام വരുന്നത്. ആദം നബി عليه السلام ന്റെയും നൂഹ് عليه السلام ന്റെയും ഇടയിലുള്ള കാലയളവ് എത്രയായിരുന്നുവെന്ന് നബി ﷺ യോട് ചോദിച്ചപ്പോൾ അവിടുന്ന് പറഞ്ഞത് ഇപ്രകാരമായിരുന്നു:

"...പത്ത് നൂറ്റാണ്ട്"(ഇബ്നു ഹിബ്ബാൻ). (പത്ത് തലമുറകൾ എന്നും അർഥം പറയാവുന്നതാണ്). ഈ കാലയളവിൽ ജീവിച്ചിരുന്നവരൊന്നും ശിർക്ക് ചെയ്യുന്നവരായിരുന്നില്ല. എന്നാൽ മറ്റു പാപങ്ങൾ ചെയ്യാത്തവരായിരുന്നുവെന്ന് ഇതിൽ നിന്ന് മനസ്സിലാക്കിക്കൂടാത്തതുമാകുന്നു. ആദം നബിയുടെ മക്കളിൽ സംഭവിച്ചത് നാം മുമ്പ് വിവരിച്ചിട്ടുണ്ട്. അഥവാ ശു

ഢ പ്രകൃതിയിലായിരുന്നു അവരുണ്ടായിരുന്നത്. ഇബ്നു അബ്ബാസ്ﷺ പറയുന്നത് കാണുക:

“ആദമിനും നൂഹിനും ഇടയിൽ പത്ത് നൂറ്റാണ്ടുകളുണ്ടായിരുന്നു. അവരെല്ലാവരും ശരിയായ ശരീഅത്തിലായിരുന്നു” (ഹാകിം). കളങ്കരഹിതമായ വിശ്വാസത്തിലായിട്ടാണ് അല്ലാഹു ഏതൊരുത്തനെയും സൃഷ്ടിക്കുന്നത്:

ആകയാൽ (സത്യത്തിൽ) നേരെ നിലകൊള്ളുന്നവനായിട്ട് നിന്റെ മുഖത്തെ നീ മതത്തിലേക്ക് തിരിച്ചു നിർത്തുക. അല്ലാഹു മനുഷ്യരെ ഏതൊരു പ്രകൃതിയിൽ സൃഷ്ടിച്ചിരിക്കുന്നുവോ ആ പ്രകൃതിയത്രെ അത്”(ക്വുർആൻ 30:30). ഏതൊരു കുഞ്ഞും ജനിക്കുന്നത് ശുദ്ധ പ്രകൃതിയിലാണ്. അഥവാ അല്ലാഹുവിനെ മാത്രം ആരാധിക്കുക, അവനിൽ യാതൊന്നിനെയും പങ്കുചേർക്കാതിരിക്കുക എന്ന വക്രതയില്ലാത്ത അല്ലാഹുവിന്റെ മാർഗത്തിലണ്. അതിൽ നിന്ന് വ്യതിചലിപ്പിക്കുന്നത് അവന്റെ മാതാപിതാക്കളാണ്.

ആദംﷺന്റെയും ഹവ്വാﷺയുടെയും ചരിത്രം പറയുമ്പോൾ അവരുടെ മേൽ ചിലർ ശിർക്കിന്റെ ഒരു ആരോപണം ചാർത്തിക്കൊടുത്തത് നാം എടുത്ത് പറഞ്ഞിട്ടുണ്ട്. ഇത് തികച്ചും പ്രമാണ വിരുദ്ധമാണ്. നബിﷺയും അനുചരന്മാരും മനസ്സിലാക്കിയതും വിശ്വസിച്ചതും ആദംﷺനും ഹവ്വാﷺക്കും ശേഷം നൂഹ്ﷺ വരെയുള്ളവരെല്ലാം ശരിയായ ശരീഅത്തിലായിരുന്നുവെന്നാണ്.

കേരളത്തിൽ, ക്വുർആൻ പരിഭാഷപ്പെടുത്തൽ ഹറാമാണെന്ന് ഫത്വ നൽകിയവരിൽ നിന്ന് തന്നെ ഒരു ക്വുർആൻ പരിഭാഷ പുറത്തിറങ്ങി. ആ പരിഭാഷക്ക് പി.എം.എസ്.എ പൂക്കോയ തങ്ങൾ അവതാരിക എഴുതിയപ്പോൾ സുന്നത്ത് ജമാഅത്തിന്റെ തഫ്സീറാണെന്ന് അവകാശപ്പെടുകയും ചെയ്തിട്ടുണ്ട്. പരിഭാഷകനായ ടി.കെ അബ്ദുല്ല മൗലവി പറയുന്നത് കാണുക: “അങ്ങനെ അല്ലാഹു അവർക്ക് നല്ല(കുട്ടിയെ) പ്രദാനം ചെയ്തപ്പോൾ അവർക്കു നൽകിയതിൽ അവന്ന് അവർ പങ്കാളികളെ (ദ്യോതിപ്പിക്കുന്ന നാമം) ആക്കി. അബ്ദുൽ ഹാരിസ് -കർഷകദാസൻ- എന്നു നാമകരണം ചെയ്തു. അബ്ദുല്ല -അല്ലാഹുവിന്റെ ദാസൻ- അല്ലാതെ പാടില്ലായിരുന്നു. ആദം നബി മഅ്സ്വൂമാകയാൽ ഇത് ആരാധനയിൽ പങ്കുചേർക്കലല്ല. നബിﷺയിൽ നിന്ന് സംറത്ത് നിവേദനം ചെയ്യുന്നു: ഹവ്വാ ബീവി പ്രസവിച്ചപ്പോൾ ഇബ് ലീസ് അവരെ ചുറ്റിപ്പറ്റിക്കൂടി. അവൾക്ക് കുട്ടികൾ ജീവിക്കയില്ലായിരുന്നു. നിങ്ങൾ കുട്ടിക്ക് അബ്ദുൽഹാരിസ് എന്ന് നാമകരണം ചെയ്യുകയാണെങ്കിൽ ജീവിക്കുമെന്ന് മന്ത്രിച്ചു. അങ്ങനെ അവർ ആ പേർ നൽകി. അപ്പോൾ അത് പൈശാചിക മന്ത്രത്താലുണ്ടായതാണ്. ഹാകിമും തുർമുദിയും ഇതു നിവേദനം ചെയ്തിരിക്കുന്നു. എന്നാൽ അവർ (മക്കാ നിവാസികൾ) പങ്കുചേർക്കുന്നതിൽ നിന്ന് അല്ലാഹു ഉന്നതനായിരിക്കുന്നു.”

**മഹാന്മാരായിരുന്ന അഞ്ചാളുകളോടാണ് നൂഹ്ﷺന്റെ ജനത പ്രാർഥിച്ചിരുന്നത്. ഇവർ അല്ലാഹുവിനോട് ദുആ ചെയ്താൽ ഉത്തരം നൽകപ്പെടുന്നവരായിരുന്നു. ആളുകൾക്ക് സംശയങ്ങൾ ദൂരീകരിച്ചു കൊടുക്കുന്നവരായിരുന്നു, എല്ലാവരാലും ആദരണീയരും ബഹുമാന്യരുമായിരുന്നു. അവർ മരണപ്പെട്ടതിന് ശേഷം അവരെ ഉപയോഗപ്പെടുത്തി പിശാച് ആ ജനങ്ങളെ ശിർക്കിലേക്ക് എത്തിക്കുകയായിരുന്നു. പിശാച് അവരോട് കൽപിച്ചത് അവരെ ആരാധിക്കുവാൻ വേണ്ടിയായിരുന്നില്ല. അവരുടെ ഒരു പ്രതിമ നിർമിക്കുവാനായിരുന്നു. എന്നാൽ ഈ പ്രതിമ ഉണ്ടാക്കിയവർ മരണപ്പെട്ടതിന് ശേഷം പിൽകാലക്കാരെ പിശാച് അവയോട് പ്രാർഥക്കാൻ പ്രേരിപ്പിച്ചു.**

ശിർക്ക് പോലെയുള്ള മഹാപാപങ്ങളോ, ചതി, കൊലപാതകം, മോഷണം, വ്യഭിചാരം, കള്ളംപറയൽ തുടങ്ങിയ യാതൊരു തെറ്റും പ്രവാചകന്മാരിൽ നിന്നും സംഭവിക്കില്ല. കാരണം അവർ പാപസുരക്ഷിതരാണ്. അതിനാൽ ഈ വ്യാഖ്യാനത്തിൽ കാണുന്നത് പോലെയുള്ള ശിർക്കിന്റെ വശങ്ങൾ ഒരിക്കലും ഒരു പ്രവാചകനിലേക്ക് ചേർത്തിപ്പറയാവുന്നതല്ല.

പിശാചിന്റെ ദുർബോധനത്താൽ സംഭവിച്ച ഒരു പിഴവിന് അങ്ങേയറ്റത്തെ കുറ്റബോധത്താൽ ആദമും ഹവ്വായും അല്ലാഹുവിനോട് പശ്ചാത്തപിക്കുകയും ആ പശ്ചാത്താപം അല്ലാഹു സ്വീകരിക്കുകയും ചെയ്തുവെന്ന് ക്വുർആൻ വ്യക്തമാക്കിയത് നാം വിവരിച്ചു കഴിഞ്ഞു. എന്നാൽ അതിലേറെ വലിയ മഹാപാപമായ ശിർക്ക് അദ്ദേഹത്തിൽ നിന്ന് വന്നുവെങ്കിൽ അല്ലാഹുവിനോട് അദ്ദേഹം അത് പൊറുത്തു കിട്ടാനായി നടത്തിയ പാപമോചനവും പശ്ചാത്താപവും അല്ലാഹു വിശുദ്ധ ക്വുർആനിലൂടെയോ അല്ലെങ്കിൽ നബിﷺ പഠിപ്പിച്ചതായി സ്വീകാര്യയോഗ്യമായ ഹദീഥിലൂടെയോ നമുക്ക് ലഭിക്കുമായിരുന്നു. അങ്ങനെയൊന്ന് ഇല്ലെന്ന് നമുക്ക് തീർത്ത് പറയാൻ സാധിക്കുന്ന സാഹചര്യത്തിൽ ഇത് ആ

ദംﷺന്റെ പേരിൽ നിർമിക്കപ്പെട്ട ഒരു റിപ്പോർട്ടായി നമുക്ക് മനസ്സിലാക്കാം.

ആദംﷺന്റെ മക്കളായ ക്വാബീലിന്റെ സന്തതികൾ അഗ്നിയെ ആരാധിക്കുന്നവരായിരുന്നുവെന്ന് ചില ചരിത്രകാരന്മാരുടെ പരാമർശങ്ങളിൽ വന്നതും അടിസ്ഥാനരഹിതമാണ്. ഇബ്നു അബ്ബാസ് പറഞ്ഞു: "ആദമിനും നൂഹിനും ഇടയിൽ പത്ത് തലമുറകൾ ഉണ്ടായിരുന്നു. അവരെല്ലാവരും യഥാർഥ ശരീഅത്തിലായിരുന്നു. പിന്നീട് അവർ ഭിന്നിച്ചു. അപ്പോൾ സന്തോഷവാർത്ത അറിയിക്കുന്നവരായും താക്കീത് നൽകുന്നവരായും അല്ലാഹു പ്രവാചകന്മാരെ അയച്ചു."

ആദംﷺ മുതൽ നൂഹ്ﷺ വരെയുള്ള ജനങ്ങളെല്ലാം തൗഹീദിലായിരുന്നു. എന്നാൽ പിന്നീട് അവരിൽ (നൂഹ്ﷺന്റെ ജനതയിൽ) ശിർക്ക് സംഭവിച്ചു. ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ ഇതു സംബന്ധമായി പറയുന്നത് കാണുക:

"ആദം സന്തതികളിൽ സംഭവിച്ച ആദ്യത്തെ ശിർക്ക് ഇതായിരുന്നു. അത് നൂഹ്ﷺന്റെ ജനതയിലുമായിരുന്നു."

മനുഷ്യ സമൂഹത്തിൽ ശിർക്കിന്റെ തുടക്കം എങ്ങനെയായിരുന്നു? രണ്ട് അല്ലാഹു ഉണ്ടെന്ന് വാദിച്ചുകൊണ്ടായിരുന്നില്ല ശിർക്കിന്റെ രംഗപ്രവേശനം. നൂഹ് നബിﷺന്റെ ജനതയിലുള്ളവർ അഞ്ച് പ്രധാനപ്പെട്ട ആളുകളെ ആരാധിച്ചിരുന്നു. അവരുടെ പേരുകൾ ക്വുർആൻ തന്നെ വ്യക്തമാക്കിയിട്ടുണ്ട്.

"അവർ പറഞ്ഞു: (ജനങ്ങളേ,) നിങ്ങൾ നിങ്ങളുടെ ദൈവങ്ങളെ ഉപേക്ഷിക്കരുത്. വദ്ദ്, സുവാഉ്, യഗൂഥ്, യഊക്, നസ്വർ എന്നിവരെ നിങ്ങൾ ഉപേക്ഷിക്കരുത്" (ക്വുർആൻ 71:23).

ആരായിരുന്നു ഈ പേര് പറയപ്പെട്ടവർ? ഇബ്നു അബ്ബാസ് ഇവരെക്കുറിച്ച് പറയുന്നത് കാണുക: "നൂഹ് നബിയുടെ ജനതയിലുണ്ടായിരുന്ന ചില സജ്ജനങ്ങളുടെ പേരുകളാണവ. അങ്ങനെ അവർ മരിച്ചു പോയപ്പോൾ, അവർ ഇരിക്കാറുണ്ടായിരുന്ന ഇരിപ്പിടങ്ങളിൽ അവരുടെ പേരു നൽകിക്കൊണ്ട് ചില പ്രതിഷ്ഠകൾ സ്ഥാപിക്കണമെന്ന് പിശാച് ജനങ്ങൾക്ക് ദുർബോധനം നൽകി. അവരതു ചെയ്യുകയും ചെയ്തു. എന്നാലവ ആരാധിക്കപ്പെട്ടിരുന്നില്ല. അങ്ങനെ, അക്കൂട്ടർ നശിച്ചുപോകുകയും ചെയ്തു. (അങ്ങനെ അവരെക്കുറിച്ചുള്ള) അറിവ് (പിശാച്) മറപ്പിക്കുകയും (അവ) ആരാധിക്കപ്പെടുകയും ചെയ്തു" (ബുഖാരി).

ഇബ്നുൽ ക്വയ്യിം പറയുന്നു: "പൂർവികരിൽ ചിലർ പറഞ്ഞു: അവർ മരിച്ചപ്പോൾ അവരുടെ ക്വബ്റുകൾക്കരികിൽ അവർ ഭജനമിരിക്കുകയും പിന്നീട് അവരുടെ രൂപങ്ങൾ ഉണ്ടാക്കുകയും ചെയ്തു. കാലം കുറെ ദീർഘിച്ചപ്പോൾ അവർ അവരെ ആരാധിച്ചു."

മഹാന്മാരായിരുന്ന അഞ്ചാളുകളോടാണ് നൂഹ്ﷺന്റെ ജനത പ്രാർഥിച്ചിരുന്നത്. ഇവർ അല്ലാഹുവിനോട് ദുആ ചെയ്താൽ ഉത്തരം നൽകപ്പെടുന്നവരായിരുന്നു. ആളുകൾക്ക് സംശയങ്ങൾ ദൂരീകരിച്ചു കൊടുക്കുന്നവരായിരുന്നു, എല്ലാവരാലും ആദരണീയരും ബഹുമാന്യരുമായിരുന്നു. അവർ മരണപ്പെട്ടതിന് ശേഷം അവരെ ഉപയോഗപ്പെടുത്തി പിശാച് ആ ജനങ്ങളെ ശിർക്കിലേക്ക് എത്തിക്കുകയായിരുന്നു. തുടക്കത്തിൽ പിശാച് അവരോട് കൽപിച്ചത് അവരെ ആരാധിക്കുവാൻ വേണ്ടിയായിരുന്നില്ല. കേവലം അവരുടെ ഒരു പ്രതിമ നിർമിക്കുവാനാണ് പ്രേരിപ്പിച്ചത്. എന്നാൽ ഈ പ്രതിമ ഉണ്ടാക്കിയവർ മരണപ്പെട്ടതിന് ശേഷം പിൽകാലക്കാരെ പിശാച് അവയോട് പ്രാർഥിക്കാൻ പ്രേരിപ്പിച്ചു. അങ്ങനെ അവർ പ്രാർഥനകളും വഴിപാടുകളും നേർച്ചകളും അർപ്പിക്കാൻ തുടങ്ങി. അങ്ങനെ അവർ ശിർക്കിൽ കൂപ്പുകുത്തി. അവരോടാണ് നൂഹ്ﷺന് അല്ലാഹുവിനോട് മാത്രമെ പ്രാർഥിക്കാവൂ എന്ന് പറയേണ്ടി വന്നത്. ●

---

**(പേജ് 4ൽ നിന്ന് തുടർച്ച)**

റുകിവരികയാണ്. വളരെ ലാഘവത്തോടെ കാണേണ്ട ഒന്നല്ല ഇത്.

വർത്തമാന കാലഘട്ടത്തിലെ ദൗത്യനിർവഹണത്തിൽ സൃഷ്ടിപരമായ പങ്കുവഹിക്കുവാൻ നമുക്കു കഴിയണം. അതിൽ വരുത്തുന്ന ഏത് അലംഭാവവും ഒരു പരാജയത്തെ ക്ഷണിച്ചുവരുത്തലായിരിക്കും.

ശിർക്ക്-കുഫ്റുകളോട് രാജിയാകണമെന്നോ പ്രബോധനത്തിലെ മുൻഗണനാ ക്രമങ്ങൾ മാറ്റിമറിക്കണമെന്നോ അർഥമാക്കേണ്ടതില്ല. നിലവിലുള്ള ജനാധിപത്യ സംവിധാനങ്ങളുടെ പരിരക്ഷ സുപ്രധാനമാണ്. പ്രബോധനത്തിനും സംവാദങ്ങൾക്കും സമാധാനാന്തരീക്ഷവും ജനാധിപത്യ സംവിധാനവും അചഞ്ചലമായി നിലനിൽക്കേണ്ടതുണ്ട്. അതുകൊണ്ടുതന്നെ ജനാധിപത്യ പരിരക്ഷക്കുള്ള ഏത് പരിശ്രമങ്ങളും ജീവവായുപോലെ ദീനീ പ്രവർത്തകർ കാണേണ്ടതുണ്ട്.

**-മന്ദലാംകുന്ന് മുഹമ്മദുണ്ണി** ●

ഫദ്‌ലുൽ ഹഖ് ഉമരി
kmfumari@gmail.com

ലേഖനം

**നല്ല മനസ്സും നല്ല മനുഷ്യനും: 9**

# പിശുക്ക്

വ്യക്തികളെയും സമൂഹത്തെയും ബാധിക്കുന്ന ഒരു ഹൃദയ സംബന്ധമായ രോഗമാണ് പിശുക്ക്. ഇത് ഏറെ അപകടകാരിയാണ്, ദുഷിച്ച സ്വഭാവവും ചീത്ത പ്രകൃതിയുമാണ്. പ്രമാണങ്ങൾ ഇതിനെതിരെ താക്കീത് നൽകുന്നുണ്ട്.

ഒരാളുടെയും ബുദ്ധിയും ചിന്തയും ചീത്തയായി എന്ന് അംഗീകരിക്കുന്ന സ്വഭാവമാണിത്. അല്ലാഹു പറയുന്നു: "ഏതൊരാൾ തന്റെ മനസ്സിന്റെ പിശുക്കിൽ നിന്ന് കാത്തുരക്ഷിക്കപ്പെടുന്നുവോ അത്തരക്കാർ തന്നെയാകുന്നു വിജയം പ്രാപിച്ചവർ" (ഹശ്ർ:9).

"അല്ലാഹു അവന്റെ അനുഗ്രഹത്തിൽ നിന്ന് തങ്ങൾക്കു തന്നിട്ടുള്ളതിൽ പിശുക്ക് കാണിക്കുന്നവർ അതവർക്ക് ഗുണകരമാണെന്ന് ഒരിക്കലും വിചാരിക്കരുത്. അല്ല, അവർക്ക് ദോഷകരമാണത്. അവർ പിശുക്ക് കാണിച്ച ധനം കൊണ്ട് ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അവരുടെ കഴുത്തിൽ മാല ചാർത്തപ്പെടുന്നതാണ്" (ആലുഇംറാൻ:180).

"പിശുക്ക് കാണിക്കുകയും പിശുക്ക് കാണിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുകയും തങ്ങൾക്ക് അല്ലാഹു തന്റെ ഔദാര്യം കൊണ്ട് നൽകിയ അനുഗ്രഹം മറച്ചു വെക്കുകയും ചെയ്യുന്നവരാണവർ. ആ നന്ദികെട്ടവർക്ക് അപമാനകരമായ ശിക്ഷയാണ് നാം ഒരുക്കിവെച്ചിരിക്കുന്നത്" (അന്നിസാഅ്:37).

നബിﷺ പറയുന്നു:"അക്രമത്തെ നിങ്ങൾ സൂക്ഷിക്കണം. നിശ്ചയമായും അക്രമം അന്ത്യദിനത്തിലെ ഇരുട്ടുകളിൽ പെട്ടതാണ്. പിശുക്കിനെ നിങ്ങൾ സൂക്ഷിക്കുക. കാരണം പിശുക്കാണ് നിങ്ങൾക്ക് മുമ്പുള്ളവരെ നശിപ്പിച്ചത്. പരസ്പരം രക്തം ചിന്താനും പവിത്രതകൾ കളങ്കപ്പെടുത്താനും അവരെ പ്രേരിപ്പിച്ചത്"(മുസ്‌ലിം).

"പിശുക്കു കാണിക്കുന്നവനും ജനങ്ങൾക്കിടയിൽ കുഴപ്പമുണ്ടാക്കുന്നവനും താൻ ഉടമപ്പെടുത്തിയതിൽ ചീത്ത ഇടപാട് നടത്തുന്നവനും സ്വർഗത്തിൽ പ്രവേശിക്കുകയില്ല"(അഹ്മദ്, തുർമുദി).

പിശുക്കെന്ന രോഗം ഉള്ളതിൽ നബിﷺ നേതൃസ്ഥാനത്തു നിന്നും ഒരാളെ മാറ്റുകയും തൽസ്ഥാനത്ത് മറ്റൊരാളെ നിശ്ചയിക്കുകയും ചെയ്ത സംഭവമുണ്ടായിട്ടുണ്ട്: നബിﷺ ചോദിച്ചു: 'ആരാണ് ബനൂസലമാ നിങ്ങളുടെ നേതാവ്?' അവർ പറഞ്ഞു: 'ജദ്ദുബ്നുഖൈസ്. പക്ഷേ, അദ്ദേഹത്തിൽ പിശുക്കുണ്ട്.' നബിﷺ പറഞ്ഞു: 'പിശുക്കിനെക്കാൾ അപകടകരമായ രോഗം വേറെ ഏതാണ്? ഇനി നിങ്ങളുടെ നേതാവ് ബിശ്റുബ്നുൽബർറാഉബ്നു മഅ്മൂറാണ്'(ഹാകിം).

അബൂഹുറയ്റ(റ)യിൽ നിന്നും നിവേദനം. നബിﷺ പറഞ്ഞിരിക്കുന്നു: "ഓരോ ദിവസവും നേരം പുലരുമ്പോൾ രണ്ട് മലക്കുകൾ ഇറങ്ങിവരും. അവരിൽ ഒരാൾ പറയും: 'അല്ലാഹുവേ, ചെലവഴിക്കുന്നവർക്ക് വീണ്ടും കൊടുക്കേണമേ.' രണ്ടാമത്തെ മലക്ക് പറയും: 'പിടിച്ച് വെക്കുന്നവർക്ക് (പിശുക്ക് കാണിക്കുന്നവർക്ക്) നാശം കൊടുക്കേണമേ' (ബുഖാരി, മുസ്‌ലിം).

ധർമിഷ്ഠനായ ഒരു വ്യക്തി ചെലവഴിക്കാൻ ഉദ്ദേശിച്ചാൽ അവന്റെ ഹൃദയം അതിലേക്ക് വിശാലമാകും. അവന്റെ കൈ അതിന് കീഴൊതുങ്ങും. എന്നാൽ പിശുക്കന്റെ ഹൃദയം കുടുസ്സാവുകയും അവന്റെ കൈ ചുരുട്ടിപ്പിടിക്കുകയും ചെയ്യും.

അലി(റ) പറയുന്നു: "എല്ലാ തിന്മകളുടെയും സംഗമമാണ് പിശുക്ക്." ഇമാം അബൂഹനീഫ പറയുന്നു: "പിശുക്കനെ ഞാനൊരിക്കലും നീതിമാനായി കാണുന്നില്ല. കാരണം പിശുക്കൻ എല്ലാം പൂർണമായി എടുക്കും. അതിനാൽ മറ്റുള്ളവന്റെ അവകാശവും എടുക്കാൻ സാധ്യതയുണ്ട്. അവൻ വഞ്ചിച്ചേക്കാം. ഇങ്ങനെയുള്ള ഒരാൾ വിശ്വസ്തനാവുകയില്ല"(ഇഹ്‌യാ:3/252).

പിശുക്കന്റെ സാക്ഷിപോലും സ്വീകരിക്കാൻ പാടില്ലെന്ന് പണ്ഡിതന്മാർ പറയുന്നുണ്ട്. (അഹ്കാമുൽ ക്വുർആൻ 2/235).

മറ്റുള്ളവർക്കു മുമ്പിൽ നിന്ദ്യതയും ആദരവില്ലായ്മയും ജനങ്ങൾക്കു ഭാരവും എല്ലാം വരുത്തിവെക്കുന്ന രോഗമാണ് പിശുക്ക്. അല്ലാഹുവിന്റെയും ജനങ്ങളുടെയും വെറുപ്പിന് കാരണമാകുന്ന വിഷയമാണത്:

"പിശുക്ക് കാണിക്കുകയും പിശുക്ക് കാണിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുകയും തങ്ങൾക്ക് അല്ലാഹു തന്റെ ഔദാര്യം കൊണ്ട് നൽകിയ അനുഗ്രഹം മറച്ചു വെക്കുകയും ചെയ്യുന്നവരാണവർ. ആ

നന്ദികെട്ടവർക്ക് അപമാനകരമായ ശിക്ഷയാണ് നാം ഒരുക്കിവെച്ചിരിക്കുന്നത്" (അന്നിസാഅ്:36,37).

ഹൃദയത്തിന്റെ കുടുസ്സത വർധിപ്പിക്കുന്ന ഒന്നാണ് പിശുക്കെന്ന് പറഞ്ഞുവല്ലോ. അതോടൊപ്പം 'എനിക്ക്','എനിക്ക് സ്വന്തം' എന്നൊക്കെയുള്ള ചിന്തയും പിശുക്ക് ഉണ്ടാക്കിത്തീർക്കുന്നുണ്ട്. സമൂഹത്തിൽ ഇത് വലിയ വിപത്തിന് കാരണമായിത്തീരുന്നുണ്ട്.

എന്നാൽ കൊടുക്കാനുള്ള മനസ്സ് സമൂഹത്തിൽ വലിയ നിലയിൽ നന്മകൾക്കും സ്നേഹബന്ധങ്ങൾക്കും കാരണമായിത്തീരും. മനുഷ്യത്വത്തിന്റെ പൂർണതയും ബുദ്ധിയുടെ പക്വതയും ഉന്നതമായ പ്രകൃതിയുമാണ് ഈ സ്വഭാവം.

മുസ്‌ലിം സമൂഹം ഒരൊറ്റ ശരീരം പോലെയാണ്. പരസ്പരം കരുണയും സ്നേഹവും കാണിക്കുന്നവരായിരിക്കണം ഓരോരുത്തരും. മറ്റൊരുത്തന്റെ വേദന സ്വന്തം വേദനയായി തോന്നണം. സന്തോഷത്തിലും സന്താപത്തിലും പരസ്പരം പങ്കുചേർന്ന് ദാനമനസ്കതയുടെ പ്രകടരൂപങ്ങളായി മുസ്‌ലിം സമൂഹം മാറണം. പിശുക്കനിൽ കാണാൻ കഴിയാത്ത സ്വഭാവഗുണങ്ങളാണ് ഇതെല്ലാം. തന്റെ ചുറ്റുമുള്ളവരെക്കുറിച്ച് അവന് ഒരു ബോധവുമില്ല.

ജനങ്ങൾക്ക് നന്മയും ഗുണവും ലഭിക്കണമെന്ന അല്ലാഹുവിന്റെ ഉദ്ദേശത്തിന് എതിര് പ്രവർത്തിക്കുന്നവനും ചിന്തിക്കുന്നവനുമാണ് പിശുക്കൻ. ധനികന്റെ സ്വത്തിൽ ദരിദ്രന് അവകാശം നിശ്ചയിച്ചതുതന്നെ അവൻ കൊടുക്കണം എന്നുള്ളതു കൊണ്ടാണ്. തന്റെ പിശുക്ക് കാരണം ഇതു വല്ലവനും തടഞ്ഞുവെച്ചാൽ അവൻ അക്രമിയും അതിരുകവിഞ്ഞവനുമാണ്.

കയ്യിൽ അധികമുള്ളതു കൊണ്ട് മറ്റുള്ളവരോട് സ്നേഹം കാണിക്കൽ ഇസ്‌ലാം പ്രോത്സാഹനം നൽകിയ കാര്യമാണ്. തന്റെ കയ്യിൽ തന്റെ ആവശ്യം കഴിഞ്ഞ് എന്തുണ്ടെങ്കിലും കൊടുക്കാനാണ് നബിﷺ കൽപിച്ചിട്ടുള്ളത്.

അല്ലാഹു നബിﷺയുടെ അനുയായികളെ പുകഴ്ത്തിപ്പറയുന്നത് കാണുക: "അവരുടെ (മുഹാജിറുകളുടെ) വരവിനു മുമ്പായി വാസസ്ഥലവും വിശ്വാസവും സ്വീകരിച്ചുവെച്ചവർക്കും (അൻസ്വാറുകൾക്ക്). തങ്ങളുടെ അടുത്തേക്ക് സ്വദേശം വെടിഞ്ഞു വന്നവരെ അവർ സ്നേഹിക്കുന്നു. അവർക്ക് (മുഹാജിറുകൾക്ക്) നൽകപ്പെട്ട ധനം സംബന്ധിച്ചു തങ്ങളുടെ മനസ്സുകളിൽ ഒരു ആവശ്യവും അവർ (അൻസ്വാറുകൾ) കണ്ടെത്തുന്നുമില്ല. തങ്ങൾക്ക് ദാരിദ്ര്യമുണ്ടായാൽ പോലും സ്വദേഹങ്ങളെക്കാൾ മറ്റുള്ളവർക്ക് അവർ പ്രാധാന്യം നൽകുകയും ചെയ്യും" (അൽഹശ്ർ:9).

തന്റെ സമ്പത്തിൽ നിന്നും മറ്റുള്ളവരുടെ അവകാശങ്ങളായി നിർബന്ധമായോ ഐഛികമായോ കടമയായോ നൽകേണ്ടത് നൽകാതിരിക്കലാണ് പിശുക്ക്. സകാത്, കുടുംബത്തിന്റെ ചെലവ്, ജനങ്ങളുടെ അവകാശങ്ങൾ, അത്യാവശ്യക്കാരനെ സഹായിക്കൽ, അയൽവാസികളെ പരിഗണിക്കൽ തുടങ്ങിയവയെ ഒരുമുസ്‌ലിമിന്റെ ബാധ്യതകളാണ്. ഇത്തരം കാര്യങ്ങളിലൊന്നും ഒരിക്കലും പിശുക്ക് കടന്നുവരാൻ പാടില്ല. ചിലർ ചെലവഴിക്കും; എന്നാൽ വെറുപ്പോടെയും ഇഷ്ടമില്ലാതെയുമായിരിക്കുമത്. വളരെ മോശമായ ഒരു കാര്യമാണിത്. കപടവിശ്വാസിയുടെ സ്വഭാവമായിക്കൊണ്ടാണ് അല്ലാഹു അതിനെ പരിചയപ്പെടുത്തുന്നത്.

"അവർ അല്ലാഹുവിലും അവന്റെ ദൂതനിലും അവിശ്വസിച്ചിരിക്കുന്നു എന്നതും, മടിയൻമാരായിക്കൊണ്ടല്ലാതെ അവർ നമസ്കാരത്തിന് ചെല്ലുകയില്ല എന്നതും, വെറുപ്പുള്ളവരായിക്കൊണ്ടല്ലാതെ അവർ ചെലവഴിക്കുകയില്ല എന്നതും മാത്രമാണ് അവരുടെ പക്കൽ നിന്ന് അവരുടെ ദാനങ്ങൾ സ്വീകരിക്കപ്പെടുന്നതിന് തടസ്സമായിട്ടുള്ളത്"(അത്തൗബ:54).

നല്ല മനസ്സോടെയും സ്രഷ്ടാവിന്റെ പ്രതിഫലം ആഗ്രഹിച്ചും വേണം ചെലവഴിക്കാൻ. ചെലവഴിക്കുന്നത് നഷ്ടത്തിന് ഹേതുവാകുമോ എന്ന് ഭയപ്പെടുന്നവരും ഉണ്ട്: "തങ്ങൾ (ദാനമായി) ചെലവഴിക്കുന്നത് ഒരു ധനനഷ്ടമായി ഗണിക്കുകയും നിങ്ങൾക്ക് കാലക്കേടുകൾ വരുന്നത് കാത്തിരിക്കുകയും ചെയ്യുന്ന ഒരു വിഭാഗം അഅ്റാബികളുടെ കൂട്ടത്തിലുണ്ട്..." (അത്തൗബ:98).

ഇതൊക്കെ പിശുക്കിന്റെ വ്യത്യസ്ത ഭാവങ്ങളാണ്. അല്ലാഹു തന്റെ ഇഷ്ട ദാസന്മാരെ പരിചയപ്പെടുത്തുന്നത് കാണുക: "ചെലവു ചെയ്യുകയാണെങ്കിൽ അമിതവ്യയം നടത്തുകയോ, പിശുക്കിപ്പിടിക്കുകയോ ചെയ്യാതെ അതിനിടക്കുള്ള മിതമായ മാർഗം സ്വീകരിക്കുന്നവരുമാകുന്നു അവർ" (അൽഫുർക്വാൻ:67).

നബിﷺ പിശുക്കിൽ നിന്ന് രക്ഷതേടിക്കൊണ്ട് അല്ലാഹുവോട് പ്രാർഥിക്കാറുണ്ടായിരുന്നു: "അല്ലാഹു വേ, പിശുക്കിൽ നിന്നും ഭീരുത്വത്തിൽ നിന്നും പ്രായാധിക്യത്തിൽ നിന്നും നിന്നോട് ഞാൻ ശരണം തേടുന്നു"(ബുഖാരി).

മറ്റുള്ളവർക്ക് വേണ്ടി ചെലവഴിക്കുന്നതിന് ഇസ്‌ലാം നൽകിയ പ്രോത്സാഹനവും പ്രാധാന്യവും മനസ്സിലാക്കിയാൽ തന്നെ പിശുക്കിന്റെ നിന്ദ്യത എത്ര ത്തോളമാണെന്ന് ബോധ്യപ്പെടും: "രാത്രിയും പകലും രഹസ്യമായും പരസ്യമായും തങ്ങളുടെ സ്വത്തുക്കൾ ചെലവഴിച്ചു കൊണ്ടിരിക്കുന്നവർക്ക് അവരുടെ രക്ഷിതാവിങ്കൽ അവർ അർഹിക്കുന്ന പ്രതിഫലമുണ്ടായിരിക്കുന്നതാണ്. അവർ യാതൊന്നും ഭയപ്പെടേണ്ടതില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല" (അൽബക്വറ:274). ●



# തീൻമേശയിലെ സ്വഭാവ വിഭവങ്ങൾ

മാതാപിതാക്കളുടെ ആശയും ആശങ്കയും നിറഞ്ഞാടുന്ന രംഗമാണ് മക്കളുടെ ആഹാര ശീലങ്ങളും അവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും. മക്കൾക്ക് കഴിക്കാൻ കൊടുക്കാൻ എന്തുണ്ട് എന്ന ആശങ്കയുടെ ദാരിദ്ര്യ കാലങ്ങൾ അസ്തമിച്ചു. കഴിക്കാനുള്ള വൈവിധ്യമാർന്ന പുത്തൻ വിഭവങ്ങളെക്കുറിച്ചുള്ള ചിന്തയാണ് ഇന്നുള്ളത്. തീൻമേശകളിൽ വൈവിധ്യങ്ങൾ നിറച്ചു മക്കളെ ആകർഷിക്കാൻ ജീവിത പരിചയങ്ങൾക്കപ്പുറത്തേക്ക് ടെലിവിഷൻ ഷോകളിലും യൂട്യൂബ് ചാനലുകളിലും പാചക കൈപുസ്തകങ്ങളിലും ഗവേഷണത്തിലായി ഒഴിവുസമയങ്ങളെ കഴിച്ചുകൂട്ടുന്ന കുടുംബിനികൾ നമുക്കിടയിൽ ധാരാളമുണ്ടിന്ന്.

ഇവിടെ നാം മറന്നു കൂടാത്ത ചില ചേരുവകളും വിഭവങ്ങളും ഈ വൈവിധ്യങ്ങളോടൊപ്പം നിറഞ്ഞു നിൽക്കേണ്ടതുണ്ട്. അവയാണ് മക്കളുടെ സ്വഭാവ വളർച്ചയിൽ സഹായകമായ ഭക്ഷണ മര്യാദകൾ. ഭക്ഷണത്തോടപ്പം അവ നാം ചേർത്തു കൊടുത്തുകൊണ്ടിരിക്കണം. പാഠപുസ്തകങ്ങളിലെ അറിവുകൾക്കപ്പുറം വീട്ടിനുള്ളിലെ പ്രായോഗിക പരിശീലനമാണ് ഈ രംഗത്ത് കൂടുതൽ ഫലപ്രദം. നബിﷺയുടെ ജീവിത മാതൃകയിൽ അത് തെളിഞ്ഞു നിൽക്കുന്നുണ്ട്. ഇമാം ബുഖാരിയും മുസ്‌ലിമും ഉദ്ധരിക്കുന്ന ഹദീഥിൽ നമുക്ക് ഇങ്ങനെ കാണാം: അംറുബിൻ അബീ സലമؓ പറയുന്നു: "ഞാൻ നബി ﷺയുടെ വീട്ടിൽ കുട്ടിയായി (നബിയോടൊപ്പം) ജീവിക്കുന്ന കാലത്ത് (ഭക്ഷണം കഴിക്കുന്ന സമയങ്ങളിൽ) എന്റെ കൈ ഭക്ഷണത്തളികയിൽ എല്ലായിടത്തുമായി ചുറ്റിക്കളിക്കുമായിരുന്നു. അപ്പോൾ എന്നോട് അല്ലാഹുവിന്റെ തിരുദൂതർﷺ പറഞ്ഞു: 'ഏ കുട്ടീ, അല്ലാഹുവിന്റെ നാമം ഉച്ചരിക്കുക. നിന്റെ വലതു കൈകൊണ്ടു തിന്നുക. നിന്റെ മുൻഭാഗത്തു നിന്ന് (എടുത്തു) തിന്നുക.' പിന്നീട് എന്റെ ഭക്ഷണ (രീതി) അപ്രകാരമായി തുടർന്നു."

നോക്കുക നബിﷺ ഇവിടെ ഒരു പിതാവിന്റെ റോൾ കൂടിയാണ് നിർവഹിക്കുന്നത്. അംറുബിൻ അബീസലമؓ, (പിതാവായ) അബൂസലമഃയുടെ മരണാനന്തരം നബിﷺയുടെ ഭാര്യയായി വന്ന ഉമ്മുസലമയുടെ മകനാണ്. നബിﷺയുടെ വീട്ടിൽ വളരുന്ന വളർത്തു മകൻ! തത്സമയ അധ്യാപനം ആ കുട്ടിയുടെ ജീവിത രീതിയെ പുനഃക്രമീകരിച്ചെടുത്തു.

സമൂഹത്തിലെ എല്ലാ നിലവാരത്തിൽ ഉള്ളവരോടൊപ്പവും ഇരിക്കാനും ഉണ്ണാനുമുള്ള സന്നദ്ധത അവരിൽ വളർത്തുകയും മുന്തിയതും അല്ലാത്തതുമായ ഭക്ഷണ സദസ്സിനോട് ഒരുപോലെ ബഹുമാനവും താൽപര്യവും കാണിക്കാൻ നമ്മുടെ മക്കളെ നാം ശീലിപ്പിക്കുകയും വേണം. എത്ര നിസ്സാരമാണെങ്കിലും ഭക്ഷണത്തെയും അതിലേക്കുള്ള ക്ഷണത്തെയും ചെറുതായി കാണാതിരിക്കാനും വിലകൂടിയതോ വിഭവങ്ങൾ നിറഞ്ഞതോ ആയ ഭക്ഷണത്തിന്റെ മുമ്പിൽ അനിയന്ത്രിതമായ ആർത്തി കാണിക്കാതെ ഇടപെടാനും കഴിവ് നേടിയവരാകണം നമ്മുടെ മക്കൾ. പ്രവാചകൻ എന്ന നിലയ്ക്കും നേതാവെന്ന നിലയ്ക്കും നബിﷺ ഉന്നത സ്ഥാനീയനായിട്ടും ധനിക-ദരിദ്ര വ്യത്യാസമില്ലാതെ ആരുടെ ക്ഷണവും സ്വീകരിക്കുകയും അവരോടൊപ്പം ലഭ്യമായ ഭക്ഷണത്തിൽ സന്തോഷത്തോടെ പങ്ക് ചേരുകയും മറ്റുള്ളവരെ പങ്കടുപ്പിക്കുകയും ചെയ്യുന്ന സ്വഭാവമായിരുന്നു അദ്ദേഹത്തിന്റെത്. ഹലാലാണോ എന്ന നോട്ടം മാത്രമെ ഉണ്ടായിരുന്നുള്ളൂ.

അനസ് ഇബ്നു മാലിക്ؓവിൽ നിന്ന് ഇബ്നു മാജയടക്കം ഒന്നിലധികം ഹദീഥ് ഗ്രന്ഥങ്ങൾ റിപ്പോർട്ട് ചെയ്യുന്ന ഒരു ഹദീഥിന്റെ ആശയം കാണുക: "ഒരിക്കൽ ഉമ്മു സുലൈം അൽപം കാരക്ക നിറച്ച ഒരു കൈപാത്രം നബിക്ക് കൊടുക്കുവാനായി എന്നെ പറഞ്ഞയച്ചു. അപ്പോൾ നബിﷺ വീട്ടിലുണ്ടായിരുന്നില്ല. അദ്ദേഹം തൊട്ടടുത്തുള്ള അദ്ദേഹത്തിന്റെ വേണ്ടപ്പെട്ട ഒരാളുടെ വീട്ടിൽ പോയിരിക്കുകയായിരുന്നു. അവർ നബിക്കായി ഒരു ഭക്ഷണമുണ്ടാക്കി വിളിച്ചുവരുത്തിയതായിരുന്നു. അദ്ദേഹം അത് തിന്നു കൊണ്ടിരിക്കുമ്പോൾ ഞാൻ അദ്ദേഹത്തിന്റെ അടുത്തേക്ക് ചെന്നു. അദ്ദേഹത്തോടൊപ്പം ഭക്ഷിക്കാൻ എന്നെയും വിളിച്ചു. അൽപം മാംസവും ഉണക്ക റൊട്ടിയുമായിരുന്നു അത്. മാംസത്തിൽ അദ്ദേഹത്തിന് ഏറ്റവും ഇഷ്ടപ്പെട്ട തുടയെല്ലിന്റെ ഭാഗം ഞാൻ അദ്ദേഹത്തിന്റെ ഭാഗത്തേക്ക് നീക്കിവെച്ചുകൊടുത്തു. ഭക്ഷണം കഴിഞ്ഞപ്പോൾ ഞങ്ങൾ നബിയുടെ വീട്ടിലേക്ക് മടങ്ങി. (നബിക്ക് ഉമ്മു സുലൈം കൊടുത്തു വിട്ട) കാരക്ക പാത്രം ഞാൻ നബിയുടെ മുമ്പിൽ വെച്ചുകൊടുത്തു. നബിﷺ അതിൽ നിന്ന് കഴിക്കാൻ തുടങ്ങി. അങ്ങനെ അതിലുള്ള അവസാന കാരക്കയും തീരുന്നത് വരെ കഴിക്കുകയും മറ്റുള്ളവരെ കഴിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു."

ഈ ഹദീഥ് നമുക്ക് നൽകുന്ന സന്ദേശം ചെറുതല്ല. ക്ഷണിക്കുന്നവരുടെ സമൂഹത്തിലെ സ്ഥാനവും വിളമ്പുന്ന വിഭവങ്ങളുടെ നിലവാരവും നോക്കിയല്ല ക്ഷണം സ്വീകരിക്കേണ്ടത്. ആരുടെ സമ്മാനങ്ങളും -അത് വളരെ നിസ്സാരമാണെങ്കിൽ പോലും അവരെ സന്തോഷിപ്പിക്കുകയും പരിഗണിക്കുകയും ചെയ്യുമാറ്-സ്വീകരിക്കുക, നിസ്സാരമായ ഭക്ഷണമാണെങ്കിലും സസന്തോഷം ഭക്ഷിക്കുക. അതാണ് നബിﷺയുടെ മാതൃക. ഒരു ഭക്ഷണ പാർട്ടി കഴിഞ്ഞു വീട്ടിലെത്തിയിട്ടും ഉമ്മു സുലൈം കൊടുത്തയച്ച കാരക്ക ചുളകൾ നിരസിക്കാതെ നബിﷺ കഴിക്കുകയും മറ്റുള്ളവരെ കൂടി പങ്കാളികളാക്കുകയും ചെയ്തത് പ്രത്യേകം ശ്രദ്ധിക്കുക.

പുതു തലമുറ ഭക്ഷണ വിഷയത്തിലെല്ലാം പ്രത്യേകം 'സെലക്ടീ'വായി മാറുന്ന കാലമാണിത്. വിരുന്നു പോകുന്ന കുടുംബ വീടുകളിലും മറ്റും അവരുടെ 'സെലക്ഷ'നോ 'ഫേവറേറ്റോ' ഉണ്ടായില്ലെങ്കിലും മറ്റുള്ളവരെ ബഹുമാനിച്ചും പരിഗണിച്ചും ഉള്ളതിനോട് ഇഷ്ടത്തോടെ പ്രതികരിക്കാൻ നാം അവരെ ശീലിപ്പിക്കണം. പ്രത്യേകിച്ച് പ്രവാസി കുടുംബങ്ങളും, അല്ലാഹു ഭക്ഷണത്തിൽ അൽപം വിശാലത നൽകിയ മറ്റുള്ളവരും.

കൂട്ടമായും ഒറ്റയായും ഭക്ഷണം കഴിക്കുമ്പോളുള്ള പൊതു ഇസ്‌ലാമിക മര്യാദകൾ നമ്മൾ കുട്ടികളെ ശീലിപ്പിക്കണം. കുട്ടികളറിഞ്ഞിരിക്കേണ്ട ഈ പൊതു മര്യാദകൾ ഇമാം ഗസ്സാലി തന്റെ ഇഹ്‌യാഇൽ വിവരിക്കുന്നത് ഇപ്രകാരമാണ്:

ഒന്ന്) വലത് കൈകൊണ്ട് ഭക്ഷണമെടുക്കുക, ബിസ്മി ചൊല്ലുക.

രണ്ട്) പാത്രത്തിൽ തന്റെ മുമ്പിൽ നിന്ന് മാത്രം തിന്നുക.

മൂന്ന്) മറ്റുള്ളവരുടെ മുമ്പേ ഭക്ഷണത്തിലേക്ക് ധൃതി കാണിക്കാതിരിക്കുക.

നാല്) ഭക്ഷണത്തിലേക്കും തിന്നുന്നവരുടെ വായിലേക്കും തുടരെ തുറിച്ചു നോക്കിക്കൊണ്ടിരിക്കുന്നത് ഒഴിവാക്കുക.

അഞ്ച്) ഭക്ഷണം കഴിക്കുന്നതിൽ അമിത വേഗത കാണിക്കാതിരിക്കുക.

ആറ്) ഭക്ഷണം നന്നായി ചവച്ചരക്കുക.

ഏഴ്: ഭക്ഷണ സാദനങ്ങൾ കൈയ്യിലും വസ്ത്രത്തിലും പുരളുന്നത് സൂക്ഷിക്കുക.

എട്ട്) ഏതെങ്കിലും ഒന്നോ രണ്ടോ ഇനം ഭക്ഷണത്തിന് മാത്രം അടിമയാകുന്നത് ഒഴിവാക്കി എല്ലാ തരം ഭക്ഷണവും കഴിക്കുവാൻ ശീലിക്കുക.

ഒമ്പത്) അമിത ഭോജനം മോശത്തരമായി തോന്നിപ്പിക്കുകയും ഭക്ഷണ മര്യാദകൾ പുലർത്തുന്ന കുട്ടികളെ പരസ്യമായി അഭിനന്ദിക്കുകുയും ചെയ്യുക.

പത്ത്) പരുത്ത (വില കുറഞ്ഞതും മുന്തിയതുമായ) ഭക്ഷണത്തിലും സംതൃപ്തി കണ്ടത്താൻ ശീലിപ്പിക്കുക. **(തുടരും)**

പി.എൻ. അബ്ദുല്ലത്വീഫ് മദനി
pnmadani@gmail.com






# മാന്യത കൊടുത്തു മാന്യത വാങ്ങുക

മറ്റുള്ളവരുടെ വികാരങ്ങളെ മാനിക്കുക എന്നത് മഹത്തായ സ്വഭാവഗുണമാണ്. വാക്കുകൾ കൊണ്ടോ പ്രവൃത്തികൾ കൊണ്ടോ മറ്റുള്ളവരുടെ വികാരങ്ങളെ വ്രണപ്പെടുത്തുന്നത് ഒരു മുസ്‌ലിമിന്നു യോജിക്കാത്തതാണ്. Give respect take respect എന്നാണല്ലോ മഹദ്വചനം. 'നീ ഇങ്ങോട്ട് വിലമതിച്ചാൽ ഞാൻ അങ്ങോട്ട് വിലമതിക്കും. ഇങ്ങോട്ട് ആദരിച്ചില്ലെങ്കിലും ഞാൻ അങ്ങോട്ട് ആദരിക്കും. കാരണം എന്റെ വ്യക്തിത്വത്തെയാണ് ഞാൻ പ്രതിനിധീകരിക്കുന്നത്' എന്നു പറയാൻ നമുക്കാവണം.

ജ്വലിക്കുന്ന സൂര്യൻ നിറയെ തീയാണ്. എന്നാൽ സൂര്യൻ ഭൂമിയിലേക്ക് എത്തിക്കുന്നത് വെളിച്ചവും സൃഷ്ടിജാലങ്ങൾക്കാവശ്യമായ ഊർജവുമല്ലേ?

പ്രവാചകരിൽ നമുക്ക് ഉത്തമ മാതൃകയുണ്ടെന്നാണല്ലോ ക്വുർആൻ പറയുന്നത്. അല്ലാഹു പ്രവാചകന്നു നൽകിയ സാക്ഷിപത്രം 'താങ്കൾ മഹത്തായ സ്വഭാവത്തിലാകുന്നു' എന്നാണ്. 'ഉത്തമ സ്വഭാവങ്ങളെ പൂർണതയിലെത്തിക്കാനാണ് ഞാൻ നിയുക്തനായത്' എന്നു പ്രവചകൻﷺ അരുളിയതും ചേർത്തു വായിക്കുക.

പ്രവാചകന്ന് പേർഷ്യക്കാരനായ ഒരയൽവാസി ഉണ്ടായിരുന്നു. ഒരു നല്ല പാചകക്കാരൻ കൂടിയായ അദ്ദേഹത്തിന്റെ വീട്ടിലെ ആഹാരത്തിന്റെ നറുമ

ണം പ്രവാചക ഭവനത്തിലും എത്താറുണ്ട്. ഒരിക്കൽ നല്ല സ്വാദുള്ള കറിയുണ്ടാക്കി അയാൾ നബിﷺയെ വിരുന്നിനു വിളിച്ചു. 'ക്ഷണം ഇവൾക്കുമുണ്ടോ?' എന്ന് ഭാര്യ ആഇശ﵁യെ ഉദ്ദേശിച്ച് അയൽക്കാരനോടു ചോദിച്ചു. 'ഇല്ലെ'ന്ന മറുപടി കേട്ടപ്പോൾ, എന്നാൽ ഞാൻ വരുന്നില്ല എന്നു പ്രതികരിച്ചു. വീണ്ടും അയൽക്കാരൻ ക്ഷണിക്കാൻ വന്നപ്പോൾ 'ക്ഷണം ആഇശക്കുമുണ്ടോ?' എന്നാവർത്തിച്ചു. 'ഇല്ലെ'ന്നു മറുപടി കേട്ടപ്പോൾ 'എന്നാൽ ഞാനില്ലെ'ന്ന് ഉറപ്പിച്ചു പറഞ്ഞു. മൂന്നാം തവണയും വന്നു ക്ഷണിച്ചപ്പോൾ ആദ്യത്തെ ചോദ്യം ആവർത്തിച്ചു. അപ്പോൾ പേർഷ്യക്കാരന്റെ മറുപടി 'ഉണ്ട്' എന്നായിരുന്നു. രണ്ടു പേരും പോയി അയൽക്കാരന്റെ വീട്ടിൽ നിന്ന് ആഹാരം കഴിച്ചു. തന്റെ സുഖത്തിൽ തന്റെ സഹധർമിണിയും പങ്കാളിയാവണമെന്ന അളവറ്റ താൽപര്യമാണ് ഇവിടെ നബിﷺ ഇതിലൂടെ പ്രകടമാക്കിത്.

ജീവിതവിഭവം പരിമിതമായ വീട്ടിൽ ഭാര്യയെ തനിച്ചാക്കി സദ്യയുണ്ണാൻ പൊകുന്നതിലെ അനൗചിത്യവും അതു ഭാര്യയുടെ വികാരത്തെ വ്രണപ്പെടുത്തുമെന്നതും അവിടുന്ന് തിരിച്ചറിഞ്ഞു. ചില കുടുംബ നാഥന്മാരെങ്കിലും തങ്ങളുടെ കുടുംബത്തെ അവരുടെ കഷ്ടാരിഷ്ടതകൾ പെറുക്കിത്തിന്നാൻ വിട്ട് അങ്ങാടിയിൽ ചെന്നു ഇലയിടുകയും ആവശ്യത്തിലേറെ അകത്താക്കി വിട്ടിലെത്തുകയും ചെയ്യുന്നവരാണ്. താനനുഭവിക്കുന്നതിൽ ഒരു പങ്ക് വീട്ടുകാർക്കും കിട്ടണം എന്ന് വിചരിക്കലല്ലേ മാന്യത?

തന്റെ മുമ്പിലെത്തുന്ന ഒരാഹാരത്തെയും നബിﷺ കുറ്റം പറഞ്ഞിരുന്നില്ല. ഇഷ്ടപ്പെട്ടാൽ കഴിക്കും. ഇല്ലെങ്കിൽ വേണ്ടെന്നു വെക്കും. ഭക്ഷണത്തെയോ പാചകം ചെയ്തവരെയോ കുറ്റം പറയില്ല. മറ്റുള്ളവരുടെ വികാരത്തെ മാനിച്ചു കൊണ്ടാണ് ഇപ്രകാരം ചെയ്യുന്നത്. ഒരിക്കൽ ജാബിർബിൻ അബ്ദുല്ലയെ﵁ വീട്ടിലേക്കു വിരുന്നൂട്ടാൻ വിളിച്ചു കൊണ്ടുവന്ന റസൂൽﷺ റൊട്ടിക്കഷ്ണത്തിൽ ചേർക്കാൻ കറിയില്ലേ എന്നു വീട്ടുകാരോട് ചോദിച്ചു. 'അൽപം സുർക്ക മാത്രമുണ്ടെ'ന്നായിരുന്നു വീട്ടുകാരുടെ മറുപടി. അന്നേഹരം നബിﷺ പറഞ്ഞതിങ്ങനെ: 'സുർക്ക എത്ര നല്ല കൂട്ടാൻ!' ഈ സുർക്ക പ്രശംസയിലൂടെ അവിടുന്ന് ചെയ്തത് വീട്ടുകാരുടെ അഭിമാനം കാക്കുന്ന പ്രവർത്തനമാണ്.

ഒരിക്കൽ ഒരു സ്വഹാബി തന്റെ മരണപ്പെട്ട പിതാവിന്റെ പാരത്രിക നിലയറിയാൻ പ്രവാചകനെ സമീപിച്ചു. 'എന്റെ പിതാവ് സ്വർഗത്തിലോ അതോ നരകത്തിലോ' എന്നാണയാൾക്ക് അറിയേണ്ടത്. 'നിന്റെ പിതാവ് നരകത്തിലാണു' എന്നു നബിﷺ പ്രതിവചിച്ചു. ഇതുകേട്ട് ദുഖം കടിച്ചിറക്കി മൗനിയായി തലതാഴ്ത്തി ഇറങ്ങിപ്പോയ ആ സഹോദരനെ തിരികെ വിളിച്ചു നബിﷺ പറഞ്ഞു: 'എന്റെ പിതാവും നിന്റെ പിതാവും നരകത്തിലാണ്.' വ്രണിത ഹൃദയനായ ആ സഹോദരന്റെ വികാരം മാനിച്ചുകൊണ്ടാണ് തന്റെ പിതാവിന്റെ പാരത്രിക സ്ഥിതി കൂടി പ്രവാചകൻﷺ വെളിപ്പെടുത്തിയത്.

ഇന്ന് ആളുകൾക്ക് പറയുന്നതിന്നും ചെയ്യുന്നതിന്നും ഒരു നിയന്ത്രണവുമില്ല. അഭിപ്രായ സ്വാതന്ത്ര്യമെന്ന തലപ്പാവണിഞ്ഞാൽ പിന്നെയെന്തും വിളിച്ചു പറയാം. അതിന് സാമൂഹ്യ മാധ്യമങ്ങൾ എന്ന ഇടങ്ങളുമുണ്ട്. അതിലൂടെ അവമതിക്കപ്പെടുന്നത് വ്യക്തികളോ കുടുംബങ്ങളോ പ്രസ്ഥാനങ്ങളോ ആയേക്കാം. ഇവർക്ക് അതൊന്നും ഒരു വിഷയമേ അല്ല.

എന്നാൽ മനുഷ്യത്വത്തിന്റെ മഹിതമായ സംസ്കാരം പഠിപ്പിക്കുന്ന ഇസ്‌ലാം നമുക്കു പകർന്നു തരുന്നത് ഇതല്ല. 'കൂടെയുള്ള മൂന്നാമനെ ഒഴിച്ച് നിർത്തി രണ്ടുപേർ സ്വകാര്യം പറയരുതെ'ന്ന് ഇസ്‌ലാം വിലക്കി. അത് മൂന്നാമനെ വ്യസനിപ്പിക്കും. അവന്റെ അഭിമാനത്തെ വ്രണപ്പെടുത്തും.

പ്രവാചകന്റെﷺ കാലത്ത് നടന്ന തബൂക്ക് യുദ്ധത്തിൽ മതിയായ കാരണങ്ങൾ കൂടാതെ പങ്കെടുക്കാതിരുന്ന മൂന്ന് സഹാബികൾക്കെതിരെ അല്ലാഹുവിന്റെ നിർദേശ പ്രകാരം ബന്ധവിഛേദനവും നിസ്സഹകരണവും പ്രഖ്യാപിച്ചിരുന്നു. അതിലൊളായിരുന്നു കഅബ് ബിൻ മാലിക് ﵁. ദിവസങ്ങൾക്കു ശേഷം അല്ലാഹു അദ്ദേഹത്തിന്റെ തൗബ സ്വീകരിച്ചു എന്ന അറിയിപ്പു വന്നപ്പോൾ ആഹ്ലാദഭരിതനായി അദ്ദേഹം മസ്ജിദുന്നബവിയിലേക്കു കയറിച്ചെന്നു. കഅബ് കടന്നുവരുന്നതു കണ്ട മാത്രയിൽ ത്വൽഹ ﵁ ഓടിച്ചെന്ന് അദ്ദേഹത്തെ കെട്ടിപ്പിടിച്ചു സ്വാഗതം ചെയ്തു. 'ഞാനൊരിക്കലും ത്വൽഹയുടെ ആ ആലിംഗനത്തെ മറക്കുകയില്ല' എന്ന് കഅബ് പിന്നീട് പറയാറുണ്ടായിരുന്നു. വേദനപ്പെട്ട മനസ്സിന് അല്ലാഹു ആശ്വാസം നൽകിയപ്പോൾ അദ്ദേഹത്തിന് ആത്മവിശ്വാസം പകർന്ന് ഓടിയെത്തിയ ത്വൽഹയുടെ സമീപനം കഅബിന്റെ മനസ്സിൽ മറക്കാനാവാത്ത അനുഭവമായി മുദ്രണം ചെയ്യപ്പെട്ടു.

'മാന്യത കൊടുത്ത് മാന്യത വാങ്ങുക' എന്നതായിരിക്കട്ടെ നമ്മുടെയും സ്വഭാവം. ●



ലേഖനം

അബ്ബാസ് ചെറുതുരുത്തി
mail@nerpatham.com

# വിശ്വാസത്തെ മലിനമാക്കുന്ന സ്വൂഫിസവും സ്വൂഫിസത്തെ താലോലിക്കുന്ന സമസ്തയും

സ്വൂഫിസം, സ്വൂഫിവര്യൻ എന്നീ പദങ്ങൾ സമൂഹത്തിൽ ഇന്ന് ഏറെ പ്രചാരം നേടിക്കഴിഞ്ഞിരിക്കുന്നു. സ്വൂഫിവര്യനെ ഒന്നു കാണുക, സ്പർശിക്കുക, കൈമുത്തുക, കൂടെ കഴിയുക, പ്രാർഥനയിൽ സംബന്ധിക്കുക തുടങ്ങിയ കാര്യങ്ങൾ ഏറെ പുണ്യകരവും ജീവിതസൗഭാഗ്യവുമായി ചിലർ കരുതുന്നു. ഇസ്‌ലാമിന്റെ തനിമയെ തകർക്കുന്നതാണ് സ്വൂഫിസമെന്നതിനാൽ തന്നെ സ്വൂഫിസമാണ് യഥാർഥ ഇസ്‌ലാമെന്ന ധാരണ പരത്തുന്നതിൽ മുഖ്യധാരാമാധ്യമങ്ങളും ചില സാഹിത്യകാരന്മാരും നല്ല പങ്കുവഹിക്കുന്നുണ്ട്. സാമുദായിക പ്രസിദ്ധീകരണങ്ങളും പൗരോഹിത്യവും അതിനൊക്കെ വളം വെച്ചുകൊടുക്കുകയും ചെയ്യുന്നു. ഭൗതികവും പാരത്രികവുമായ വിജയം, ആഗ്രഹസഫലീകരണം, പാപമോചനം, അല്ലാഹുവിനോട് സാമീപ്യം നേടൽ തുടങ്ങിയ എണ്ണമറ്റ നേട്ടങ്ങളുടെ കേന്ദ്രബിന്ദുവായാണ് സ്വൂഫിദർശനത്തെ അതിന്റെ വക്താക്കൾ കാണുന്നത്.

വിശുദ്ധ ക്വുർആനിലോ നബിവചനങ്ങളിലോ 'സ്വൂഫി' എന്ന പദം പ്രയോഗിക്കപ്പെട്ടതായി പോലും കാണുവാൻ സാധ്യമല്ല. ഹിജ്‌റ രണ്ടാം നൂറ്റാണ്ടിന്റെ അന്ത്യത്തിലും മൂന്നാം നൂറ്റാണ്ടിലുമായി പ്രചാരത്തിൽവന്നതാണത് എന്നാണ് പണ്ഡിതാഭിപ്രായം.

നല്ലതിനോടുള്ള മനുഷ്യന്റെ ആഭിമുഖ്യത്തെയും ആവേശത്തെയും അതിരുകടന്നതാക്കി അവസാനം അവരെ വഴികേടിലെത്തിക്കുക എന്നത് പിശാചി

ന്റെ ഒരു തന്ത്രമാണ്. സ്രഷ്ടാവും സംരക്ഷകനുമായ ഏക ഇലാഹിനെ ആരാധിക്കുവാനുള്ള മനുഷ്യന്റെ നൈസർഗികബോധത്തിൽ ഇടപെട്ട് അതിൽ അതിരുകടത്തി ബഹുദൈവാരാധനയിലേക്കും അല്ലാഹുവിലേക്ക് ഇടയാളന്മാരെ സങ്കൽപിച്ച് അവരോട് പ്രാർഥിക്കുന്നതിലേക്കും നേർച്ചവഴിപാടുകൾ അല്ലാഹുവല്ലാത്തവർക്ക് സമർപ്പിക്കുന്നതിലേക്കുമെല്ലാം മനുഷ്യനെ നയിക്കുവാൻ ഇബ്ലീസ് ശ്രമിച്ചുകൊണ്ടിരിക്കും.

സ്വൂഫിസവും ശിയാഇസവും വിശ്വാസതലത്തിൽ ഉൾക്കൊണ്ട, കേരളത്തിലെ 'സമസ്ത'ക്കാരും 'സംസ്ഥാന'ക്കാരുമൊക്കെയായ വിവിധ വിഭാഗക്കാരുടെ ലക്ഷ്യവും മാർഗവും ഒന്നുതന്നെയാണ്. മക്ബറകളാണ് അവരുടെ ശ്രദ്ധാകേന്ദ്രം; വരുമാന മാർഗവും.

'സ്വൂഫിസം മനുഷ്യനെ വിപുലീകരിക്കുന്നു' എന്ന തലക്കെട്ടിൽ 'രിസാല' വാരികയിൽ സയ്യിദ് അഫ്സൽ മിയ ബറകാതി(ഐ.പി.എസ്)യുമായി നടത്തിയ ഒരു അഭിമുഖ സംഭാഷണം പ്രസിദ്ധീകരിച്ചിരുന്നു. ഇസ്‌ലാമിക വിശ്വാസങ്ങൾക്ക് കടകവിരുദ്ധമായ കാര്യങ്ങൾ പറഞ്ഞും ലോകസലഫികളെ താറടിച്ചുകാണിച്ചും സുഊദി അറേബ്യയെ വിമർശിച്ചും 'കേരളശിയാ'ക്കളുടെ നേതാവായ കാന്തപുരത്തെ മദ്ഹ് ചെയ്തുമാണ് അഭിമുഖം മുന്നോട്ടു പോകുന്നത്. ഒരു ചോദ്യവും ഉത്തരവും കാണുക:

"അടുത്ത കാലത്തായി മധ്യപൗരസ്ത്യ ദേശത്തും ദക്ഷിണ മെഡിറ്ററേനിയൻ പ്രദേശങ്ങളിലും മുളച്ചുപൊന്തിയ റാഡിക്കൽ ഇസ്‌ലാമിസ്റ്റ് ഭീകരസംഘങ്ങൾ സ്വൂഫിവ്യവഹാരത്തെ നഖശിഖാന്തം എതിർക്കുകയും സ്വൂഫി സ്മാരകങ്ങൾ തകർക്കുകയും ചെയ്യുന്നു. ഇത്തരം പ്രതിലോമശക്തികൾ ഉയർന്നുവരാനിടയായ സന്ദർഭം എന്താണ്?" "മുസ്‌ലിം ലോകത്തിന്റെ സാംസ്കാരികവും രാഷ്ട്രീയപരവുമായ അപചയത്തിന് ഹേതുവായ മുഖ്യപ്രതിലോമ പ്രത്യയശാസ്ത്രം വഹാബിസമാണ്. കഴിഞ്ഞ മുപ്പതു വർഷം ലോകത്തുണ്ടായ മുഴുവൻ ഭീകര വിധ്വംസക പ്രവർത്തനങ്ങളുടെയും ധൈഷണികാടിത്തറ വഹാബിസമാണ്" (രിസാല, 2015 മാർച്ച് 25, പേജ് 9).

ഉത്തരം മുൻകൂട്ടിയെഴുതി അതിനു വേണ്ടിയുണ്ടാക്കിയ ചോദ്യമാണിതെന്നു വ്യക്തം. 'വഹാബിസ'ത്തിന്റെമേൽ സകല ഫിത്നകളുടെയും ഉത്തരവാദിത്തം കെട്ടിവെക്കാനും തങ്ങളുടെ നെറികേടുകളെ ന്യായീകരിക്കാനുമുള്ള വ്യഗ്രതയല്ലാതെ ഈ ചോദ്യത്തിനും മറുപടിക്കും പിന്നിൽ മറ്റൊന്നുമില്ല. നെറികേടുകൾക്കെതിരെ ശബ്ദിക്കുന്നതിനെയാണ് ചോദ്യകർത്താവ് 'റാഡിക്കൽ ഇസ്‌ലാമിസ്റ്റ് ഭീകരസംഘങ്ങൾ എന്ന് വിളിക്കുന്നത്. അവർ ചെയ്യുന്ന 'പ്രതിലോമ പ്രവർത്തനം' എന്നത് 'സ്വൂഫിവ്യവഹാര'ത്തെ എതിർക്കലും! ഇസ്‌ലാമികാദർശത്തെ 'വ്യാപാരം' ചെയ്യലാണോ 'സ്വൂഫി വ്യവഹാരം?' ഇസ്‌ലാമികപ്രമാണങ്ങൾക്ക് പരിചയമില്ലാത്ത ഒരു നൂതനരീതിശാസ്ത്രം പടച്ചുണ്ടാക്കി വിശ്വാസചൂഷണം നടത്തുന്നതിനെതിരെ പ്രതികരിക്കുന്നത് പ്രതിലോമപ്രവർത്തനമാണോ? ക്വബ്റാളികളെ വിളിച്ചുതേടാൻ കെട്ടിപ്പൊക്കിയ ജാറങ്ങളും ദർഗകളുമാണ് ഇവർ പറയുന്ന തകർക്കപ്പെട്ട സ്വൂഫി സ്മാരകങ്ങൾ! ഉയർത്തപ്പെട്ട ക്വബ്റുകൾ തട്ടിനിരപ്പാക്കാൻ കൽപിക്കപ്പെട്ട പ്രവാചകന്റെ അനുയായികൾക്കെങ്ങനെ ക്വബ്റുകൾ കെട്ടിപ്പൊക്കാനാവും?

**അല്ലാഹുവിന്റെ ഭൂമിയിലെ ഏറ്റവും പവിത്രമായ സ്ഥലം മക്ക. മക്കയിലെ അനുഗൃഹീത സ്ഥലം ഹറം. ഹറമിലെ വിശുദ്ധമായ കഅ്ബ. കഅ്ബയിലെ, സ്വർഗത്തിൽ നിന്നും കൊണ്ടുവരപ്പെട്ട കല്ലായ ഹജറുൽ അസ്‌വദ്. ശ്രദ്ധിച്ചില്ലെങ്കിൽ ആദരവ് ആരാധനക്ക് വഴിമാറാൻ സാധ്യതയുണ്ട്. ഉപകാരം ചെയ്യുന്നവനും ഉപദ്രവങ്ങൾ നീക്കുന്നവനും അല്ലാഹു മാത്രമാണെന്ന ചിന്ത അവിടെ വെച്ച് ഒരു വിശ്വാസിയിൽ നിന്നും നഷ്ടപ്പെട്ടുകൂടാ.**

കേരള മുസ്‌ലിംകൾക്കിടയിൽ പ്രതിലോമപ്രവർത്തനങ്ങൾ നടത്തിയതിന്റെ പാരമ്പര്യമല്ലേ ഇവർക്കുള്ളത്? ഇവരുടെ മുൻകാല നേതാക്കളല്ലേ മുസ്‌ലിം സമുദായത്തെ അന്ധകാരത്തിലേക്കു തള്ളിയിടാൻ ആവതും ശ്രമിച്ചത്? സ്ത്രീകൾ അക്ഷരാഭ്യാസം നേടാൻ പാടില്ല, ഇംഗ്ലീഷ് നരകത്തിലെ ഭാഷയാണ്, ക്വുർആന്റെ അർഥം പറയാനോ അത് പരിഭാഷപ്പെടുത്താനോ പാടില്ല, അസുഖം വന്നാൽ ഐക്കല്ലിലും ഏലസ്സിലും മാലമൗലീദുകളിലും അഭയം തേടുകയാണ് വേണ്ടത്.... ഇങ്ങനെ നൂറുകൂട്ടം ഇരുട്ടറകളിൽ മുസ്‌ലിം സമൂഹത്തെ തളച്ചിട്ട്, മതപരമായും സാംസ്കാരികമായു ധാർമികമായും വിദ്യാഭ്യാസപരവുമായ അവരുടെ വളർച്ചയെയും പുരോഗതിയെയും തടഞ്ഞവരുടെ പിൻഗാമികൾ എന്തൊക്കെ നുണക്കഥകൾ എഴുതിവിട്ടാലും ചരിത്രസത്യത്തെ മൂടിവെക്കാനാവില്ല. നവോത്ഥാന സംരംഭങ്ങൾക്കെതിരെ പ്രതിലോമ പ്രവർത്തനം നടത്തിയവരാണ് തങ്ങളുടെ നേതാക്കളെന്ന സത്യം മൂടിവെച്ച് സത്യത്തിന്റെ വക്താക്കളെ ആക്ഷേപിച്ചതുകൊണ്ട് സത്യം സത്യമാകാതിരിക്കില്ല.

ശാസ്ത്രീയമായ രീതിയിൽ മതവിദ്യാഭ്യാസം

നൽകുവാൻ മദ്റസ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചപ്പോൾ അതിനെതിരെ പടവാളെടുക്കുകയും കോളറയും വസൂരിയും പിടിപെട്ടവർക്ക് ചികിത്സ നിഷേധിച്ച് മാലപ്പാട്ടുകൾ പാടിക്കൊടുത്ത് അനേകരെ മരണത്തിലേക്കു നയിക്കുകയും അതുവഴി അനാഥബാല്യങ്ങളെ സൃഷ്ടിക്കുകയും അങ്ങനെയുള്ള അനാഥരെ സംരക്ഷിക്കുവാൻ സത്യത്തിന്റെ വക്താക്കൾ അനാഥശാലകൾ സ്ഥാപിച്ചപ്പോൾ അതിനെ ആക്ഷേപിക്കുകയും ചെയ്തവരുടെ പാരമ്പര്യത്തിൽ ഊറ്റംകൊള്ളുന്നവർക്ക് മുസ്‌ലിം സമൂഹത്തിന്റെ അപചയത്തെക്കുറിച്ച് സംസാരിക്കാൻ എന്ത് അർഹതയാണുള്ളത്? സത്യത്തെ കൊഞ്ഞനംകുത്തിക്കൊണ്ട് അഭിമുഖത്തിൽ പറയുന്നത് കാണുക:

"കഴിഞ്ഞ മുപ്പതു വർഷം ലോകത്തുണ്ടായ മുഴുവൻ ഭീകര വിധ്വംസക പ്രവർത്തനങ്ങളുടെയും ധൈഷണികാടിത്തറ വഹാബിസമാണ്. സ്വൂഫീ ദർശനങ്ങളിൽ പറയുന്ന ബഹുസ്വരതയുടെ ആപേക്ഷികമായ നിലനിൽപിനെ വഹാബിസം അംഗീകരിക്കുന്നില്ല. വിശുദ്ധഖുർആനിൽനിന്നും പരിമിത ബുദ്ധികൊണ്ട് നേരിട്ട് വായിച്ചെടുത്ത കാര്യങ്ങളെ അപ്പടി അവതരിപ്പിക്കുകയാണ് വഹാബികൾ. പക്ഷേ, സ്വൂഫിസം ക്വുർആനിനെയും സുന്നത്തിനെയും വായിക്കുന്നത് കൃത്യമായ അവതരണ പശ്ചാത്തലത്തിലൂടെയും ചരിത്രപരമായ സന്ദർഭങ്ങളെ വിശകലനം ചെയ്തുമാണ്. സ്വൂഫിസത്തിന്റെ ജ്ഞാനം ഗുരുമുഖങ്ങളിൽനിന്നും പകർന്നതാണ്. നൂറ്റാണ്ടുകളായി കൃത്യമായ ശൃംഖലകളിലൂടെ ഒഴുകിപ്പരന്നതാണ് സ്വൂഫിസ ജ്ഞാനധാര. വഹാബി മൗലിക ഇസ്‌ലാമിക (Normative Islam) വായനയിൽ കൃത്യമായ മാനദണ്ഡങ്ങൾ പാലിക്കാത്തതുകൊണ്ട് ഭീമമായ തെറ്റുകൾ കടന്നുകൂടിയിട്ടുണ്ട്. അത്തരം തീവ്ര പ്രസ്ഥാനങ്ങളെ രാഷ്ട്രീയ മുതലെടുപ്പിന് ഉപയോഗപ്പെടുത്തുകയാണ് ഐ.എസ് വരെ എത്തിനിൽക്കുന്ന ഭീകരവാദികൾ ചെയ്യുന്നത്."

സാമ്രാജ്യത്വ ശക്തികളുടെയും സ്വൂഫികളുടെയും കണ്ണിലെ കരടാണ് എന്നും സലഫികൾ. അതിനാൽതന്നെ എല്ലാ ഭീകരപ്രവർത്തനങ്ങളെയും സലഫികളുടെ തലയിൽ കെട്ടിവെക്കാൻ അവർ മത്സരിക്കുന്നു. വിശിഷ്യാ ജൂത പിന്തുണയുള്ള സ്വൂഫികൾ. സദ്ദാം ഹുസൈൻ കുവൈത്തിനെ ആക്രമിച്ചപ്പോൾ സലഫികൾ സദ്ദാമിന്റെ കൂടെയാണ്, സദ്ദാം വഹാബിയാണ് എന്നൊക്കെയായിരുന്നു പ്രചാരണം. പിന്നീട് ഉസാമ ബിൻലാദന്റെ ഭീകരപ്രവർത്തനങ്ങൾ ചൂണ്ടിക്കാട്ടി ഉസാമ സലഫിയാണെന്ന് പ്രചരിപിക്കാൻ ശ്രമിച്ചു. മതരാഷ്ട്രവാദക്കാരും അക്കാര്യത്തിൽ മാത്സര്യബുദ്ധി കാണിച്ചു.

സലഫികൾ ഇസ്‌ലാമിന്റെ തനതായ ആദർശത്തിലാണ് നിലകൊള്ളുന്നത്. മായംചേർത്ത ഇസ്‌ലാമിനെ അവർ അംഗീകരിക്കുന്നില്ല. അതുകൊണ്ട് സകല തിന്മകളെയും ചൂഷണങ്ങളെയും അവർ എതിർക്കുന്നു. ഇതെങ്ങനെ നൂതനാശയങ്ങൾ ഇസ്‌ലാമിൽ കടത്തിക്കൂട്ടിയവർക്കും ചൂഷകർക്കും സഹിക്കാൻ കഴിയും? അതുകൊണ്ടാണ് ഈ എതിർപ്പുകളെല്ലാം. പലിശ, മദ്യം, ചൂതാട്ടം, സ്ത്രീ ശരീരം... തുടങ്ങിയവയിലൂടെ സാമ്പത്തികടിത്തറ ഭദ്രമാക്കുന്ന ദുഷ്ടശക്തികൾക്കെങ്ങനെ തനതായ ഇസ്‌ലാമിനോടും അത് ജീവിതത്തിൽ പകർത്തുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന സലഫികളോടും പ്രിയമുണ്ടാകും? എന്താണീ 'സ്വൂഫീ ദർശനങ്ങളിൽ പറയുന്ന ബഹുസ്വരത?' ബഹുദൈവവാരാധനയെയും ഏകദൈവാരാധനയെയും ഒരുപോലെ ഉൾക്കൊള്ളൽ തന്നെ! അതേതായാലും മുസ്‌ലിംകൾക്ക് ഉൾക്കൊള്ളാൻ കഴിയില്ല. ഈ കൂട്ടുകൃഷി ഇസ്‌ലാം പഠിപ്പിച്ചതല്ല. ഏകത്വത്തിൽ ബഹുത്വം എന്നത് ഇസ്‌ലാമികമല്ല. പൂരം..നേർച്ച.. ആന... ചെണ്ടമേളം...പുഷ്പാർച്ചന... നിലവിളക്ക് കൊളുത്തൽ... പലരോടും പ്രാർഥിക്കൽ... ഇങ്ങനെ ഒട്ടനവധി കാര്യങ്ങളിൽ സമസ്തക്കാരും (കേരള ശിയാക്കൾ/സ്വൂഫികൾ) ഹൈന്ദവരും തമ്മിൽ വല്ലാത്തൊരു താദാത്മ്യം കാണാം. സ്വൂഫിസത്തിലെ ഈ ബഹുസ്വരതയിൽ ഇസ്‌ലാമിനു പങ്കില്ല.

ക്വുർആനും സുന്നത്തും അടിസ്ഥാന പ്രമാണമായി സ്വീകരിക്കുകയും സച്ചരിതരായ മുൻഗാമികൾ മനസ്സിലാക്കിതുപോലെ മനസ്സിലാക്കുകയും അവതരണ, ചരിത്ര പശ്ചാത്തലം നോക്കി ഉൾക്കൊള്ളേണ്ടത് അങ്ങനെത്തന്നെ ഉൾക്കൊള്ളുകയും ചെയ്യുന്നവരാണ് ഇവർ വഹാബികൾ എന്ന് മുദ്രകുത്തുന്ന സലഫികൾ. കള്ളക്കഥകളെയും വാറോലകളെയും സ്വപ്നങ്ങളെയും പ്രമാണമാക്കുന്നവർ സലഫികളുടെ പ്രമാണങ്ങളോടുള്ള നില

## ഹജ്ജിന് പോകുന്നവരുടെ ശ്രദ്ധക്ക്

ഈ വർഷം ഹാജിമാർക്കിടയിലെ പ്രബോധന പ്രവർത്തനങ്ങൾക്ക് നമുക്ക് കൂടുതൽ അവസരം ലഭിച്ചിരിക്കുന്നു. നാല് സ്ഥലങ്ങളിലായി എക്സിബിഷൻ, ഗവ. ഗ്രൂപ്പുകളിൽ വരുന്നവർക്കുള്ള ക്ലാസ്സുകൾ, ദഅ്‌വ സ്ക്വാഡുകൾ, ജീവിതം എന്തിനുവേണ്ടി എന്ന പുസ്തകവിതരണം എന്നിവ നടത്താൻ നമുക്ക് അനുവാദം ലഭിച്ചിട്ടുണ്ട്. വളണ്ടിയർമാരുടെ അഭാവം ഒരു പ്രശ്നമാണ്. ഹജ്ജിന് വരുന്ന നമ്മുടെ പ്രവർത്തകർക്ക് ഈ രംഗത്ത് സേവനം ചെയ്യാൻ കഴിയും. സേവന സന്നദ്ധതയും ആരോഗ്യവുമുള്ള പ്രവർത്തകർ മക്കയിൽ എത്തിയാലുടൻ ഞങ്ങളുമായി ബന്ധപ്പെടുവാൻ താൽപര്യപ്പെടുന്നു.

സലീം സുല്ലമി: 0550022582
നിസാർ: 0596990767
അൻവർ: 0507378810

**സാമ്രാജ്യത്വ ശക്തികളുടെയും സ്വൂഫികളുടെയും കണ്ണിലെ കരടാണ് എന്നും സലഫികൾ. അതിനാൽതന്നെ എല്ലാ ഭീകരപ്രവർത്തനങ്ങളെയും സലഫികളുടെ തലയിൽ കെട്ടിവെക്കാൻ അവർ മത്സരിക്കുന്നു. വിശിഷ്യാ ജൂത പിന്തുണയുള്ള സ്വൂഫികൾ. സദ്ദാം ഹുസൈൻ കുവൈത്തിനെ ആക്രമിച്ചപ്പോൾ സലഫികൾ സദ്ദാമിന്റെ കൂടെയാണ്, സദ്ദാം വഹാബിയാണ് എന്നൊക്കെയായിരുന്നു പ്രചാരണം. പിന്നീട് ഉസാമ ബിൻലാദന്റെ ഭീകരപ്രവർത്തനങ്ങൾ ചൂണ്ടിക്കാട്ടി ഉസാമ സലഫിയാണെന്ന് പ്രചരിപ്പിക്കാൻ ശ്രമിച്ചു. മതരാഷ്ട്രവാദക്കാരും അക്കാര്യത്തിൽ മാത്സര്യബുദ്ധി കാണിച്ചു.**

പാടിനെ വിമർശിക്കുന്നതിൽ പരം തമാശ വേറെയെന്തുണ്ട്?! സന്ദർഭവും അവതരണ പശ്ചാത്തലവുമൊക്കെ നോക്കിയിട്ടാണോ കാന്തപുരം കൊട്ടപ്പുറം സംവാദത്തിൽ മരിച്ചവരോട് പ്രാർഥിക്കാൻ ആയത്ത് ഉദ്ധരിച്ചത്? ഇന്ന് ഇഷ്ടാനുസരണം ആയത്തുകൾ ഓതി ഇവരുടെ മൗലാനമാർ ശിർക്ക് ബിദ്അത്തുകൾ സ്ഥാപിക്കുവാൻ തുനിയുന്നത് അവതരണ പശ്ചാത്തലവും ചരിത്രസന്ദർഭവുമൊക്കെ വിശകലനം ചെയ്താണോ?

"സ്വൂഫിസത്തിന്റെ ജ്ഞാനം ഗുരുമുഖങ്ങളിൽ നിന്നും പകർന്നതാണ്. നൂറ്റാണ്ടുകളായി കൃത്യമായ ശൃംഖലകളിലൂടെ ഒഴുകിപ്പരന്നതാണ് സ്വൂഫിസ ജ്ഞാനധാര" എന്നു പറഞ്ഞത് ശരിയായിരിക്കാം. എന്നാൽ 'വഹാബി'കളുടെ ഗുരു മുഹമ്മദ് നബിﷺയാണ്. അതിലേറെ ശ്രേഷ്ഠനായ ഗുരു വേറെയില്ല. അവിടുന്ന് പഠിപ്പിച്ചത് അതേപോലെ പഠിപ്പിക്കുന്ന ഗുരുനാഥന്മാരിൽനിന്നാണ് അവർ അറിവ് നേടുന്നത്. ലോകസലഫികൾ ഐഎസിന്റെ ഭീകരപ്രവർത്തനങ്ങളെ തള്ളിപ്പറയുകയും അത് അനിസ്‌ലാമികമായ പ്രവർത്തനമാണെന്നും ഖവാരിജുകളുടെ പിൻഗാമികളാണ് അവരെന്ന് പ്രഖ്യാപിക്കുകയും ചെയ്തത് ഈ ഐപിഎസ്സുകാരൻ അറിഞ്ഞിട്ടില്ലെന്ന് തോന്നുന്നു. അവർ ഖവാരിജുകളോട് സാദൃശ്യമുള്ളവരാണെന്ന് ഇദ്ദേഹവും സമ്മതിക്കുണ്ട്! 'മാനവിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാൻ' കേരളയാത്ര നടത്തിയ നേതാവും അനുയായികളും തങ്ങളിലേക്കുതന്നെ നോക്കിയാൽ തിരിച്ചറിയാനാകും ആരാണ് മാനവിക മൂല്യങ്ങളെ പലപ്പോഴും ചവിട്ടിമെതിച്ചിട്ടുള്ളതെന്ന്.

"രണ്ട് പ്രധാന രാഷ്ട്രങ്ങളാണ് ആഗോളഭീകരതക്ക് വളക്കൂറുള്ള മണ്ണൊരുക്കിക്കൊടുക്കുന്നത് ; അമേരിക്കയും സൗദി അറേബ്യയും" എന്നും ഐപിഎസ്സുകാരൻ പറയുന്നുണ്ട്. അമേരിക്കയുടെ കാര്യം ശരിയാണ്. എന്നാൽ സൗദിയെ അക്കൂട്ടത്തിൽ എണ്ണിയത് ഉള്ളിൽ വിദ്വേഷത്തിന്റെ കനലെരിയുന്നതുകൊണ്ട് മാത്രമാണ്. സലഫികളാണല്ലോ അവിടെ ഭരിക്കുന്നത്! സൗദിയാകട്ടെ അക്രമകാരികളായ ഹൂതികളെ തുരത്താൻ യമനിൽ ഇടപെടുകയും ചെയ്യുന്നു. ഇത് സഹിക്കാൻ ശിയാ/സ്വൂഫീ കൂട്ടുകെട്ടിന് എങ്ങനെ കഴിയും?

ഒരു ചോദ്യവും ഉത്തരവും കൂടി കാണുക:

"ആധ്യാത്മികധാരയിൽനിന്ന് ജനങ്ങൾ അകലംപാലിച്ചതുകൊണ്ടാണ് ഇത്തരം നിലപാടുകൾ നമുക്കിടയിൽ രൂപപ്പെട്ടതെന്ന് തോന്നുന്നു. ഹസ്രത്ത് നിസാമുദ്ദീൻ ഔലിയയുടെ ഖാൻഖാഹ് ഉത്തമമായ ഇന്ത്യൻ ബഹുസ്വരതയുടെ പ്രഭവകേന്ദ്രമായി മാറുന്നു?" "അത് ശരിയാണ്. സ്വൂഫികളുടെ ഖാൻഖാഹുകൾ മികച്ച മതസൗഹാർദത്തിന്റെയും ബഹുസ്വരദർശനങ്ങളുടെയും പൊതു ഇടമായിരുന്നു.."

മേൽപറഞ്ഞ ആധ്യാത്മികധാര ശിർക്ക് ഒലിച്ചിറങ്ങുന്ന ധാരയാണ്. അതിൽനിന്ന് ജനങ്ങൾ അകലംപാലിച്ചുതുടങ്ങിയത് ക്വുർആനും സുന്നത്തും മനസ്സിലാക്കിയപ്പോഴാണ്. ജാറങ്ങളെല്ലാം മതസൗഹാർദത്തിന്റെ ഇടങ്ങളാണ്. പൂമൂടലും തേങ്ങയുടക്കലും സ്ത്രീപുരുഷ കൂടിക്കലരലും സാമ്പ്രാണിത്തിരിയുടെ പുകയുമെല്ലാം നൽകുന്ന 'ആധ്യാത്മിക നിർവൃതി' നേടാൻ ജാതിമത വ്യത്യാസം മറന്ന് എല്ലാവരും എത്തുന്നുണ്ട്. ഈ ആത്മീയ നിർവൃതി പൈശാചികമാണ്; ഇസ്‌ലാമികമല്ല എന്നു മാത്രം.

മുസ്‌ലിംകളുടെ പിന്നോക്കാവസ്ഥ മാറ്റാൻ ഇയാൾ നൽകുന്ന പരിഹാരമാർഗം രസകരമാണ്: "നിങ്ങൾ കേരളത്തിൽ ശൈഖ് അബൂബക്കറിന്റെ നേതൃത്വം പരിശോധിക്കുക. അദ്ദേഹമില്ലെങ്കിൽ നിങ്ങളൂടെ നാട് ഉത്തരേന്ത്യയെക്കാൾ ഭീകരമാകുമായിരുന്നു."

ശൈഖ് അബൂബക്കർ (കാന്തപുരം) ഇല്ലെങ്കിൽ കേരളത്തിന്റെ കാര്യം ഉത്തരേന്ത്യയെക്കാൾ ഭീകരമാകുമായിയിരുന്നു എന്നത് ഈ വർഷത്തെ എറ്റവും നല്ല ഫലിതത്തിനുള്ള സമ്മാനം നേടാൻ യോഗ്യമായതാണ്. അല്ലാഹുവല്ലാത്തവരോട് പ്രാർഥിക്കാൻ ആയത്തോതിയും തിരുകേശത്തിന്റെ പേരിൽ നാടുചുറ്റിയും സമുദായത്തിന്റെ അന്തസ്സ് കെടുത്തിക്കളയാൻ ടിയാൻ ശ്രമിച്ചിട്ടും കേരള മുസ്‌ലിംകൾ തലയുയർത്തി നിൽക്കുന്നത് സലഫികളുടെ അവസരോചിതമായ ഇടപെടൽമൂലമാണ്. ഉത്തരേന്ത്യയിൽ ഇയാളെപ്പോലെയുള്ളവരാണ് ഭൂരിപക്ഷവും എന്നതിനാലാണ് അവിടെയുള്ള മുസ്‌ലിംകൾ എല്ലാ മേഖലകളിലും ഏറ്റവും അടിത്തട്ടിൽ നിൽക്കുന്നത് എന്നതാണ് വാസ്തവം. ●

# ഫാഷിസത്തെ ചെറുക്കാൻ മതനിരപേക്ഷ മൂല്യങ്ങൾ പ്രചരിപ്പിക്കണം: ഐ.എസ്.എം

മുക്കം: രാജ്യത്ത് വളർന്നു വരുന്ന ഫാഷിസത്തെ ചെറുക്കാൻ മതനിരപേക്ഷ മുല്യങ്ങളുടെ പഠനവും പ്രചാരണവും ഏറ്റെടുക്കാൻ യുവജനസമൂഹം രംഗത്തിറങ്ങണമെന്ന് ഐ.എസ്.എം സംസ്ഥാന സമിതി മുക്കത്ത് സംഘടിപ്പിച്ച സംസ്ഥാന യൂത്ത് ക്യാമ്പ് ആഹ്വാനം ചെയ്തു.

രാജ്യം ഉയർത്തിപ്പിടിക്കുന്ന മതനിരപേക്ഷ മൂല്യങ്ങളെ പിച്ചിചീന്തിയും, ന്യൂനപക്ഷ വിഭാവങ്ങളിൽ ഭീതിജനിപ്പിച്ചും വളർത്തിയെടുക്കുന്ന പുതിയ പ്രവണതകൾ രാജ്യത്ത് കടുത്ത അസംതുലിതാവസ്ഥ സൃഷ്ടിക്കുമെന്ന് ഐ.എസ്.എം അഭിപ്രായപ്പെട്ടു.

പരസ്യമായ ആക്രമണങ്ങളും കൊലപാതകങ്ങളും സംസ്ഥാനത്ത് ആവർത്തിച്ച് വരുന്നത് ആശങ്കാജമാണ്. ആശയപരമായ സംവാദങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് പകരം സംഘർഷങ്ങൾക്ക് നേതൃത്വം നൽകുന്ന അക്രമികൾക്ക് സംരക്ഷണം നൽകുന്ന സമീപനം രാഷ്ട്രീയ പ്രസ്ഥാനങ്ങൾ അവസാനിപ്പിക്കണം. ജനങ്ങളുടെ വിശ്വാസങ്ങളെ ചൂഷണം ചെയ്തും ഹനിച്ചും സമൂഹത്തിൽ നടക്കുന്ന പൗരോഹിത്യ ചൂഷണങ്ങൾക്കെതിരെ ശക്തമായ പ്രതിരോധം ഉയർന്നു വരണമെന്നും ഐ.എസ്.എം അഭിപ്രായപ്പെട്ടു.

യൂത്ത് ക്യാമ്പ് വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ സംസ്ഥാന ജനറൽ കൺവീനർ ടി.കെ അഷ്‌റഫ് ഉദ്ഘാടനം ചെയ്തു. ഐ.എസ്.എം സംസ്ഥാന പ്രസിഡന്റ് ഡോ.സി.എം സാബിർ നവാസ് അധ്യക്ഷത വഹിച്ചു. കുവൈത്ത് കേരള ഇസ്‌ലാഹി സെന്റർ സെക്രട്ടറി സി.പി അബ്ദുൽ അസീസ്, അബൂബക്കർ സലഫി, വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ സംസ്ഥാന കൺവീനർ സി.പി സലീം, ഐ.എസ്.എം സംസ്ഥാന ജനറൽ സെക്രട്ടറി കെ.സജ്ജാദ്, ഹൈദരാബാദ് ഇഫ്‌ളു യൂണിവേഴ്സിറ്റി റിസർച്ച് ഫെലോ ആഷിഖ് ശൗക്കത്ത്.പി, കെ.താജുദ്ദീൻ സ്വലാഹി, യു.മുഹമ്മദ് മദനി, പി.യു സുഹൈൽ, കെ.അബ്ദുള്ള ഫാസിൽ, റാഫി ചെമ്പ്ര, മുജീബ് ഒട്ടുമ്മൽ, ഡോ.പി.കെ മുഹമ്മദ് റഫീഖ്, ഒ.മുഹമ്മദ് അൻവർ, ഹാരിസ് കായക്കൊടി, നിഷാദ് സലഫി എന്നിവർ പ്രസംഗിച്ചു.


peaceradio
Tune to reality

## ഈ ആഴ്ചയിലെ പ്രധാന പരിപാടികൾ

**ചുവരെഴുത്ത്**
**നബി കുടുംബവും മൂന്ന് ഖലീഫമാരും**
**ശത്രുക്കളോ മിത്രങ്ങളോ**
**ഭാഗം: 2**
**അബ്ദുൽ ജബ്ബാർ മദീനി**
07.08.17 തിങ്കൾ, 8:20 PM
08.08.17 ചൊവ്വ 8:20 AM, 12:20 AM

**ആരോഗ്യ വിചാരം**
**ഓട്ടിസം; ആശങ്കകൾക്ക് വിരാമമിടാം**
**ഭാഗം: 6**
**ഡോ. സി.പി അബൂബക്കർ**
**(റിട്ട. സിവിൽ സർജൻ, ഓട്ടിസം ക്ലബ്, സംസ്ഥാന കോഡിനേറ്റർ)**
07.08.17 തിങ്കൾ 9:00 PM, 11:15 PM
08.08.17 ചൊവ്വ 10:30 AM

**ഇ.മദ്രസ**
**അഭിവാദ്യം ചെയ്യൽ**
**ജംഷീർ സ്വലാഹി**
09.08.17 ബുധൻ, 7:20 AM, 06:05 PM

**തിരുനബിയോടൊപ്പം**
**സന്ദർശനങ്ങളുടെ മഹത്വം**
**നൂറുദ്ധീൻ സ്വലാഹി**
10.08.17 വ്യാഴം, 6:35 PM, 10:40 PM

**സലഫി ദുറൂസ്**
**നുബുവ്വത്തിന്റെ തെളിവുകൾ, ഭാഗം: 66**
**അലി ﷺ വിനെക്കുറിച്ച് നബി ﷺ പ്രവചനം**
**അബൂബക്കർ സലഫി**
10.08.17 വ്യാഴം 4:30 PM, 9:30 PM, 11.08.17 വെള്ളി 9:30 PM

**ഇൻസൈറ്റ്**
**ദാനധർമം; റബ്ബിന്റെ തൃപ്തിക്ക്, ഇഖ്ബാൽ കൊല്ലം**
10.08.17 വ്യാഴം 07:05 APM, 07:00 PM,
11.08.17 വെള്ളി 02:55 PM

**സ്നേഹക്കൂട്**
**എന്റെ കുട്ടി, എന്റെ ദുഃഖങ്ങൾ ഭാഗം: 7**
**ഹാരിസ് ബിൻ സലീം, താജുദ്ധീൻ സ്വലാഹി**
11.08.17 വെള്ളി 08:20 AM
12.08.17 ശനി 12:20 AM, 08:20 AM

ഡോ. സി.എം സാബിർ നവാസ്
drsabirnavas@gmail.com

# മനോരോഗികൾ മദിക്കുന്ന മഖ്ബറകൾ

മനസ്സിനെ മരവിപ്പിച്ച വേദനാജനകമായ രണ്ട് സംഭവങ്ങൾ പുറത്ത് വന്നത് അടുത്തടുത്ത ദിവസങ്ങളിലാണ്. മലപ്പുറം ജില്ലയിലെ കൊളത്തൂരിൽ ജീവൻ തിരിച്ചു കിട്ടുമെന്ന പ്രതീക്ഷയിൽ മൃതദേഹം മാസങ്ങളോളം സൂക്ഷിച്ച സംഭവത്തിന്റെ ഞെട്ടലിൽ നിന്ന് മലയാളികൾ ഇനിയും മുക്തരായിട്ടില്ല. ഏത് നിമിഷവും ജീവൻ തിരിച്ചു കിട്ടുമെന്ന പ്രതീക്ഷയിൽ മൃതദേഹവുമായി കാത്തിരുന്ന കുടുംബത്തിന്റെ മാനസികാവസ്ഥയെ കുറിച്ച ചർച്ച സജീവമായി ഉയരുന്നതിനിടയിലാണ് കോഴിക്കോട് മടവൂർ മഖാമിലെ സ്കൂൾ വിദ്യാർഥി അബ്ദുൽ മാജിദ് ക്രൂരമായി കൊല ചെയ്യപ്പെട്ട വിവരം പുറംലോകം അറിയുന്നത്.

സംഭവത്തിന് പിന്നിൽ പ്രവർത്തിച്ചിരുന്ന വ്യക്തി മനോരോഗത്തിന് അടിമായായിരുന്നു എന്നതാണ് മഖാം അധികൃതർ പുറത്ത് വിടുന്ന ന്യായം. ഇവിടെയാണ് മനോരോഗവും മഖ്ബറ വ്യവസായവും തമ്മിലുള്ള ബന്ധം ചർച്ചക്ക് ഭവിക്കേണ്ടത്. മാനസികരോഗങ്ങൾ പലവിധമുണ്ടെങ്കിലും അക്കൂട്ടത്തിൽ ഏറ്റവും തീവ്രത കൂടിയൊ ദണ്ണം വ്യാജ ആത്മീയതയാണെന്ന് പറയാതെ വയ്യ.

മതത്തിന്റെയും ഭക്തിയുടെയും പേര് പറഞ്ഞ് പാമര ജനങ്ങളെ തീവ്രമായ മാനസികരോഗങ്ങൾക്ക് അടിമപ്പെടുത്തുകയാണ്, അന്യരുടെ ആശയും കീശയും ചൂഷണം ചെയ്ത് കൊഴുത്തു വീർക്കുന്ന ശവ കുടീര വ്യവസായികൾ. ദുർഘട ഘട്ടങ്ങളിൽ സഹായമരുളാനും പ്രതിസന്ധികളിൽ പ്രതീക്ഷ നൽകാനും പര്യാപ്തനായ പടച്ച റബ്ബിനെ കയ്യൊഴിഞ്ഞ് പടപ്പുകളുടെ പിന്നാലെ പായുന്നവർക്ക് മാനസിക സന്തുലനം നഷ്ടപ്പെടുമെന്ന തിരിച്ചറിവാണ് രണ്ട് സംഭവങ്ങളും നമ്മെ ബോധ്യപ്പെടുത്തുന്നത്.

മരിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും ദുർഗന്ധം വമിച്ച് വീടും പരിസരം ചീഞ്ഞളിഞ്ഞിട്ടും മൃതദേഹത്തെ അനാദരിച്ച് പ്രാർഥനയും പൂജയുമായി കഴിഞ്ഞ് കൂടിയ കുടുംബം ഉദ്ബുദ്ധമെന്ന് അവകാശപ്പെടുന്ന നമ്മുടെ സമൂഹത്തെ തുറിച്ച് നോക്കുന്ന ചോദ്യചിഹ്നങ്ങളാണ്. മൃതദേഹം മാന്യമായി സംസ്കരിച്ച് അന്ത്യ കർമങ്ങൾ നിർവഹിച്ച് നല്ല നിലയിൽ ജീവിതം തുടർന്നാൽ പരലോകത്ത് ജീവിതം തിരിച്ചു കിട്ടുമെന്ന് പ്രതീക്ഷിക്കേണ്ടതിന് പകരം മഖ്ബറകളിൽ നിന്ന് കിട്ടിയ വ്യാജ സന്ദേശമാണ് ഈ കുടുംബത്തെ കേരളത്തിന്റെ കണ്ണീരാക്കി മാറ്റിയത്.

കേരളത്തിനകത്തും പുറത്തുമുള്ള മഖ്ബറകളിലേക്ക് ജനങ്ങളെ ആകർഷിച്ച് വൻതോതിൽ വ്യവസായം വിപുലീകരിക്കുന്ന കള്ളനാണയങ്ങളെ തിരിച്ചറിയാൻ കഴിഞ്ഞില്ലെങ്കിൽ മാനസികരോഗികളുടെ വർധിതമായ ജനസംഖ്യ കൊണ്ട് ഉൽബുദ്ധ കേരളം വീർപ്പുമുട്ടേണ്ടി വരും. സിയാറത്ത് ടൂർ എന്ന് ഓമനപ്പേരിട്ട് ജാറത്തിൽ കള്ളക്കറാമത്ത് കഥകൾ പ്രചരിപ്പിച്ച് സാധാരണക്കാരുടെ വിശ്വാസവും ജീവിതവും കവർന്നെടുക്കുന്ന മതമുതലാളിമാരെ ഒറ്റപ്പെടുത്താൻ കക്ഷി ഭേദങ്ങൾക്കതീതമായ പരിഹാര ശ്രമങ്ങൾ രൂപപ്പെടേണ്ടതുണ്ട്.



# അവതരിപ്പിക്കുന്നു, കൂടുതൽ പുതുമകളോടെ...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി
പീസ് റേഡിയോ മൊബൈൽ ആപ്പ് വിജയകരമായ 2ാം വർഷത്തിലേക്ക്



ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio
Tune to reality

Scan QR Code

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio | Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com | radiopeace | peaceradionow | +91 9544795099

RNI NO: KERMAL 2015/64152
Posting at RMS Calicut

Nerpatham Weekly
Published on 05 August 2017

Reg NO: KL/CT/225/2016-18
Price: ₹10/-

WISDOM
GLOBAL ISLAMIC MISSION

# ALCHEMY

## Arts and Science Students CONFERENCE

## KOZHIKODE

2017 AUGUST 25, 26

EMPOWER
campus chapter

MSM KERALA, EKP Complex, Kallai Road, Calicut 02
Contact: +91 81568 12292, 99959 81556
www.msmkerala.co.in